2026 മാർച്ച്, ലക്കം 01

www.kssp.in, wiki.kssp.in,
www.luca.co.in, parishadvartha.in
www.facebook.com/ksspexecutive
parishadvartha@gmail.com

# പരിഷദ് വാർത്ത

**ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്**

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരണം



ജനറൽ സെക്രട്ടറിയുടെ കത്ത്

# വാർഷികത്തിൽനിന്ന് പ്രവർത്തനത്തിലേക്ക്

പ്രിയ സുഹൃത്തുക്കളേ,

നമ്മുടെ സംഘടനയുടെ 63-ാം വാർഷികം 2026 ഫെബ്രുവരി 28, മാർച്ച് 1 തീയതികളിലായി ഇടുക്കി ജില്ലയിലെ അടിമാലിയിൽ നടന്നു. ഭൂമിശാസ്ത്രപരമായും സംഘടനാപരമായും ഒട്ടേറെ പരിമിതികളുള്ള ഇടുക്കിജില്ല അതെല്ലാം മറികടന്ന് മാതൃകാപരമായാണ് വാർഷിക സംഘാടനം നടത്തിയത്. ഇടുക്കി ജില്ലയിലെ മതേതര ജനാധിപത്യ സാമൂഹിക, സർവീസ് സംഘടനകളെയെല്ലാം വാർഷികത്തിൽ പങ്കാളിയാക്കാൻ സംഘാടകസമിതിക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശ്ലാഘനീയമാണ്. സംഘടനയുടെ മുന്നോട്ടുള്ള യാത്രയ്ക്ക് ദിശാബോധം നൽകുന്ന ഒട്ടേറെ ചർച്ചകളും തീരുമാനങ്ങളുമായി ആവേശത്തോടെയാണ് വാർഷികം സമാപിച്ചത്. ഇനി അതിന്റെ തുടർച്ചയായ പ്രവർത്തനങ്ങളിലേക്ക് നമ്മൾ കടക്കുകയാണ്.

സംഘടന രൂപവൽക്കൃതമായ സമയത്തെ സാമൂഹിക സാഹചര്യങ്ങളല്ല ഇന്ന് നിലനിൽക്കുന്നത്. വിപണിയുടെ സാങ്കേതിക ആശയസംഹിതയും ജാതി-മത സാംസ്കാരിക രാഷ്ട്രീയവും ചേർന്നുള്ള സാമൂഹികപരിസരത്തിലാണ് പരിഷത്തിന് ഇന്ന് പ്രവർത്തിക്കേണ്ടത്. ഇത്തരമൊരു സാഹചര്യത്തിൽ ശാസ്ത്രപ്രചാരകരായും പ്രതിരോധപ്രവർത്തകരായുമുള്ള ബഹുമുഖ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ട ഉത്തരവാദിത്വം എല്ലാ പരിഷത്ത്പ്രവർത്തകർക്കുമുണ്ട്. അതോടൊപ്പംതന്നെ, സ്വയം നവീകരിക്കാനും പുതിയ അറിവുകൾ സ്വാംശീകരിക്കാനും അതിനനുസരിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുക്കാനും പരിഷത്ത് പ്രവർത്തകർ സജ്ജരാകേണ്ടതുമുണ്ട്. ആശയതലത്തിലും പ്രയോഗതലത്തിലും പോരാടാനുള്ള പ്രാപ്തി വർധിപ്പിച്ചുകൊണ്ടുമാത്രമേ ഇനി മുന്നോട്ടുപോകാനാകൂ.

കോർപ്പറേറ്റ് കമ്പോളശക്തികളുടെയും ജാതി-മത-വർഗീയശക്തികളുടെയും ആക്രമണങ്ങളെ നേരിടാൻ ശേഷിയുള്ള ശാസ്ത്രപ്രചാരകരുടെ ഒരു പുതിയ തലമുറ വളർന്നുവരേണ്ടതുണ്ട്. ഇവിടെയാണ് നമ്മുടെ ബാലവേദികളുടെയും യുവസമിതികളുടെയും പ്രസക്തി. ഈ അവധിക്കാലം ഇത്തരം പ്രവർത്തനങ്ങൾക്ക് ഊന്നൽകൊടുക്കാൻ നമുക്കാവണം. ഇതിലൂടെ ശാസ്ത്രബോധത്തിലൂന്നിയ സർഗാത്മകപ്രവർത്തനങ്ങളും നേതൃശേഷിയും ബോധപൂർവം വളർത്തിക്കൊണ്ടുവരാനാകണം.

ഏപ്രിൽ-മെയ് മാസം അംഗത്വപ്രവർത്തനത്തിന്റെ സമയമാണല്ലോ. മേൽ സൂചിപ്പിച്ചതുപോലെ ശാസ്ത്രപ്രചാരകരാകാൻ സന്നദ്ധരായ, ജനാധിപത്യ വികസനപ്രക്രിയയിൽ പങ്കാളികളാകാൻ കഴിയുന്ന മുഴുവനാളുകളെയും സംഘടനയുടെ അംഗത്വത്തിലേക്ക് കൊണ്ടുവരണം. അതുപോലെ പ്രധാനമാണ്, ജനസംഖ്യയിൽ അമ്പതു ശതമാനത്തിലേറെയുള്ള വനിതകളെയും സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടവരെയും സംഘടനയുടെ ഭാഗമാക്കുകയെന്നതും. സംഘടനയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിൽ അംഗത്വത്തിനും വലിയ പ്രാധാന്യമുണ്ട്.

സംഘടനയെ സമൂഹവുമായി ബന്ധിപ്പിക്കുന്ന രാസത്വരകമായി പ്രവർത്തിക്കുന്നത് നമ്മുടെ മൂന്ന് മാസികകളും പ്രസിദ്ധീകരണങ്ങളുമാണ്. ശാസ്ത്രഗതി പ്രസിദ്ധീകരണമാരംഭിച്ചിട്ട് അറുപതുവർഷം പൂർത്തിയാവുകയാണ്. അംഗത്വപ്രവർത്തനത്തോടൊപ്പം ഓരോ പരിഷത്ത് കുടുംബത്തിലും ഒരു ശാസ്ത്രഗതിയെന്ന ലക്ഷ്യത്തിലെത്താൻ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണം. അതോടൊപ്പം യുറീക്ക, ശാസ്ത്രകേരളം മാസികകളുടെ പ്രചാരണവും ഊർജിതമാക്കണം.

സാർവദേശീയതയും മാനവികതയും ഉയർത്തിപ്പിടിക്കുകയും നിലവിൽ ആർജിച്ചിട്ടുള്ള ശാസ്ത്രവിജ്ഞാനം പൊതുസമൂഹത്തിന് ഉപയുക്തമാകണമെന്ന് അംഗീകരിക്കുകയും ചെയ്തിട്ടുള്ള പരിഷത്തിന്, അമേരിക്കയും ഇസ്രയേലും പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നടത്തുന്ന ഹിംസാത്മകമായ ആക്രമണത്തിനുനേരെ കണ്ണടച്ചിരിക്കാനാവില്ല. സാമ്രാജ്യത്വശക്തികളുടെ മാനവവിരുദ്ധമായ നടപടികളുടെ പ്രതിഫലനം നമ്മുടെ വീട്ടകങ്ങളെവരെ ബാധിച്ചിരിക്കുകയാണ്. യുദ്ധത്തിന്റെ കെടുതികളും ശാസ്ത്രവിരുദ്ധതയും തുറന്നുകാട്ടുന്ന സംവാദങ്ങളും യുദ്ധവിരുദ്ധ കൂട്ടായ്മകളും ഇതോടൊപ്പം സംഘടിപ്പിക്കണം.

അടിമാലിയിൽനിന്നും നമ്മൾ പിരിയുമ്പോൾ ഒട്ടേറെ ഭാവിപ്രവർത്തനങ്ങൾക്ക് രൂപംകൊടുത്തിരുന്നു. അതെല്ലാംതന്നെ, ഇന്ന് സമൂഹത്തെയാകെ ഗ്രസിച്ചിരിക്കുന്ന ശാസ്ത്രവിരുദ്ധതയ്ക്കും വലതുപക്ഷ ജനാധിപത്യവിരുദ്ധശക്തികൾക്കും എതിരെയുള്ള ആശയപരമായ പോരാട്ടത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങളാണ്. ഇത്തരം പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കണമെങ്കിൽ നിരന്തരമായ പഠനവും ആശയവ്യക്തതയും ആവശ്യമാണ്. മുമ്പോട്ടുള്ള നമ്മുടെ ഓരോ ചുവടും അതിനായുള്ള അധ്വാനമാകട്ടെ.

അഭിവാദനങ്ങളോടെ,

**വി മനോജ്കുമാർ**
ജനറൽസെക്രട്ടറി




# 63-ാം വാർഷികത്തിന് ആവേശോജ്വലമായ സമാപനം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് അറുപത്തിമൂന്നാം സംസ്ഥാനവാർഷികം 2026 ഫെബ്രുവരി 28 ശനി, മാർച്ച് 1 ഞായർ ദിവസങ്ങളിലായി ഇടുക്കി ജില്ലയിലെ അടിമാലി ഗവ. ഹൈസ്കൂളിൽ നടന്നു. ഫെബ്രുവരി 28ന് രാവിലെ 9.45ന് സ്വാഗതഗാനാലാപനത്തോടെയാണ് വാർഷികപരിപാടികൾ ആരംഭിച്ചത്. ടി എൻ മണിലാൽ രചിച്ച്, ജി എച്ച് എസ് അടിമാലിയിലെ സംഗീത അധ്യാപിക അനിത എം വി ചിട്ടപ്പെടുത്തിയ സ്വാഗതഗാനം സോണിയ, പ്രിയ, സൂൺബെന്നി, അക്ഷര, ഡോൺ ബിജോ, ഡിയോൺ ലിജോ എന്നിവർ ആലപിച്ചു. സ്വാഗതസംഘം ചെയർപേഴ്സണും ദേവികുളം എം എൽ എയുമായ അഡ്വ. എ രാജ സ്വാഗതം പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് ടി കെ മീരാഭായ് അധ്യക്ഷത വഹിച്ചു. ന്യൂഡൽഹിയിലെ സെന്റർ ഫോർ ദി സ്റ്റഡി ഓഫ് ഡവലപ്മെന്റ് സൊസൈറ്റിയിലെ പ്രൊഫസർ ഡോ. അനന്യ വാജ്പേയ് ഉദ്ഘാടനം നിർവഹിച്ചു.

ബഹുസ്വരസംസ്കാരം ഉൾക്കൊള്ളുന്ന ഇന്ത്യയുടെ അടിസ്ഥാനസ്വാതന്ത്ര്യം അട്ടിമറിക്കപ്പെടുന്നുവെന്ന ഗുരുതരമായ വെല്ലുവിളിയെ, വ്യക്തമായ തെളിവുകൾ അവതരിപ്പിച്ചുകൊണ്ടായിരുന്നു ഉദ്ഘാടനപ്രഭാഷണം. 'ഹിന്ദുത്വദേശീയതയുടെ വളർച്ചയും സമകാലിക ഇന്ത്യയുടെ സാമൂഹികഘടനയിൽ ചെലുത്തുന്ന സ്വാധീനവും' എന്ന വിഷയത്തിലാണ് ഡോ. അനന്യ വാജ്പേയ് പ്രഭാഷണം നടത്തിയത്. "ഇന്ത്യയിൽ ഇന്നും എവിടെയും എല്ലാ വിഭാഗങ്ങളും ഒത്തുചേരുന്നു. മത-ഭാഷ-വസ്ത്ര-ഭക്ഷണ വൈവിധ്യം നിലനിർത്തിക്കൊണ്ടുതന്നെ വ്യത്യസ്ത മതവിഭാഗങ്ങൾ ഒത്തുചേരുന്നു. സംഗീതം, ഭക്തി, സാഹിത്യം, ഭാഷ എന്നിവ പങ്കുവച്ചു ജീവിക്കുന്നു. എന്നാൽ, ഈ ബഹുസ്വരത ഇനി നിലനിൽക്കുമോ? ഇന്ന് വളർന്നുവരുന്ന തീവ്ര വലതുപക്ഷ ഹിന്ദുത്വ ദേശീയവാദം ഈ ബഹുസ്വരതയെ അട്ടിമറിക്കുന്നു. മതേതര ഇന്ത്യയെ ഇല്ലാതാക്കി വെറുപ്പിന്റെ ഇന്ത്യ രൂപപ്പെടുന്നു. ഇതിനെതിരെ ശക്തമായ ജനകീയപ്രതിരോധനിര തീർക്കാൻ ജനകീയഐക്യം രൂപപ്പെടണം," അവർ അഭിപ്രായപ്പെട്ടു. സ്വാഗതസംഘം കൺവീനർ വി വി ഷാജി ഉദ്ഘാടനസെഷന് നന്ദി അറിയിച്ചു.

പ്രതിനിധിസമ്മേളനത്തിന് പരിഷത്ത് മധ്യമേഖലാ സെക്രട്ടറി പി അരവിന്ദാക്ഷൻ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ടി കെ മീരാഭായ് അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. പി യു മൈത്രി പ്രവർത്തനവർഷം വിട്ടുപിരിഞ്ഞ പ്രവർത്തകരെ അനുസ്മരിച്ചു. പ്രസിഡന്റിന്റെ ആമുഖാവതരണത്തെത്തുടർന്ന് പരിഷത്ത് പ്രസിദ്ധീകരിച്ച നാല് പുതിയ പുസ്തകങ്ങളുടെ പ്രകാശനം നടന്നു. പ്രകാശനത്തിന്റെ ആമുഖമായി പ്രൊഫ. ടി പി കുഞ്ഞിക്കണ്ണൻ സംസാരിച്ചു. ഡോ. കെ വിജയകുമാർ രചിച്ച വയോജന പരിപാലനം: ശാസ്ത്രം, സമൂഹം, ടി കെ ദേവരാജൻ എഡിറ്റു ചെയ്ത പുതുലോക ശാസ്ത്രചിന്തകൾ, ശാസ്ത്രഗതി പുസ്തകപരമ്പരയിലെ ഒന്നാമത്തെ പുസ്തകമായ ജീവിതശൈലീരോഗങ്ങൾ: അറിവും പ്രതിരോധവും (എഡി. സന്തോഷ് ഏറത്ത്), പരമ്പരയിലെ രണ്ടാമത്തെ പുസ്തകമായ പ്രാദേശിക സർക്കാർ പുതിയ സാധ്യതകൾ (എഡി. ഡോ. അജയ്കുമാർ വർമ്മ, സന്തോഷ് ഏറത്ത്) എന്നീ പുസ്തകങ്ങളുടെ പ്രകാശനം ടി കെ മീരാഭായ് നിർവഹിച്ചു. പി സി രാജേന്ദ്രൻ, നിഖില, വി വി ദിനേശൻ, ഹരികൃഷ്ണൻ എന്നിവർ യഥാക്രമം പുസ്ത



കങ്ങൾ ഏറ്റുവാങ്ങി. ജനറൽസെക്രട്ടറി പി വി ദിവാകരൻ പ്രവർത്തനറിപ്പോർട്ടും ട്രഷറർ കെ വിനോദ് കുമാർ വരവു-ചെലവുകണക്കും അവതരിപ്പിച്ചു. ഓഡിറ്റ് റിപ്പോർട്ട് പി വിജിത അവതരിപ്പിച്ചു. ട്രഷറർ ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള വിശദീകരണം നൽകി.

ഡോ. സി രാമകൃഷ്ണൻ സംഘടനാരേഖ അവതരിപ്പിച്ചു. സംഘടനാരേഖ ചർച്ചയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അഡ്വ. വി കെ നന്ദനൻ അവതരിപ്പിച്ചു. ഇടുക്കിയിലെ ഡാമുകളുടെ പേരിലായിരുന്നു ഗ്രൂപ്പുകൾ. ഗ്രൂപ്പുകൾ അറിയാൻ പ്രതിനിധികൾക്കുള്ള ബാഡ്ജിൽ ക്യൂ ആർ കോഡ് സ്കാൻചെയ്യുന്ന രീതിയാണ് അവലംബിച്ചത്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ബൈലോ ഭേദഗതി പ്രസിഡന്റ് ടി കെ മീരാഭായ് വായിച്ച് അവതരിപ്പിച്ചത് സംസ്ഥാന കൗൺസിൽ ഐകകണ്ഠ്യേന അംഗീകരിച്ചു.

അമേരിക്കയും ഇസ്രയേലും ഇറാന്റെ മേൽ പൊടുന്നനെ യുദ്ധം ആരംഭിച്ച് പശ്ചിമേഷ്യൻ രാജ്യങ്ങളിൽ യുദ്ധാന്തരീക്ഷം സൃഷ്ടിച്ച പൈശാചികമായ



പ്രവൃത്തിയ്ക്കെതിരെ യുദ്ധവിരുദ്ധറാലി സംഘടിപ്പിച്ചു. സമ്മേളനസ്ഥലത്തുനിന്നും അടിമാലി ടൗണിലേക്ക് നടത്തിയ റാലിയെ അഭിസംബോധന ചെയ്തുകൊണ്ട് പ്രൊഫ. ടി പി കുഞ്ഞിക്കണ്ണൻ സംസാരിച്ചു.

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി നടത്തേണ്ട ജനസംവാദസദസ്സുകളെയും, കലാജാഥയുടെ അവതരണത്തെയും കുറിച്ച് ജോജി കൂട്ടുമ്മേൽ സംസാരിച്ചു.

രണ്ടാംദിവസം രാവിലെ 8.45ന് പി ടി ബി അനുസ്മരണ പ്രഭാഷണം ആരംഭിച്ചു. ഇടുക്കി ജില്ലാസെക്രട്ടറി കെ എൻ രാധാകൃഷ്ണൻ സ്വാഗതം പറഞ്ഞു. അധ്യക്ഷൻ വൈസ് പ്രസിഡന്റ് ജി സ്റ്റാലിൻ പി ടി ബിയെ അനുസ്മരിച്ചുകൊണ്ട് അധ്യക്ഷപ്രസംഗം നടത്തി. IISER ലെ അധ്യാപകനും ശാസ്ത്രജ്ഞനുമായ പ്രൊഫ. കാന എം സുരേശൻ സ്മാരകപ്രഭാഷണം നടത്തി. ഉന്നതവിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തിക്കൊണ്ടാണ് സ്മാരകപ്രഭാഷണം നടത്തിയത്. പ്രസിഡന്റ് ഉപഹാരം നൽകി കാന സുരേശനെ ആദരിച്ചു.

2025-ലെ ശാസ്ത്രഗതി ശാസ്ത്രകഥാമത്സരത്തിനുള്ള സമ്മാനദാനം നടന്നു. ശാസ്ത്രഗതി എഡിറ്റർ ഡോ. അജയ്കുമാർ വർമ്മ ആമുഖ അവതരണം നടത്തി. ഡോ. കാവുമ്പായി ബാലകൃഷ്ണൻ ശാസ്ത്രകഥാമത്സര സമ്മാനാർഹരെ പ്രഖ്യാപിച്ചു. ശാസ്ത്രഗതി അസോസിയേറ്റ് എഡിറ്റർ സന്തോഷ് ഏറത്ത് കഥാമത്സര തിരഞ്ഞെടുപ്പിനെക്കുറിച്ച് വിശദീകരിച്ചു.



പ്രസിഡന്റ് ടി കെ മീരാഭായ് സമ്മാനദാനം നിർവഹിച്ചു.

ഒന്നാംസമ്മാനം ടി വി വിനീഷ്, വയനാട് (കഥ-ബ്രെയ്ൻ റോട്ട്), രണ്ടാംസമ്മാനം ആനിഷ് ഓബ്റിൻ, എറണാകുളം (കഥ-മിഷൻ ബ്ലാക്ക് മൺസൂൺ), മൂന്നാംസമ്മാനം സൂരജ് മാടമ്പി, പാലക്കാട് (കഥ-യന്ത്രവിചാരണ) എന്നിവരാണ് സമ്മാനാർഹർ. യഥാക്രമം 10,000, 5,000, 3000 രൂപയുടെ അവാർഡും ഫലകവും പ്രശസ്തിപത്രവും വിജയികൾക്ക് നൽകി. ഇതിനോടൊപ്പം ഏറ്റവും കൂടുതൽ മാസിക ചേർത്തവർക്കുള്ള സമ്മാനം മാസിക മാനേജിങ് എഡിറ്റർ പി എം വിനോദ്കുമാർ പ്രഖ്യാപിച്ചു.

കാസർഗോഡ്, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, കോഴിക്കോട്-പേരാമ്പ്ര, കുന്നുമ്മൽ, നാദാപുരം, ചോളന്നൂർ, കോഴിക്കോട്, കണ്ണൂർ-പേരാവൂർ, കൂടാളി, എറണാകുളം-പെരുമ്പാവൂർ, മുളംതുരുത്തി, എറണാകുളം. തൃശ്ശൂർ-കോലഴി, കുന്ദംകുളം, പാലക്കാട്-കൊല്ലങ്കോട്, മലപ്പുറം-തിരൂരങ്ങാടി എന്നീ മേഖലകൾക്കാണ് സർട്ടിഫിക്കറ്റ് സമ്മാനമായി നൽകിയത്. സമ്മേളനത്തിന്റെ ഭാഗമായി 120 മാസിക ചേർത്ത അഡ്വ. കെ പി രവിപ്രകാശിനെയും 350 മാസിക ചേർത്ത കോഴിക്കോട് ജില്ലയെയും അഭിനന്ദിച്ചു. സംഘാടകസമിതി തയ്യാറാക്കിയ 'സഹ്യസന്ദേശം' സപ്ലിമെന്റ് സമ്മേളനവേദിയിൽ കെ ടി രാധാകൃഷ്ണൻ പ്രകാശനം ചെയ്തു.

റിപ്പോർട്ട് ചർച്ചയ്ക്കുള്ള വിശദീകരണം ജനറൽ സെക്രട്ടറി അവതരിപ്പിച്ചു. സാമ്പത്തികചർച്ചയ്ക്കുള്ള വിശദീകരണം ട്രഷററും നൽകി. വിശദീകരണങ്ങളെത്തുടർന്ന്, 2025-26 വർഷത്തെ പ്രവർത്തനറിപ്പോർട്ടും വരവുചെലവ് കണക്കും കൗൺസിൽ അംഗീകരിച്ചു.

സംഘടനാരേഖാ ചർച്ചകളുടെ ക്രോഡീകരണം ഡോ. സി രാമകൃഷ്ണൻ നടത്തി. ഭാവിപ്രവർത്തനങ്ങൾക്ക് ഒരാമുഖവും ആസന്ന ഭാവിപ്രവർത്തനങ്ങളും വി മനോജ്കുമാർ അവതരിപ്പിച്ചു. ജില്ലാടിസ്ഥാനത്തിൽ ഗ്രൂപ്പുതിരിഞ്ഞ്, വരുന്ന മൂന്നുമാസത്തേയ്







പ്രസിഡന്റ്   ജനറൽ സെക്രട്ടറി   ട്രഷറർ

ക്കുള്ള ഭാവിപ്രവർത്തന പരിപാടികൾ ചർച്ചചെയ്ത്, പ്രവർത്തന കലണ്ടർ തയ്യാറാക്കി റിപ്പോർട്ടുകൾ സമർപ്പിച്ചു.

2026-27 വർഷത്തേയ്ക്കുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് നടന്നു. പ്രസിഡന്റ് വരണാധികാരിയായി. ജനറൽ സെക്രട്ടറി പാനൽ നിർദേശം അവതരിപ്പിച്ചു. അടുത്ത പ്രവർത്തനവർഷത്തേക്കുള്ള 51 അംഗ നിർവാഹകസമിതി, ഭാരവാഹികൾ, വിഷയസമിതികൾ, ഉപസമിതികൾ എന്നിവയുടെ കൺവീനർമാർ, ചെയർപേഴ്സൺമാർ എന്നിവരുടെ പേരുകൾ അവതരിപ്പിച്ചത് കൗൺസിൽ ഐകകണ്ഠ്യേന അംഗീകരിച്ചു.

ഇന്റേണൽ ഓഡിറ്റർമാരായി വിജിന വി-കണ്ണൂർ, പ്രദോഷ് കുനിശ്ശേരി-പാലക്കാട് എന്നിവരെ തിരഞ്ഞെടുത്തു. തുടർന്ന് യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി, ലൂക്ക എന്നിവയുടെ പത്രാധിപസമിതി, പ്രസിദ്ധീകരണസമിതി എന്നിവയുടെ നിർദേശം കൗൺസിൽ അംഗീകരിച്ചു. 51 അംഗ നിർവാഹകസമിതിയെയും 14 ജില്ലാസെക്രട്ടറിമാരെയും വിഷയസമിതി ചെയർമാൻമാരെയും ജനറൽ കൗൺസിലിന് മുമ്പിൽ പരിചയപ്പെടുത്തി. സ്വാഗതസംഘത്തെ പരിചയപ്പെടുത്തൽ കെ എൻ രാധാകൃഷ്ണൻ നടത്തി. ഉത്തരമേഖലാ സെക്രട്ടറി യമുന എസ് സ്വാഗതസംഘത്തിന് നന്ദി അറിയിച്ചു.

പുതിയ പ്രസിഡന്റ് ഡോ. സി രാമകൃഷ്ണൻ, പുതിയ ജനറൽ സെക്രട്ടറി വി മനോജ്കുമാർ, സ്ഥാനമൊഴിയുന്ന ജനറൽ സെക്രട്ടറി പി വി ദിവാകരൻ, പ്രസിഡന്റ് ടി കെ മീരാഭായ് എന്നിവർ കൗൺസിലിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. തൃശ്ശൂർ ജില്ലയിലെ ശിനിഷ എ കെ സമ്മേളനത്തെ വിലയിരുത്തി സംസാരിച്ചു.

2026-27ലെ സംസ്ഥാനവാർഷികം മലപ്പുറം ജില്ല ഏറ്റെടുത്തു. പ്രസിഡന്റ് ഡോ. സി രാമകൃഷ്ണൻ 63-ാം വാർഷികസമ്മേളന പ്രഖ്യാപനം നടത്തി. സി പി സുരേഷ് ബാബുവിന്റെ നേതൃത്വത്തിൽ കൂട്ടപ്പാട്ടോടുകൂടി സമ്മേളനം സമാപിച്ചു. ■



## സമ്മേളനം തിരഞ്ഞെടുത്ത നിർവാഹകസമിതി അംഗങ്ങൾ:

1. **ഡോ. സി രാമകൃഷ്ണൻ** - പ്രസിഡന്റ്
2. **ഡോ. സി ജോർജ് തോമസ്** - വൈസ് പ്രസിഡന്റ്
3. **എം എൻ പുഷ്പലത** - വൈസ് പ്രസിഡന്റ്
4. **മനോജ്കുമാർ വി** - ജനറൽ സെക്രട്ടറി
5. **അഡ്വ. വി കെ നന്ദനൻ** - ദക്ഷിണമേഖലാ സെക്രട്ടറി
6. **യമുന എസ്** - വടക്കൻ മേഖലാ സെക്രട്ടറി
7. **ജിസ്സ് ജോസഫ്** - മധ്യമേഖലാ സെക്രട്ടറി
8. **കെ വിനോദ്കുമാർ** - ട്രഷറർ
9. ഡോ. ബ്രിജേഷ് വി കെ
10. ഡോ. എം വി ഗംഗാധരൻ
11. അനിൽ കുമാർ എം പി
12. എം ഹരീഷ് കുമാർ
13. പി പി ബാബു
14. ഡോ. രാമചന്ദ്രൻ
15. പി എ തങ്കച്ചൻ
16. റിസ്വാൻ സി
17. പി ഗോപകുമാർ
18. റസീന എൻ ആർ
19. ജോജി കൂട്ടുമ്മേൽ
20. ടി കെ മീരാഭായ്
21. അഭിജിത്ത് കെ എ
22. ലില്ലി കർത്താ
23. പി വി ദിവാകരൻ
24. ഡോ. പി യു മൈത്രി
25. പി അരവിന്ദാക്ഷൻ
26. രമേഷ് കുമാർ പി
27. ടി ലിസ്സി
28. വിലാസിനി ഇ
29. എം ദിവാകരൻ
30. ബി രമേശ്
31. എൽ ഷൈലജ
32. എസ് ജയകുമാർ
33. സുധീർ കെ എസ്
34. ജൂന പി എസ്
35. ഡോ. രതീഷ് കൃഷ്ണൻ
36. ഡോ. അഭിലാഷ് എസ്
37. ഡോ. ജയന്തി എസ് പണിക്കർ
38. ഡോ. മുബാറക് സാനി
39. കെ രമേഷ് ചന്ദ്രൻ
40. ശാന്തിദേവി കെ ആർ
41. പ്രസാദ് കെ
42. ഡോ. ജയചന്ദ്രൻ വി എൻ
43. ഡോ. ആർ അജയ്കുമാർ വർമ്മ
44. പി പി രാജൻ
45. ധന്യ റാം
46. അഡ്വ. കെ പി രവിപ്രകാശ്
47. ടി എൻ മണിലാൽ
48. ഡോ. ടി പ്രദീപ്
49. വിജു കെ
50. വിനോദ് കുമാർ പി എം
51. അരുൺ രവി

# വാർഷികം അംഗീകരിച്ച പ്രമേയങ്ങൾ

### 1: ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് കാര്യക്ഷമമായി നടപ്പിലാക്കണം

2019-ൽ പാർലമെന്റ് പാസാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കേരള നിയമസഭ 2018-ൽ പാസാക്കി. ആരോഗ്യ, ചികിത്സാസ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പിക്കാൻ സഹായിക്കുന്ന നിയമമാണിത്. ഇതുപ്രകാരം ചികിത്സ/പരിശോധന നടത്തുന്ന സ്ഥാപനങ്ങൾ, അവർ നൽകുന്ന സൗകര്യങ്ങൾ, യോഗ്യതയുള്ള ജീവനക്കാർ, നൽകുന്ന സേവനങ്ങൾ, ഈടാക്കുന്ന ഫീസുകൾ തുടങ്ങിയ വിവരങ്ങൾ സുതാര്യമാക്കി ലഭ്യമാക്കുകയും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പാക്കുന്ന ജില്ലാ മെഡിക്കൽ കൗൺസിലിനുമുമ്പിൽ പരിശോധനയ്ക്ക് നൽകുകയും വേണം. മേല്പറഞ്ഞ എല്ലാ വിവരങ്ങളും വെളിപ്പെടുത്തിക്കൊണ്ടുള്ള രജിസ്ട്രേഷൻ നിർബന്ധമാണ്. ചികിത്സാസേവനങ്ങളും അതിന് ഈടാക്കുന്ന ഫീസ് നിരക്കും ഉൾപ്പെടെ സുപ്രധാനവിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാനും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. മാത്രമല്ല, അടിയന്തരഘട്ടങ്ങളിൽ രോഗികൾക്ക് അത്യാവശ്യ ചികിത്സലഭ്യമാക്കാൻ സർക്കാർ, സ്വകാര്യ ചികിത്സാസ്ഥാപനങ്ങൾക്ക് ബാധ്യതയുണ്ട്. അടിയന്തരഘട്ടങ്ങളിൽ ജീവൻരക്ഷാ ചികിത്സകൾ നൽകുകയും തൊട്ടടുത്ത റഫറൽ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്. പ്രസ്തുത കാര്യങ്ങളിൽ ഒരു വിവേചനവും പാടില്ലായെന്നും നിയമം അനുശാസിക്കുന്നു.

കൺസൾട്ടേഷൻ മാത്രം നടത്തുന്ന സ്ഥാപനങ്ങളൊഴിച്ച് മറ്റെല്ലാ ആരോഗ്യസ്ഥാപനങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. 30 ബെഡിൽ താഴെ മാത്രം കിടത്തിച്ചികിത്സാ സൗകര്യമുള്ള ചെറിയ ആശുപത്രികൾക്ക് കേരളത്തിലെ സാഹചര്യങ്ങൾ പരിഗണിച്ച് ആവശ്യമായ ഇളവുകൾ നൽകണമെന്ന ആവശ്യം സംസ്ഥാനസർക്കാരിനും ആക്ട് നടപ്പാക്കുന്ന സംസ്ഥാനകൗൺസിലിനും പരിഗണിക്കാവുന്നതാണ്. കൗൺസിലിന്റെ അടുത്തയോഗത്തിൽത്തന്നെ ഉചിതമായ തീരുമാനങ്ങളെടുക്കാൻ സാധ്യവുമാണ്.

ലാഭം മാത്രം അടിസ്ഥാനമാക്കി, ബഹുരാഷ്ട്രകുത്തകകൾ കേരളത്തിൽ സ്വകാര്യമേഖല ആരോഗ്യരംഗം കൈയ്യടക്കുന്നകാലത്ത് രോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും, ചികിത്സാസ്ഥാപനങ്ങൾ നിയമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താനും സുതാര്യത ഉറപ്പിക്കാനും പൊതു ഏജൻസിയുടെ ഫലപ്രദമായ പരിശോധനയും നിയന്ത്രണങ്ങളും ആവശ്യമാണ്. നിലവിലെ നിയമത്തിൽ, ആശുപത്രികൾ നിശ്ചയിക്കുന്ന ചികിത്സാഫീസാണ് പ്രദർശിപ്പിക്കാൻ നിർദേശിച്ചിട്ടുള്ളത്. എന്നാൽ, വിവിധ ഇൻഷറൻസ് ഏജൻസികൾ ഓരോ ചികിത്സയ്ക്കുമായി നിശ്ചയിച്ചിട്ടുള്ള ഗവ. അംഗീകൃത നിരക്കുകൾകൂടി പ്രദർശിപ്പിക്കുവാൻ ആക്ടിൽ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. മേൽ വിശദമാക്കിയ വിഷയങ്ങൾകൂടി ഉൾപ്പെടുത്തി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ 63-ാംസംസ്ഥാനവാർഷികം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

### 2: പൊതു ആരോഗ്യരക്ഷാസംവിധാനങ്ങളെ അപകീർത്തിപ്പെടുത്താനുള്ള പ്രചാരണങ്ങൾക്കെതിരെ ജാഗ്രത പാലിക്കുക

ആരോഗ്യരംഗത്ത് കേരളത്തിന്റെ അഭിമാനകരമായ നേട്ടങ്ങൾക്ക് അടിസ്ഥാനം സംസ്ഥാനത്തെ സർക്കാർ പൊതു ആരോഗ്യരക്ഷാസംവിധാനമാണ്. സംസ്ഥാനസർക്കാരിന്റെ നയപരവും ധനപരവുമായ പിന്തുണയും, പ്രാദേശികസർക്കാരുകളുടെ സജീവമായ ഇടപെടലുകളും, ജീവനക്കാരുടെ ഉത്തരവാദിത്വപൂർണ്ണമായ പ്രവർത്തനങ്ങളും പൊതുജനങ്ങളുടെ കരുതലുമാണ് ഈ സംവിധാനങ്ങളെ സംരക്ഷിച്ചു നിലനിർത്തുന്നത്.

എന്നാൽ, ഈ അടുത്തകാലത്തായി കേരളത്തിലെ ചികിത്സാരംഗത്തെ ചില പ്രശസ്തമായ ആശുപത്രികളുടെ നേതൃത്വം വിദേശമൂലധനശക്തികൾ കൈയ്യടക്കുന്ന സ്ഥിതിയുണ്ടായിരിക്കുന്നു. 2024-ൽ കോഴിക്കോട് ആസ്ഥാനമായുള്ള ബേബി മെമ്മോറിയൽ ആശുപത്രി ശൃംഖല, മെയ്ത്ര ഹോസ്പിറ്റൽ കോഴിക്കോട്, തൊടുപുഴയിലെ ചാഴിക്കാട്ട് തുടങ്ങിയ ആശുപത്രികളുടെ നിയന്ത്രണം അമേരിക്കൻ കുത്തകയായ കെ കെ ആർ ഗ്രൂപ്പ് കൈയ്യടക്കി. ബ്ലാക്ക് സ്റ്റോൺ ഇൻകോർപ്പറേറ്റഡ് എന്ന ന്യൂയോർക്ക് ആസ്ഥാനമായ ഇൻവെസ്റ്റ്മെന്റ് കമ്പനി കിംസ്, അൽഷിഫ എന്നീ ആശുപത്രി ശൃംഖലകൾ ഏറ്റെടുത്തു. സംസ്ഥാനത്തെ ഈ സ്വകാര്യആശുപത്രികൾ സ്വന്തമാക്കാൻ 7,000ത്തിൽപ്പരം കോടി രൂപയാണ് വിദേശ ഏജൻസികൾ ചെലവഴിച്ചിട്ടുള്ളത്.

കോർപ്പറേറ്റ് കുത്തകകളുടെ നേതൃത്വത്തിലാകുമ്പോൾ ചികിത്സാച്ചെലവുകളിൽ 30 ശതമാനംവരെ വർധനവന്നതായി ചില റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അമേരിക്കൻ മോഡൽ ചികിത്സാരീതികൾ ഇൻഷറൻസ് ആശ്രിതത്വം മാത്രമല്ല, അനാവശ്യ പരിശോധനകളും ചികിത്സകളും വർധിപ്പിക്കാൻ സാധ്യതയുണ്ടെന്നും ആരോഗ്യരംഗത്തെ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

അതേസമയം, പാവപ്പെട്ട ജനങ്ങൾ ആശ്രയിക്കുന്ന സർക്കാർആശുപത്രികളുടെ വിശ്വാസ്യത തകർക്കാനുള്ള ആസൂത്രിതപ്രചാരണങ്ങൾ വർധിച്ചുവരുന്നതും

മറുവശത്തുകാണാം. 2023-24-ൽ ചികിത്സാ ആവശ്യങ്ങൾക്കായി കേരളത്തിലെ സർക്കാർആശുപത്രികളെ ആശ്രയിച്ചത് 11.29 കോടി ആളുകളാണ്. കേരളത്തിലെ സർക്കാർആശുപത്രികളിൽ പ്രതിവർഷം ഏതാണ്ട് ഒരു ലക്ഷത്തിനടുത്ത് മേജർ സർജറികളാണ് നടന്നുവരുന്നത്. പല കാരണങ്ങളാൽ ചികിത്സയ്ക്കിടയിൽ സംഭവിക്കുന്ന അബദ്ധങ്ങളോ നോട്ടപ്പിശകുകളോ ചികിത്സാപ്പിഴവുകളോ വാർത്തയാകുന്നതിനും നടപടികളിലേക്ക് നയിക്കുന്നതിനും ഇടയാക്കുന്നുണ്ട്. ഇതുകൂടാതെ, നവീന സാങ്കേതികവിദ്യകളും അടിസ്ഥാനസൗകര്യങ്ങളും മറ്റും ലഭ്യമാക്കിയതുവഴി സർക്കാർആശുപത്രികളുടെ നിലവാരം മെച്ചപ്പെട്ടത് അവിടങ്ങളിലെ തിരക്കുവർധിക്കാൻ ഇടയാക്കിയിട്ടുണ്ടെങ്കിലും അതിനനുസൃതമായി ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരുടെ എണ്ണം വർധിപ്പിക്കാനായിട്ടില്ലെന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഭരണപരവും സാങ്കേതികവുമായ നൈപുണീവികസനത്തോടൊപ്പം മെഡിക്കൽമേഖലയിലെ പർച്ചെയ്സിങ് റൂളടക്കമുള്ള റൂളുകളും ഗൈഡ് ലൈനുകളും കാലികമായി പരിഷ്കരിക്കേണ്ടതുണ്ട്. ആരോഗ്യമേഖലയിലെ ഇത്തരം പ്രശ്നങ്ങൾ സർക്കാരിന്റെയും പൊതു ജനങ്ങളുടെയും മുന്നിലേക്കെത്തിച്ച് അവ പരിഹരിക്കുന്നതിനും പൊതു ചികിത്സാരംഗം കൂടുതൽ കാര്യക്ഷമമാക്കുകയുമായിരിക്കണം പ്രാഥമികമായും മാധ്യമധർമ്മം. എന്നാൽ, അതിനുമപ്പുറം അത്തരം സംഭവങ്ങൾ വൈകാരികമായി പെരുപ്പിച്ചുകാട്ടി സർക്കാർചികിത്സാരംഗമാകെ മോശമാണെന്ന പ്രതീതി ജനിപ്പിക്കുന്നത് പൊതു ആരോഗ്യസംവിധാനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസ്യത കുറയ്ക്കാൻ കാരണമാകും. അതിനാൽത്തന്നെ, ഈ പ്രവണത ചികിത്സാരംഗത്തേക്കു കടന്നുവരുന്ന കോർപ്പറേറ്റ് കമ്പോളവൽക്കരണം മാധ്യമനിലപാടുകളെ സ്വാധീനിക്കുന്നതിന്റെ ദൂഷ്യഫലമായി കാണണം. വിദേശ കുത്തകകളുടെ മൂലധനതാൽപര്യം സംരക്ഷിക്കാൻ ഒരുവിഭാഗം മാധ്യമങ്ങൾ അവലംബിക്കുന്ന ഈ രീതി ഇരിക്കുന്നകൊമ്പ് മുറിക്കുന്നതിനുതുല്യമായ പ്രവർത്തനമാണ്.

നിലവിലുള്ള പൊതു ആരോഗ്യസംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തി അവിടെ ലഭിക്കുന്ന സേവനങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുകയാണ് പൊതുസമൂഹം ചെയ്യേണ്ടത്. വിദേശ മൂലധന താൽപര്യത്തിൽ നടക്കുന്ന ഇപ്പോഴത്തെ പ്രചാരണങ്ങളെ തള്ളിക്കളയാനുള്ള ജാഗ്രത പുലർത്തണമെന്ന് ഈ സമ്മേളനം കേരളത്തിലെ പൊതുസമൂഹത്തോട് ആഹ്വാനംചെയ്യുന്നു.

### 3: വേമ്പനാട്ട്കായൽ ശുചീകരിച്ച് നിയന്ത്രിത ഡ്രെഡ്ജിങ്‌വഴി ആഴംകൂട്ടുക

കേരളത്തിലെ ഒരു സുപ്രധാന റാംസാർ സൈറ്റായ വേമ്പനാട്ട്കായൽ (വേമ്പനാട്ട്കോൾ സമുച്ചയത്തിന്റെ ഭാഗം) പ്രാദേശിക പാരിസ്ഥിതിക സമ്പദ്‌വ്യവസ്ഥയെ നിലനിർത്തുന്നതിലും, അതുല്യമായ കുട്ടനാട് കൃഷി വ്യവസ്ഥയെ പിന്തുണയ്ക്കുന്നതിലും, ജൈവവൈവിധ്യം നിലനിർത്തുന്നതിലും നിർണ്ണായകപങ്ക് വഹിക്കുന്നു. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട സമുദ്രനിരപ്പിന് താഴെയുള്ള കുട്ടനാട് തണ്ണീർത്തട കാർഷികസമ്പ്രദായം വേമ്പനാട്ട്കായലിനെ ആശ്രയിച്ചാണിരിക്കുന്നത്. ഈ കായൽമേഖലയിൽ വിപുലമായ ഉൾനാടൻ ജലഗതാഗതവുമുണ്ട്. ഹൗസ്ബോട്ടുകൾ ഉൾപ്പെടെ സംസ്ഥാനത്തിന്റെ ടൂറിസം വ്യവസായത്തെ മുന്നോട്ടുനയിക്കുന്നതിലും പ്രധാന പങ്ക് വഹിക്കുന്നു. പ്രാദേശിക മത്സ്യബന്ധനത്തിനും കക്ക വ്യവസായത്തിനും പിന്തുണ നൽകുന്നു. ഈ സുപ്രധാന ആവാസവ്യവസ്ഥ മലിനീകരണം, ചെളിഅടിഞ്ഞുകൂടൽ, നിയമവിരുദ്ധമായ നികത്തൽ എന്നിവ ഉൾപ്പെടെയുള്ള ഗണ്യമായ പാരിസ്ഥിതിക സമ്മർദം നേരിടുന്നു. വേമ്പനാട്ട്കായലിന്റെ ആഴം വൻതോതിൽ കുറയുന്നുവെന്നതാണ് ആശങ്കയുണർത്തുന്ന സമീപകാലപ്രശ്നം.

കേരള ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റി (കുഫോസ്) 2023-ൽ പുറത്തിറക്കിയ അഞ്ച് വർഷത്തെ ഒരു പഠനറിപ്പോർട്ടിൽ, കനത്ത ചെളിഅടിഞ്ഞുകൂടൽ കാരണം വേമ്പനാട്ട് കായലിന്റെ ശരാശരി ആഴം 1930-ലെ 8-9 മീറ്ററിൽനിന്ന് 2020-ൽ 1.8-2.87 മീറ്ററായി കുറഞ്ഞുവെന്ന് വെളിപ്പെടുത്തുന്നു. 1930-ൽ 2677.5 ദശലക്ഷം ഘനമീറ്റർ വെള്ളപ്പൊക്ക ജലം സംഭരിക്കുന്നതിന് ശേഷിയുണ്ടായിരുന്ന സ്ഥാനത്ത് 2020-ൽ 384.66 ദശലക്ഷം ഘനമീറ്ററായി കുറഞ്ഞു. ഇത് കടുത്ത വെള്ളക്കെട്ടിന് കാരണമാകുന്നുണ്ടെന്നുമാത്രമല്ല, കായലുകളുടെ തീരങ്ങളിൽ താമസിക്കുന്ന ആളുകളുടെ വെള്ളപ്പൊക്ക സാധ്യതയും വർധിപ്പിക്കുന്നു. വെള്ളപ്പൊക്ക ജലസംഭരണശേഷി നിലവിലുള്ള 384.66 ദശലക്ഷം ഘനമീറ്ററിൽനിന്നും 817.25 ദശലക്ഷം ഘനമീറ്ററായി ഉയർത്തുന്നതിന് യോജിച്ച രീതിയിൽ തെക്കുഭാഗത്ത് അടിസ്ഥാന തറയുടെ ആഴം 4.12 മീറ്ററായും മധ്യ-വടക്കൻമേഖലകളിൽ 5-6 മീറ്ററായും വർധിപ്പിക്കണമെന്നാണ് കുഫോസ് പഠനം പറയുന്നത്. എന്നാൽ, മേല്പറഞ്ഞതുപ്രകാരമുള്ള ഡ്രഡ്ജിങ് നടപ്പിലാക്കുമ്പോൾ ഉണ്ടാകാനിടയുള്ള പാരിസ്ഥിതികാഘാതം പരിഗണിച്ചുകൊണ്ട് ഡ്രഡ്ജിങ് നിയന്ത്രിതവും സ്ഥലബന്ധിതവും ആക്കേണ്ടതാണ്. ഇതോടൊപ്പം കൂടുതൽ മണ്ണടിയുന്നത് ഒഴിവാക്കുന്നതിനായി കുട്ടനാട്ടിലെ നീരൊഴുക്ക് ശൃംഖല കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതും അനിവാര്യമാണ്.

വിദഗ്ധാഭിപ്രായം മാനിച്ച് വേമ്പനാട്ട്കായൽ പ്ലാസ്റ്റിക് വസ്തുക്കൾ ഉൾപ്പെടെയുള്ള മലിനീകാരികളിൽ നിന്നും ശുചീകരിച്ച് പാരിസ്ഥിതികഘടകങ്ങൾകൂടി പരിഗണിച്ചുകൊണ്ട് ആഴംകൂട്ടുന്നതിനുള്ള നടപടികൾ ഉടനടി ആരംഭിക്കണമെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 63-ാംസംസ്ഥാനവാർഷികം സർക്കാരിനോട് ആവശ്യപ്പെടുന്നു. ഇതോടൊപ്പം ശാസ്ത്രീയ അവലോകനവും പങ്കാളിത്ത തുടർ നിരീക്ഷണവും തുടരുകയും വേണം.

### 4: പ്രാതിനിധ്യ ജനാധിപത്യത്തിൽ ലിംഗനീതി ഉറപ്പാക്കുക

ഭരണഘടനയുടെ 106-ാംഭേദഗതിയിലൂടെ ലോകസഭയിൽ 2023 സെപ്റ്റംബർ 13ന് വനിതാസംവരണ ബില്ല് പാസാക്കുകയുണ്ടായി. ലോകസഭ, നിയമസഭ തിരഞ്ഞെടുപ്പുകളിൽ സ്ത്രീകൾക്ക് 33% സംവരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഈ ബില്ല് ലോകസഭയിൽ 454 വോട്ടിന്റെയും രാജ്യസഭയിൽ 214 വോട്ടിന്റെയും ഭൂരിപക്ഷത്തിലാണ് പാസായത്. എന്നാൽ, സാങ്കേതികമായി 2026 വരെ ബില്ല് മരവിപ്പിച്ച് നിർത്തുന്നു

വെന്ന് അന്നുതന്നെ പ്രഖ്യാപിച്ചിരുന്നതാണ്. ദേശീയ ജനസംഖ്യ സെൻസസ് പൂർത്തിയാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള ലോക്‌സഭ-നിയമസഭാമണ്ഡല അതിർത്തി പുനർനിർണ്ണയം നടപ്പിലായതിനുശേഷം മാത്രമേ പ്രാബല്യത്തിൽ വരുകയുള്ളൂവെന്നതാണ് ബില്ലിലെ വ്യവസ്ഥ. 2029-ൽ പ്രാബല്യത്തിൽ വരുമെന്ന് അവകാശപ്പെടുന്നുമുണ്ടെങ്കിലും ഭരണഘടനയുടെ ഫെഡറൽ സ്വഭാവത്തെ സംബന്ധിക്കുന്ന ഭേദഗതിയായതിനാൽ അനുഛേദം 368 അനുസരിച്ച് പൂർണ്ണമായും പ്രാബല്യത്തിൽ വരണമെങ്കിൽ കുറഞ്ഞത് 50% സംസ്ഥാനങ്ങളുടെയെങ്കിലും അംഗീകാരം കൂടി ആവശ്യമാണ്. സംസ്ഥാനങ്ങൾ എന്തു തീരുമാനിക്കണമെന്നത് ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന വിഷയമാണ്. വിവിധ സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന സർക്കാരുകളുടെ രാഷ്ട്രീയതാൽപര്യങ്ങൾ ബില്ലിന് അനുകൂലമാകാനുള്ള വിരളമായ സാധ്യത സാഹചര്യത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഈ അനിശ്ചിതത്വങ്ങൾ പരിഹരിച്ച് വനിതാസംവരണ ബില്ല് അടിയന്തരമായി പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കണമെന്ന് ഈ സമ്മേളനം യൂണിയൻ സർക്കാരിനോട് ആവശ്യപ്പെടുന്നു.

മാനവ വികസനസൂചികകളിൽ വികസിതരാജ്യങ്ങൾക്ക് ഒപ്പംനിൽക്കുന്ന അനുഭവങ്ങളാണ് ലോകത്തിനുമുന്നിൽ കേരളം കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സ്ത്രീ, ഇതര ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളുടെ ജീവിതനിലവാരം ഇതിന്റെ ഭാഗമായി മെച്ചപ്പെട്ടിട്ടുണ്ട്. ജനസംഖ്യയിലും വോട്ടർമാരുടെ എണ്ണത്തിലും പകുതിയിലധികം സ്ത്രീകളാണ്. എന്നാൽ, ലിംഗവിവേചനങ്ങൾ, അന്ധവിശ്വാസങ്ങൾ, ലിംഗാധിഷ്ഠിത അതിക്രമങ്ങൾ, ചൂഷണങ്ങൾ എന്നിവയെല്ലാം വർധിച്ചുവരുകയാണ്. സാമൂഹികമാധ്യമങ്ങൾ ഉൾപ്പെടെയുള്ള നൂതന സംവിധാനങ്ങളെയെല്ലാം ഇതിനായി ഉപയോഗിക്കുന്നുണ്ട്. മത-വർഗീയ-രാഷ്ട്രീയ അധീശത്വ പ്രവണതകൾ സ്ത്രീ-ന്യൂനപക്ഷവിഭാഗങ്ങളെ ജനാധിപത്യവിരുദ്ധമായി അടിച്ചമർത്തുന്നു. ആയതിനാൽ, ജനപ്രാതിനിധ്യനിയമത്തിന്റെയും വനിതാസംവരണ ബില്ലിന്റെയും അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് പ്രസ്തുത ബില്ലിൽ പറയുന്ന ജനപ്രാതിനിധ്യവ്യവസ്ഥകൾ സാമൂഹികതലത്തിൽ നടപ്പിലാക്കാൻ കേരളത്തിലെ തിരഞ്ഞെടുപ്പുരംഗത്തുള്ള എല്ലാ രാഷ്ട്രീയപാർട്ടികളും തയ്യാറാവണം. പല കാര്യങ്ങളിലും ജനകീയബദലുകൾ നടപ്പിലാക്കിയ കേരളത്തിന് ഇക്കാര്യത്തിലും രാജ്യത്തിന്റെ മുന്നിൽ വഴികാട്ടിയാകാൻ കഴിയണം. ആയതിനാൽ, ഈ വരുന്ന നിയമസഭാതിരഞ്ഞെടുപ്പിൽ 33% സംവരണം ഉറപ്പുവരുത്തുന്നരീതിയിൽ എല്ലാ രാഷ്ട്രീയപാർട്ടികളും അവരുടെ സ്ഥാനാർഥിപ്പട്ടികയിൽ ആനുപാതിക സ്ത്രീപ്രാതിനിധ്യം ഉറപ്പുവരുത്തി ലിംഗനീതിയിലേക്കുള്ള ഒരു വലിയ ചുവട് മുന്നോട്ടുവച്ച് മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകണമെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ 63-ാംസംസ്ഥാന വാർഷികം എല്ലാ രാഷ്ട്രീയ പാർട്ടികളോടും അഭ്യർഥിക്കുന്നു.

### 5: മതാത്മകമാകുന്ന പൊതുഇടങ്ങൾ തിരിച്ചുപിടിക്കുക

മനുഷ്യാവകാശങ്ങൾക്കുവേണ്ടിയുള്ള നിരന്തരമായ പോരാട്ടങ്ങളിലൂടെയും ജനാധിപത്യപരമായ സംഘബോധത്തിലൂടെയുമാണ് ആധുനികകേരളം കെട്ടിപ്പടുക്കപ്പെട്ടത്. ജാതിവിവേചനങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ നടന്ന നവോത്ഥാനമുന്നേറ്റങ്ങളാണ് ഈ നാടിന്റെ അടിത്തറ. എന്നാൽ, ശാസ്ത്രബോധത്തിലും യുക്തിചിന്തയിലും അധിഷ്ഠിതമായ ഒരു പ്രബുദ്ധകേരളത്തെ ലക്ഷ്യംവയ്ക്കുമ്പോഴും, നമ്മുടെ പൊതുഇടങ്ങൾ അതിവേഗം മതാത്മകമാക്കപ്പെടുന്നത് അതീവ ഗൗരവത്തോടെ കാണേണ്ടതാണ്.

കേരളത്തിന്റെ സാമൂഹികാന്തരീക്ഷം സമീപകാലത്തായി വലിയതോതിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ശാസ്ത്രബോധത്തിലും യുക്തിചിന്തയിലും അടിസ്ഥാനമിട്ടുകൊണ്ടേ ഒരു നവകേരളം കെട്ടിപ്പടുക്കാൻ നമുക്കാവുകയുള്ളൂ. എന്നാൽ ഇന്ന് വിദ്യാലയങ്ങൾ, വായനശാലകൾ, കലാലയങ്ങൾ, സാംസ്കാരികകേന്ദ്രങ്ങൾ തുടങ്ങി, ജാതി-മത ഭേദമന്യേ മനുഷ്യർ ഒന്നിച്ചിരുന്ന ഇടങ്ങളിലെല്ലാം മതപരമായ ചിഹ്നങ്ങളും ആചാരങ്ങളും അധിനിവേശം നടത്തുകയാണ്. ശാസ്ത്രീയമായ അറിവുകൾക്കുപകരം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പൊതുബോധത്തിന്റെ ഭാഗമായി മാറുന്നു. പ്രബുദ്ധമെന്ന് നാം അവകാശപ്പെടുന്ന കേരളീയസമൂഹം പടിപടിയായി പിന്തിരിപ്പൻ ചിന്താഗതികളിലേക്ക് കൂപ്പുകുത്തുന്നത് ആശങ്കാജനകമായിരിക്കേതന്നെ ഗൗരവതരമായ ചർച്ചകൾക്കുകൂടി വിധേയമാക്കപ്പെടേണ്ടതുണ്ട്.

ഭരണഘടന പൗരരുടെ കടമയായി കാണുന്ന, ശാസ്ത്രാവബോധവും മാനവികതയും പരിഷ്കരണവാഞ്ഛയും വളർത്തുന്നതിനുപകരം, ഭരണകൂടസംവിധാനങ്ങളും പൊതുസ്ഥാപനങ്ങളും മതപരമായ ചടങ്ങുകൾക്ക് വേദിയൊരുക്കുന്നു. പൊതുഇടങ്ങളിലുണ്ടാകുന്ന ഏതെങ്കിലും മതപരമായ അതിപ്രസരം ഇതരവിഭാഗങ്ങളിൽ അകൽച്ചയുണ്ടാക്കാനും വർഗീയധ്രുവീകരണത്തിന് വഴിമരുന്നിടാനും കാരണമാകുന്നു. പൊതുഇടങ്ങൾ മതനിയമങ്ങൾക്ക് കീഴിലാകുമ്പോൾ, നിയമസംവിധാനങ്ങൾ ദുർബലമാക്കപ്പെടും. സ്ത്രീകളുടെയും, വിവേചനം അനുഭവിക്കുന്നവരുടെയും സ്വതന്ത്രമായ ഇടപെടലുകളെയാണ് അത് ഏറ്റവുംകൂടുതൽ തടയുന്നത്.

പൊതുഇടങ്ങൾ എന്നത് ജനാധിപത്യപരമായ സംവാദങ്ങൾക്കും ശാസ്ത്രീയമായ അന്വേഷണങ്ങൾക്കും സർഗാത്മകമായ ഇടപെടലുകൾക്കുമുള്ള വേദികളായിരിക്കണം. ബഹുസ്വരതയിൽ അടിയുറച്ച ജനാധിപത്യ ഇടങ്ങളായിരിക്കണം അവ. അവിടെ ഏതെങ്കിലും ഒരു മതത്തിന്റെയോ വിശ്വാസത്തിന്റെയോ മേധാവിത്വം ഉണ്ടാകുന്നത് ഭരണഘടനയുടെ അന്തഃസത്തയ്ക്ക് വിരുദ്ധമാണ്.

അതിനാൽ സ്കൂളുകൾ, ഓഫീസുകൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിൽ മതപരമായ ചടങ്ങുകളും ചിഹ്നങ്ങളും ഒഴിവാക്കി അവയെ പൂർണ്ണമായും മതേതരമായി നിലനിർത്തുകയെന്നത് ഭരണഘടനയോടുള്ള പൗരരുടെ ഉത്തരവാദിത്വമാണ്. പൊതുഇടങ്ങളെ അത്തരത്തിൽ ജനാധിപത്യ ഇടങ്ങളായി സംരക്ഷിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ഈ സമ്മേളനം സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെടുന്നു.

ശാസ്ത്രീയമായ അറിവിലൂടെയും യുക്തിചിന്ത

യിലൂടെയും അന്ധവിശ്വാസങ്ങളെ പ്രതിരോധിക്കാൻ പ്രാദേശികതലങ്ങളിൽ ജനകീയകൂട്ടായ്മകൾ രൂപ വൽക്കരിക്കുക. കലയും സാഹിത്യവും ചർച്ചകളും സജീവമാക്കി പൊതുഇടങ്ങളെ വീണ്ടും സജീവമായ ജനാധിപത്യവേദികളാക്കി മാറ്റുക. അങ്ങനെ, മതാത്മ കതയിലേക്ക് വഴുതിവീഴുന്ന പൊതുഇടങ്ങളെ തിരിച്ചുപിടിക്കാൻ മുന്നിട്ടിറങ്ങണമെന്ന് ഈ 63-ാം സം സ്ഥാനവാർഷികം എല്ലാ ജനാധിപത്യവിശ്വാസിക ളോടും അഭ്യർഥിക്കുന്നു.

### 6: ക്രിട്ടിക്കൽ റെയർ എർത്ത് കോറിഡോർ സ്വകാര്യമേഖലയിൽ നടപ്പിലാക്കാനുള്ള നീക്കം യൂണിയൻസർക്കാർ പിൻവലിക്കുക

കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഒറീസ എന്നീ സംസ്ഥാനങ്ങളുടെ തീരപ്രദേശങ്ങളിലെ റെയർ എർ ത്ത് മൂലകങ്ങളുടെ ഖനനത്തിനും സംസ്കരണത്തി നുമായി യൂണിയൻസർക്കാർ 2026-27 വർഷത്തെ ബജറ്റിൽ വിഭാവനചെയ്തിട്ടുള്ളതാണ് ക്രിട്ടിക്കൽ റെയർ എർത്ത് കോറിഡോർ. യൂണിയൻസർക്കാർ മുന്നോട്ടുവയ്ക്കുന്ന പദ്ധതിയനുസരിച്ച് ഒറീസയിലെ ഛത്രപ്പൂർമേഖല, കേരളത്തിലെ വിഴിഞ്ഞം-ചവറ- കൊച്ചി ബെൽറ്റ്, ആന്ധ്രപ്രദേശിലെ ശ്രീകാകുളം- വിശാഖപട്ടണം-നെല്ലൂർ, തമിഴ്നാട്ടിലെ മണവാളകു റിച്ചി എന്നിവിടങ്ങളിലാണ് ഇടനാഴി വരുന്നത്. ഈ ഭാഗങ്ങളിലെ റെയർ എർത്ത് മൂലകങ്ങളുടെ ഖനനം, സംസ്കരണം, ഗവേഷണം തുടങ്ങി, മുഴുവൻ മൂല്യ ശൃംഖലയും (value chain) പരിധിയിൽവരുന്ന തരത്തി ലാണ് ഇടനാഴി വിഭാവന ചെയ്യുന്നത്.

അതേസമയം, കഴിഞ്ഞ സംസ്ഥാന ബജറ്റിൽ 42,000 കോടി നിക്ഷേപവും 50,000 പേർക്ക് തൊഴിലും പ്രതീക്ഷിക്കുന്ന കേരളത്തിന്റെ തനതുപദ്ധതിയെന്ന നിലയിൽ റെയർ എർത്ത് മൂലകങ്ങളുടെ ഖനന സംസ് കരണത്തിനായി പൊതുമേഖലയിൽ വിഴിഞ്ഞം-ചവറ -കൊച്ചി ഇടനാഴിയും പ്രഖ്യാപിച്ചിട്ടുണ്ട്. ലോകമാകെ യെടുത്താൽ റെയർ എർത്ത് മൂലകങ്ങളുടെ തീരദേശ നിക്ഷേപം ഏറ്റവും സമ്പന്നമായത് കേരളത്തിലാണെ ന്നത് കേരളം മുന്നോട്ടുവച്ച പദ്ധതിയുടെ പ്രാധാന്യം വെളിവാക്കുന്നു.

റെയർ എർത്ത് മൂലകങ്ങളുടെ മൂല്യവർധിത ഉൽ പന്നങ്ങൾക്ക് നിലവിൽ ഇന്ത്യ മറ്റു രാജ്യങ്ങളെ, വിശേ ഷിച്ച്, ചൈനയെയാണ് ഗണ്യമായി ആശ്രയിക്കുന്നത്. പ്രതിരോധം, ഇലക്ട്രിക് വാഹനങ്ങൾ, വിൻഡ് ടർ ബൈൻ, ഇലക്ട്രോണിക്സ് തുടങ്ങിയ വ്യവസായങ്ങ ളിൽ അവശ്യഘടകമായ പെർമനന്റ് മാഗ്നറ്റിന്റെ ആഭ്യന്തര ഉപഭോഗത്തിൽ ഏതാണ്ട് 90 ശതമാനവും ചൈനയിൽനിന്നാണ് ഇറക്കുമതി ചെയ്യുന്നത്. ഈ അവസ്ഥ മറികടക്കാനും സ്വയംപര്യാപ്തമാകാനു മായി, ലഭ്യമായ അപൂർവ റെയർ എർത്ത് മൂലകങ്ങളെ പ്രയോജനപ്പെടുത്തുന്നതും അതുവഴി സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്താനുമുള്ള യൂണിയൻസർ ക്കാരിന്റെയും സംസ്ഥാനസർക്കാരിന്റെയും നീക്കം സ്വാഗതാർഹമാണ്. അസ്ഥിരമാകുന്ന സാർവദേശീയ രാഷ്ട്രീയപശ്ചാത്തലവും താരിഫ് സംഘർഷങ്ങളും അതുവഴി വിതരണശൃംഖലയിലുണ്ടാകുന്ന പ്രശ്ന ങ്ങളും ഈ പദ്ധതിയുടെ പ്രാധാന്യം വർധിപ്പിക്കുന്നു മുണ്ട്. എന്നാൽ, തന്ത്രപ്രധാനമായ ഈ മേഖല മൂല ധനശക്തികൾക്കായി തുറന്നുകൊടുക്കുന്നത് ദൂരവ്യാ പക പ്രത്യാഘാതങ്ങൾ ഉളവാക്കും.

മെച്ചപ്പെട്ട സാങ്കേതികവിദ്യയുടെ അപര്യാപ്തത മൂലം റെയർ എർത്ത് മൂലകങ്ങളിൽനിന്ന് മൂല്യവർ ധിത ഉൽപന്നങ്ങൾ വേർതിരിച്ചെടുക്കുന്നതിൽ നില വിൽ ദൗർബല്യങ്ങളുണ്ട്. അടുത്തകാലത്ത് ഇക്കാര്യ ത്തിലുണ്ടായ സാങ്കേതികപുരോഗതി പ്രയോജനപ്പെ ടുത്താൻകഴിയുമെന്നാണ് രണ്ടുപദ്ധതികളും പ്രതീ ക്ഷിക്കുന്നത്. കൊച്ചിയിൽ ഏലൂരിൽ പ്രവർത്തിക്കു ന്ന ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് (IREL) എന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനത്തെ കൂടുതൽ നിക്ഷേപവും സാങ്കേതികവിദ്യയുംകൊണ്ട് മെച്ചപ്പെ ടുത്തുന്നത് പ്രദേശിക മൂല്യശൃംഖലയെ ശക്തിപ്പെടു ത്തും.

രണ്ട് പദ്ധതികളുടെയും പാരിസ്ഥിതികവും സാമൂ ഹികവുമായ പ്രത്യാഘാതങ്ങൾ പഠിച്ചും പരിഗണി ച്ചും മാത്രമേ യൂണിയൻസർക്കാരും കേരളസർക്കാരും തുടർ നടപടികൾ സ്വീകരിക്കാവൂ. ഏറിവരുന്ന കാലാ വസ്ഥാവ്യതിയാനത്തിലും പ്രകൃതിക്ഷോഭങ്ങളിലും പാരിസ്ഥിതികമായി കൂടുതൽ ദുർബലമാകുന്ന ദക്ഷി ണേന്ത്യയുടെ കടൽത്തീരങ്ങളിലാണ് ഈ വ്യവസായ ഇടനാഴികൾ വരുന്നത്. ഈ കടൽത്തീരങ്ങളാകെ സാരമായ തീരശോഷണംമൂലം ഏറെക്കാലമായി സമ്മർദമനുഭവിക്കുന്ന ഇടങ്ങളാണ്. തിരമാലകൾ, വേലിയേറ്റ-വേലിയിറക്കങ്ങൾ, മണലിന്റെ നീക്കങ്ങൾ എന്നിവയാൽ ഏറെ ചടുലമായ തീരപ്രദേശമാണിത്. പ്രകൃതിക്ഷോഭത്തെയും തീരശോഷണത്തെയും തട യുക, അതുവഴി അവിടുത്തെ ആവാസവ്യവസ്ഥയെ യും പ്രദേശത്തെ ജനവാസയിടങ്ങളെയും ജീവസന്ധാ രണത്തെയും സംരക്ഷിക്കുകയെന്ന സ്വാഭാവികധർ മ്മംകൂടി മണൽത്തീരം നിർവഹിക്കുന്നുണ്ട്.

നിർദിഷ്ടപദ്ധതിയുടെ ഭാഗമായി തീരത്തുനിന്ന് മണലെടുക്കുമ്പോൾ ഈ സ്വാഭാവികപ്രക്രിയയെ എങ്ങനെ ബാധിക്കുന്നുവെന്ന് പരിശോധിക്കണം. അനിയന്ത്രിതമായി മണലെടുക്കാൻ പാടില്ലെന്നും (CRZ നിയമമനുസരിച്ച്) യന്ത്രങ്ങൾ ഇതിനായി ഉപ യോഗിക്കരുതെന്നും തീരപഠനരംഗത്തെ വിദഗ്ധർ അഭിപ്രായപ്പെടുന്നുണ്ട്. ജനവാസകേന്ദ്രങ്ങളിലെ മണ ലെടുപ്പിന്റെ ഫലമായി തദ്ദേശീയരെ മാറ്റിപ്പാർപ്പിച്ച് തി രികെക്കൊണ്ടുവരുന്ന പ്രക്രിയ ഉണ്ടാക്കാനിടയുള്ള ജീവനോപാധിപ്രശ്നങ്ങൾ ഗൗരവമായി പരിഗണി ക്കണം. ഓരോ പ്രദേശത്തുനിന്നും എടുക്കാവുന്ന മണലിന്റെ അളവ് ശാസ്ത്രീയമായി തിട്ടപ്പെടുത്തണം. മൺസൂൺകാലത്ത് തീരഖനനം പാടില്ല. ഇതിനൊ ക്കെ ആവശ്യമായ നിയമങ്ങളും ചട്ടങ്ങളും, അത് ഉറപ്പുവരുത്താനുള്ള സ്ഥാപനപരമായ സംവിധാന ങ്ങളും രൂപപ്പെടുത്തിയതിനുശേഷം മാത്രം തുടർനട പടി സ്വീകരിക്കുകയാണ് വേണ്ടത്.

കേരളത്തിൽ നിലവിൽ IRELയും KMMLഉം മണ ലെടുക്കുന്നുണ്ട്. മണൽഖനനത്തിന് ഈ കമ്പനികൾ ക്ക് അനുവദിച്ചുനൽകിയ പ്രദേശങ്ങളിൽ CESS-ന്റെ യും മറ്റും പഠനനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരുമാസം എടുക്കാവുന്ന പരമാവധി മണലിന്റെ അളവ് നിജപ്പെടുത്തിയിട്ടുണ്ട്. അതിനപ്പുറം ഖനനം നടത്താൻ പാടില്ലാത്തതാണ്. ഇക്കാര്യം പരിശോധിച്ച് ഉറപ്പുവ രുത്താൻ നിലവിലുള്ള സ്ഥാപനപരമായ സംവിധാ നം പര്യാപ്തമല്ലെന്ന അഭിപ്രായവും ഉയരുന്നുണ്ട്.

ആധുനികവ്യവസായത്തിൽ ക്രിട്ടിക്കൽ മിനറലി

നുള്ള സുപ്രധാനമായ സ്ഥാനമറിഞ്ഞ് വ്യാവസായികമായി റെയർ എർത്ത് മൂലകങ്ങളെ പ്രയോജനപ്പെടുത്തണം. ലോകത്തിലെതന്നെ ഏറ്റവും സമ്പന്നമായ നമ്മുടെ തീരനിക്ഷേപത്തെ സമ്പദ്ഘടനയുമായി ബന്ധിപ്പിക്കാനാകണം. അതിനാവശ്യമായ സാങ്കേതികവിദ്യയുടെ ലഭ്യതയും ആദായകരമായ വിനിയോഗവും ഉറപ്പുവരുത്തുക, ഖനനവും സംസ്കരണവും മൂല്യവർധനയുമടക്കമുള്ള മൂല്യശൃംഖല സംസ്ഥാന സമ്പദ്ഘടനയെ ശക്തിപ്പെടുത്താൻ ഉപയുക്തമാക്കുക, ഇടനാഴിയുടെ പരിപാലനത്തിനാവശ്യമായ പാരിസ്ഥിതികനിയമങ്ങളും ചട്ടങ്ങളും അവ നടപ്പിലാകുന്നുവെന്നുറപ്പിക്കാൻ ഫലപ്രദമായ സ്ഥാപനസംവിധാനങ്ങൾ രൂപപ്പെടുത്തുക എന്നിവയടങ്ങുന്ന സമഗ്രമായ ഒരു സമീപനം അധികൃതർ സ്വീകരിക്കണം. കൂടാതെ, തന്ത്രപ്രധാനമായ റെയർ എർത്ത് മൂലകങ്ങളുടെ ഖനനം, സംസ്കരണം, മൂല്യവർധന അടക്കമുള്ള എല്ലാ പ്രവർത്തനങ്ങളും കേരള ബജറ്റിൽ വിഭാവന ചെയ്തതുപോലെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും റെയർ എർത്ത് കോറിഡോർ സ്വകാര്യമേഖലയിൽ നടപ്പിലാക്കാനുള്ള നീക്കത്തിൽനിന്നും യൂണിയൻസർക്കാർ പിൻതിരിയണമെന്നും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ 63-ാം സംസ്ഥാന വാർഷികം ആവശ്യപ്പെടുന്നു.

### 7: വയോജനങ്ങൾക്ക് ഒരു 'സമഗ്ര ശ്വാസകോശ സുരക്ഷാകവചം' പദ്ധതി നടപ്പിലാക്കുക

2026-27 സംസ്ഥാന ബജറ്റിൽ വയോജനങ്ങളുടെ ന്യൂമോകോക്കൽ വാക്സിൻ (Pneumococcal Vaccine) പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തിയത് വയോജനസൗഹൃദ കേരളം എന്ന ലക്ഷ്യത്തിലേക്കുള്ള വലിയൊരു ചുവടുവയ്പ്പാണ്. എന്നാൽ, ഈ പദ്ധതിയുടെ യഥാർഥ ലക്ഷ്യം പൂർണ്ണതോതിൽ കൈവരിക്കണമെങ്കിൽ ഇൻഫ്ളുവൻസ (Flu) വാക്സിൻ കൂടി ഇതിന്റെ ഭാഗമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

വൈദ്യശാസ്ത്രപരമായ തെളിവുകൾ വ്യക്തമാക്കുന്നത് ഇൻഫ്ളുവൻസ വൈറസ്ബാധ കേവലം ഒരു പനി മാത്രമല്ല, മറിച്ച് മാരകമായ ന്യൂമോകോക്കൽ ബാക്ടീരിയൽ അണുബാധയിലേക്കുള്ള ഒരു വാതിലാണെന്നാണ്. ഇൻഫ്ളുവൻസ വൈറസ് ശ്വാസകോശത്തിന്റെ പ്രതിരോധശേഷി തകർക്കുന്നതിലൂടെ ബാക്ടീരിയകൾക്ക് ശരീരത്തിൽ കടന്നുകൂടാനും ഗുരുതരമായ ന്യുമോണിയ ഉണ്ടാക്കാനും എളുപ്പമാകുന്നു. ഇത്തരത്തിലുള്ള സംയോജിത അണുബാധകൾ വയോജനങ്ങളിൽ അതി തീവ്രമായ ആരോഗ്യപ്രശ്നങ്ങൾക്കും (Severe Morbidity), ദീർഘകാല ആശുപത്രിവാസത്തിനും കാരണമാകുന്നു. കൂടാതെ, ഇൻഫ്ളുവൻസമൂലമുണ്ടാകുന്ന ശാരീരികാഘാതങ്ങൾ പലപ്പോഴും ഹൃദയാഘാതം, പക്ഷാഘാതം തുടങ്ങിയ അവസ്ഥകളിലേക്ക് നയിക്കുന്നു. ഇത് രോഗിയുടെയും കുടുംബത്തിന്റെയും സാമ്പത്തികഭദ്രത തകർക്കുന്നതിനോടൊപ്പംതന്നെ, പൊതുജനാരോഗ്യമേഖലയിൽ സർക്കാർ ചെലവഴിക്കുന്ന വലിയൊരു തുക പാഴാകാനും ഇടയാക്കുന്നു.

സാമ്പത്തികമായി നോക്കിയാൽ, ന്യൂമോകോക്കൽ വാക്സിനൊപ്പം ഇൻഫ്ളുവൻസ വാക്സിൻകൂടി നൽകുന്നത് സർക്കാരിനും ജനങ്ങൾക്കും വലിയ സാമ്പത്തികനേട്ടമുണ്ടാക്കും. നിലവിൽ സജ്ജമാക്കുന്ന വാക്സിനേഷൻ സംവിധാനങ്ങൾതന്നെ ഇതിനായി ഉപയോഗിക്കാമെന്നതിനാൽ അധികച്ചെലവ് കുറവാണ്. ഇൻഫ്ളുവൻസയും അതുവഴിയുണ്ടാകുന്ന ഹൃദയസംബന്ധമായ സങ്കീർണ്ണതകളും തടയുന്നതിലൂടെ സർക്കാരിന്റെ ചികിത്സാച്ചെലവിൽ വൻകുറവുണ്ടാക്കാൻ സാധിക്കും.

പുതിയ ന്യൂമോകോക്കൽ വാക്സിൻ ഒരുതവണ നൽകിയാൽ മതിയാവും. ഫ്ളൂവാക്സിൻ വർഷം തോറും നൽകേണ്ടിവരും. ബി പി എൽ വിഭാഗത്തിൽപ്പെട്ടവർക്കാണ് ന്യൂമോകോക്കൽ വാക്സിൻ സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ഇപ്പോൾ ഇവയുടെ വില കൂടുതലാണെങ്കിലും സർക്കാർ, വയോജനങ്ങൾക്ക് വാക്സിൻ നൽകാൻ തീരുമാനിക്കുന്നതോടെ ഇവയുടെ വില ഗണ്യമായി കുറയാൻ സാധ്യതയുണ്ട്. മിക്ക സംസ്ഥാനങ്ങളിലും വയോജനങ്ങളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ അവർക്കുള്ള വാക്സിനേഷൻ ദേശീയ വാക്സിൻ പദ്ധതിയിൽ ഇവ ഉൾപ്പെടുത്തണമെന്ന് യൂണിയൻ സർക്കാരിനോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

കേരളത്തിലെ മാറുന്ന ജനസംഖ്യാഘടന കണക്കിലെടുത്ത്, ന്യൂമോകോക്കൽ വാക്സിനും ഇൻഫ്ളുവൻസ വാക്സിനും ചേർന്ന ഒരു 'സമഗ്ര ശ്വാസകോശ സുരക്ഷാകവചം' (Comprehensive Respiratory Shield) പദ്ധതി നടപ്പിലാക്കണമെന്നും അതിനായി യൂണിയൻ സർക്കാരിൽ ആവശ്യമായ ഇടപെടലുകൾ നടത്തണമെന്നും കേരളസർക്കാരിനോട് 63-ാം സംസ്ഥാനവാർഷികം അഭ്യർഥിക്കുന്നു.

### 8: യുദ്ധവിരുദ്ധ പ്രമേയം

ലോക സാമ്രാജ്യത്വത്തിന്റെ കച്ചവടതാൽപര്യങ്ങൾക്കനുസരിച്ച് ആഗോളയുദ്ധങ്ങൾ ആരംഭിക്കുന്ന കാലം തിരിച്ചെത്താൻ അനുവദിച്ചുകൂടാ. തങ്ങളുടെ താൽപര്യങ്ങൾക്ക് എതിരുനിൽക്കുന്ന രാഷ്ട്രത്തലവന്മാരെ എല്ലാ അന്താരാഷ്ട്ര നയതന്ത്രമര്യാദകളും ലംഘിച്ച് രാജ്യത്ത് അതിക്രമിച്ചുകയറി തട്ടിക്കൊണ്ടുപോകുകയോ ആയുധശക്തി ഉപയോഗിച്ച് കൊലപ്പെടുത്തുകയോ ചെയ്യുന്നതിലൂടെ സാമ്രാജ്യത്വത്തിനെതിരെ നിലപാടെടുക്കുന്ന ലോകരാഷ്ട്രങ്ങളിൽ അരക്ഷിതാവസ്ഥ പടർത്തുന്ന നടപടി പ്രതിഷേധാർഹമാണ്. സവിശേഷമായ ഈ ആഗോളസാഹചര്യത്തിൽ ലോകസമാധാനത്തിനുവേണ്ടി, സാമ്രാജ്യത്വ യുദ്ധക്കൊതിക്കെതിരെ ശക്തമായ നടപടി കൈക്കൊള്ളുന്നതിന് ലോകരാജ്യങ്ങൾ ഒരുമിച്ച് മുന്നോട്ടുവരണം. ആഗോള നയതന്ത്രത്തിനും ലോക സമാധാനത്തിനും മുൻകാലങ്ങളിൽ ചേരിചേരാ പ്രസ്ഥാനത്തിലൂടെ നിർണ്ണായക ഇടപെടലുകൾ നടത്താനായിട്ടുള്ള ഇന്ത്യ ആ മുന്നേറ്റത്തിന് നേതൃത്വംനൽകണമെന്ന് ഈ വാർഷികം ഇന്ത്യാഗവണ്മെന്റിനോട് ആവശ്യപ്പെടുന്നു.

അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും ഇസ്രയേൽ തെമ്മാടി രാഷ്ട്രത്തിന്റെയും ഇറാൻ ആക്രമണത്തെ ഈ സമ്മേളനം ശക്തമായി അപലപിക്കുന്നു. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ എല്ലാ യൂണിറ്റുകളിലും ബഹുജനങ്ങളെ അണിനിരത്തി യുദ്ധവിരുദ്ധ റാലികൾ സംഘടിപ്പിക്കുവാൻ ഈ വാർഷികം ആഹ്വാനംചെയ്യുന്നു. ■

**വി വി ഷാജി**
(ജനറൽ കൺവീനർ)



# വാർഷികാനുഭവങ്ങൾ

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സംസ്ഥാന വാർഷികം 2026 ഫെബ്രുവരി 28, മാർച്ച് 1 തീയതികളിൽ ഇടുക്കിജില്ലയിലെ അടിമാലി ഗവണ്മെന്റ് ഹൈസ്കൂളിൽവച്ചാണ് നടന്നത്. മുപ്പതുവർഷങ്ങൾക്കുശേഷമാണ് ഇടുക്കിജില്ല സംസ്ഥാനവാർഷികം ഏറ്റെടുക്കുന്നത്.

2025 ഒക്ടോബർ 22 ന് അടിമാലിയിൽവച്ചുനടന്ന സംഘാടകസമിതി യോഗത്തിൽ ദേവികുളം എം എൽ എ അഡ്വ. എ രാജ ചെയർമാനും വി വി ഷാജി ജനറൽകൺവീനറുമായുള്ള സമിതി രൂപവൽക്കരിച്ചു. ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ ആശങ്കയോടെയാണ് സംഘാടകസമിതി വിളിച്ചുചേർത്തത്. എന്നാൽ, പ്രതീക്ഷയ്ക്കപ്പുറമുള്ള പങ്കാളിത്തമുണ്ടായത് പ്രവർത്തകരിൽ വലിയ ആവേശമാണ് നൽകിയത്.

കേന്ദ്രനിർവാഹകസമിതിയംഗങ്ങളുടെ പങ്കാളിത്തത്തോടെ രണ്ടു ദിവസംകൊണ്ട് ഭൂരിപക്ഷം യൂണിറ്റ് വാർഷികങ്ങളും പൂർത്തിയാക്കി. തുടർന്നുള്ള മേഖല-ജില്ല വാർഷികങ്ങളിൽ പ്രവർത്തകരുടെ പങ്കാളിത്തം ആവേശകരമായിരുന്നു. വാർഷികസമ്മേളനം എല്ലാ പ്രവർത്തകരും ഏറ്റെടുക്കുകയായിരുന്നു. തുടർന്ന് വാർഷികത്തിന് അനുബന്ധമായി വിവിധങ്ങളായ പരിപാടികൾക്ക് തുടക്കംകുറിച്ചു. പരിഷത്തിന്റെ പുസ്തകവണ്ടി ജില്ലയിലെ പ്രചാരണത്തിലൂടെ പുസ്തകങ്ങൾ പ്രചരിപ്പിച്ചും, അംഗങ്ങളുടെയും സുഹൃത്തുക്കളുടെയും വീടുകളിലുമായി ആയിരത്തോളം കുടുക്കകൾ സ്ഥാപിച്ചും വാർഷികത്തിന് ആവശ്യമായ വലിയൊരുഭാഗം സാമ്പത്തികവിഭവസമാഹരണം നടത്താൻ കഴിഞ്ഞു.

ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ വാനനിരീക്ഷണ ക്ലാസുകൾ, ശാസ്ത്രകലണ്ടർ പരിചയപ്പെടുത്തൽ, ഇടുക്കി പവർ പ്ലസ് എന്ന പേരിൽ വീടുകളിൽ സോളാർ സ്ഥാപിക്കൽ, വീട്ടിലൊരു ചൂടാറാപ്പെട്ടി (പഞ്ചായത്തിലെ വിവിധ വാർഡുകളിലെ മുഴുവൻ വീടുകളിലും ചൂടാറാപ്പെട്ടി നൽകിക്കൊണ്ടുള്ള ഊർജക്യാമ്പയിൻ), ഫ്രണ്ട്സ് ഓഫ് കെ എസ് എസ് പി-യു എ ഇ യുടെ സഹകരണത്തോടെ ഉന്നതിയിലെ കുട്ടികൾക്ക് പുസ്തകവിതരണം, ഈ മേഖലയിൽ പ്രവർത്തിക്കുന്ന പന്ത്രണ്ട് അങ്കണവാടികൾക്ക് കുരുന്നില പഠനക്കിറ്റ് വിതരണവും പരിശീലനവും,



സ്കൂളുകളിൽ കുട്ടികൾക്കായി നടത്തിയ ഉണർവ് ക്വിസ് പ്രോഗ്രാം, പ്രഥമശുശ്രൂഷ പുസ്തകത്തിന്റെ പ്രചാരണാർഥം വയോജനക്കൂട്ടായ്മയിലും ആരോഗ്യകേന്ദ്രങ്ങളിലും പൊതുജനങ്ങൾക്കായി നടത്തിയ ആരോഗ്യക്ലാസുകൾ... ഇങ്ങനെ വിവിധങ്ങളായ അനുബന്ധ പരിപാടികൾ ജില്ലയിലാകെ നടന്നു.

മെഗാ അനുബന്ധ പരിപാടികൾക്കുപകരം പ്രാദേശികമായി യൂണിറ്റുകൾക്ക് ഏറ്റെടുക്കാവുന്ന പ്രോഗ്രാമുകളാണ് സംഘടിപ്പിച്ചത്. അതുകൊണ്ടുതന്നെ യൂണിറ്റുതല സംഘടനാപ്രവർത്തനം മെച്ചപ്പെടുത്താനും വാർഷികസമ്മേളനത്തെ ഏറ്റെടുപ്പിക്കാനും കഴിഞ്ഞു. വന്യജീവിസംഘർഷം ഉയരുന്ന പ്രശ്നങ്ങൾ സെമിനാർ എറണാകുളംജില്ല ഇടുക്കിയുടെ കവാടമായ കോതമംഗലത്തുവച്ച് സംസ്ഥാനതലത്തിൽ നടത്തി. പാലക്കാട്ടുനിന്ന് പ്രവർത്തകർ സമ്മേളനനഗറിലേക്കുള്ള വഴിയാകർഷകമാക്കാൻ ഇടുക്കിയിലേക്ക് നേരത്തെ എത്തിയതും ഓർക്കുന്നു. വാർഷികപ്രചാരണാർഥം ഇടുക്കിജില്ലയിലെ വിവിധ പ്രദേശങ്ങൾ പരിചയപ്പെടുത്തി റീൽസുകൾ, സഹ്യസന്ദേശം പരിഷദ് വാർത്താപത്രിക, മുളയും പനയോലയും ഉപയോഗിച്ചുള്ള പരസ്യബോർഡുകൾ, ചുമരെഴുത്തുകൾ എന്നിവ വിവിധ യൂണിറ്റുകളിൽ നടന്നു. വിളംബരജാഥയും ഉൽപന്നശേഖരണവും നടന്നു. കരിമണ്ണൂർ യൂണിറ്റിലെ പ്രവർത്തകന്റെ പാടത്ത് കൃഷിചെയ്ത നെല്ലാണ് വാർഷികത്തിലെ കഞ്ഞിയും പലഹാരവുമായി മാറിയത്. ജില്ലയിൽ വാർഷികത്തിന്റെ പ്രചാരണം ശക്തമായപ്പോൾ പുരോഗമനപ്രസ്ഥാനങ്ങളും അധ്യാപക-സർവീസ്സംഘടനകളും സഹകരണ സ്ഥാപനങ്ങളും നമ്മോട് കൈകോർത്തു എന്നുള്ളത് വാർഷികത്തെ വലിയൊരു അളവിൽ വിജയകരമാക്കി. യഥാർഥത്തിൽ പരിഷത്തിന്റെ നേതൃത്വത്തിൽ ഒരു പൊതു പ്ലാറ്റ്ഫോം രൂപപ്പെടുകയായിരുന്നു. ഇന്നിന്റെ ആവശ്യമാണ് പരിഷത്ത്. അതിനെ എല്ലാതരത്തിലും ശക്തിപ്പെടുത്തേണ്ടതും പിന്തുണ നൽകേണ്ടതുമാണെന്ന് അവർ പ്രഖ്യാപിക്കുകയായിരുന്നു. ആ ചേർത്തുപിടിക്കലാണ് സംസ്ഥാനവാർഷികത്തിന്റെ വിജയരഹസ്യ രസതന്ത്രം. സംഘാടകസമിതി കൂടിച്ചേർന്ന് വാർഷികത്തിന്റെ വരവുചെലവു കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. സംഘടനാപരമായ മുന്നേറ്റത്തിന് വാർഷികം നിമിത്തമായി. ഈ സമയത്തിനുള്ളിൽ നാല് പുതിയ യൂണിറ്റുകളും പ്രവർത്തകരുമായി ഇടുക്കി മുന്നോട്ടുപോകുമെന്ന കാര്യത്തിൽ സംശയമില്ല. ഇനിയുമൊരു കുളിർക്കാറ്റും തണുപ്പും പകർന്നുനൽകാൻ ഇടുക്കിയിലെ മലനിരകളിൽ കൂടാം... വരുക. ഇടുക്കിയുടെ നന്ദിയും സ്നേഹവും ഇവിടെ പങ്കുവയ്ക്കുന്നു. ■

# ജില്ലാവാർത്തകൾ



## ഇടുക്കി പ്രവർത്തകയോഗം

ഇടുക്കിജില്ലയിലെ അടിമാലിയിൽ നടന്ന 63-ാമത് വാർഷികസമ്മേളനവുമായി ബന്ധപ്പെട്ട് രൂപവൽക്കരിച്ച സംഘാടകസമിതിയുടെ യോഗം 20.3.2026 വെള്ളിയാഴ്ച സംസ്ഥാന പ്രസിഡന്റ് ഡോ. സി രാമകൃഷ്ണൻ, ജനറൽസെക്രട്ടറി മനോജ്കുമാർ വി എന്നിവരുടെ സാന്നിധ്യത്തിൽ അടിമാലിയിൽ നടന്നു. സംഘാടകസമിതി ഭാരവാഹികളും പരിഷത്ത് ഇടുക്കി ജില്ല, മേഖല, യൂണിറ്റ് ഭാരവാഹികളും പങ്കെടുത്തു. സംസ്ഥാനവാർഷികം നന്നായി നടന്നുവെന്ന് യോഗം വിലയിരുത്തി.

• • •

## മാർച്ച് 31 ട്രാൻസ്ജെൻഡർ ദിനം ആചരിച്ചു




കണ്ണൂർ: ജില്ല ജെൻഡർ വിഷയസമിതിയുടെ ഭാഗമായി മാർച്ച് 31 ട്രാൻസ്ജെൻഡർ ദിനം ആചരിച്ചു. ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണം ഭേദഗതി ബിൽ 2026 പിൻവലിക്കുക എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് പരിയാരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. എ കെ ജയശ്രീ വിഷയാവതരണം നടത്തി ഉദ്ഘാടനം ചെയ്തു. ജെൻഡർ ചെയർപേഴ്സൺ വിലാസിനി ടീച്ചറിന്റെ അധ്യക്ഷതയിൽ ട്രാൻസ്ജെൻഡർ ആക്ടിവിസ്റ്റും CYDA യുടെ കേരള റീജിയൺ പ്രോഗ്രാം എക്സിക്യൂട്ടീവുമായ സന്ധ്യ ജിജോ മുഖ്യാതിഥിയായി ട്രാൻസ്ജെൻഡർ ഭേദഗതി ബില്ല് സമൂഹത്തിലുണ്ടാക്കുന്ന ഭവിഷത്തുകളെക്കുറിച്ച് വിശദീകരിച്ചു. മാർച്ച് 31ന് വൈകുന്നേരം 4 മണിക്ക് കാൽടെക്സ് പരിസരത്തുവച്ച് നടന്ന പരിപാടിയിൽ പരിഷത്ത് സംസ്ഥാന നിർവാഹകസമിതിയംഗം പി പി ബാബു, ധന്യാറാം, മുതിർന്നപ്രവർത്തകൻ സി പി ഹരീന്ദ്രൻ മാസ്റ്റർ എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു. ജില്ലാ ജെൻഡർ കൺവീനർ വനജ പി സ്വാഗതവും കമലാസുധാകരൻ നന്ദിയും പറഞ്ഞു. പരിപാടിയിൽ 42 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

• • •

## വാഹനജാഥ നടത്തി



കോഴിക്കോട്: പൊതു ആരോഗ്യസംവിധാനങ്ങളെ അപകീർത്തിപ്പെടുത്തി കോർപ്പറേറ്റുകൾക്ക് ഒറ്റുകൊടുക്കരുതെന്ന മുദ്രാവാക്യമുയർത്തി കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കോഴിക്കോട് ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ വാഹനജാഥകൾ സംഘടിപ്പിച്ചു. പ്രചാരണജാഥകൾ പേരാമ്പ്രയിൽ ശാസ്ത്രകേരളം എഡിറ്റർ ഡോ. മിഥുൻ സിദ്ധാർഥൻ ഉദ്ഘാടനംചെയ്തു. രണ്ടു ജാഥകളാണ് ജില്ലയിൽ പര്യടനം നടത്തിയത്. ജില്ലാ സെക്രട്ടറി പി ബിജു നയിച്ച ജാഥ ബാലുശ്ശേരിമുക്ക്, നരിക്കുനി, കൊടുവള്ളി, കുന്നമംഗലം, മെഡിക്കൽ കോളേജ് പരിസരം എന്നിവിടങ്ങളിലെ സ്വീകരണത്തിനുശേഷം കോവൂരിൽ സമാപിച്ചു. സമാപന പൊതുയോഗം ഡോ. ടി ജയകൃഷ്ണൻ ഉദ്ഘാടനംചെയ്തു. ഉപലീഡറായി ജില്ലാ ജോ. സെക്രട്ടറി ഇ ടി സുജാതയും മാനേജരായി ജില്ലാ ട്രഷറർ സി സത്യനാഥനും പ്രവർത്തിച്ചു. ജില്ലാ പ്രസിഡന്റ് വി കെ ചന്ദ്രൻ നയിക്കുന്ന ജാഥ കക്കട്ടിൽ, കല്ലാച്ചി, ഓർക്കാട്ടേരി, വടകര കേന്ദ്രങ്ങളിലെ സ്വീകരണത്തിനുശേഷം കൊയിലാണ്ടിയിൽ സമാപിച്ചു. ജാഥയുടെ ഉപലീഡറായി ജില്ലാ വൈസ് പ്രസിഡന്റ് ഹരീഷ് ഹർഷനും മാനേജരായി ജില്ലാ ആരോഗ്യവിഷയസമിതി കൺവീനർ കെ സി ദിലീപ് കുമാറും പ്രവർത്തിച്ചു. വിവിധ കേന്ദ്രങ്ങളിൽ പി കെ ബാലകൃഷ്ണൻ, എസ് യമുന, പി എം വിനോദ് കുമാർ, ശ്രീനിവാസൻ ചെറുകുളത്തൂർ, സുജ അശോകൻ, പി കെ സതീഷ്, ഇ രാജൻ, ടി കെ രേഷ്മ, കെ ശ്രീശൻ, എം പ്രീത, ടി രമേശൻ എന്നിവർ സംസാരിച്ചു.

പേരാമ്പ്ര മരക്കാടി സ്ക്വയറിൽ നടന്ന ഉദ്ഘാടന യോഗത്തിൽ ഹരീഷ് ഹർഷ അധ്യക്ഷത വഹിച്ചു. ഡോ. സി കെ വിനോദ്, പി കെ ബാലകൃഷ്ണൻ, ഡോ. എസ് മീനു, പി എം ഗീത, പി കെ സതീശ് എന്നിവർ സംസാരിച്ചു. പേരാമ്പ്ര മേഖലാസെക്രട്ടറി വി ഒ അബ്ദുൾ അസീസ് സ്വാഗതവും കെ സി ദിലീപ്കുമാർ നന്ദിയും പറഞ്ഞു.

• • •

## നൽകുക നേട്ടങ്ങൾക്കായി... ജെൻഡർ സ്കൂളുകൾ - എറണാകുളം ജില്ലയിൽ മുന്നേറുന്നു

പ്രസംഗങ്ങളില്ലാതെ, സരസമായ സംവാദങ്ങളിലൂടെ, ആശയങ്ങൾ പരത്തുന്ന പാട്ടുകളിലൂടെയും, കഥയിലൂടെയും ജീവിതാനുഭവങ്ങളിലൂടെയും 1-2 മണിക്കൂറുകൾ. ലിംഗസമത്വം, കുടുംബത്തിലെ ജനാധിപത്യം തുടങ്ങിയ വലിയ ആശയങ്ങൾ ലളിതമായ വാക്കുകളിലൂടെ ചർച്ചചെയ്യപ്പെടുന്നു. പരസ്പരം പരിചയപ്പെട്ടും പരിചയപ്പെടുത്തിയും ആരംഭിക്കുന്ന സദസ്സിൽ ചോദ്യപ്പെട്ടി തുറക്കുന്നതോടെ അംഗങ്ങൾ സജീവമാകുന്നു. ജീവിതാനുഭവങ്ങളും അതിലൂടെ ആർജിച്ച ആശയങ്ങളും പരസ്പരം ആഴത്തിൽ മനസ്സിലാക്കുന്നതിന് സഹായിക്കുന്നു. പ്രൊഫ. ചന്ദ്രമതി എഴുതിയ അമലയുടെ മോചനം, രാഘവീയം തുടങ്ങിയ ലഘുരചനകളിലൂടെ വ്യത്യസ്ത ജീവിതസന്ദർഭങ്ങൾ അനാവരണംചെയ്യുന്നു. 'എന്റെ കുടുക്ക, എന്റെ കിടക്ക-എന്റെ പിറന്നാളെൻ ജലദോഷം' എന്ന കവിതാശകലം ആത്മവിമർശനത്തിനവസരമൊരുക്കുന്നു. അതിനിടയിൽ പങ്കാളികൾ തയ്യാറാക്കിയ വൈവിധ്യമാർന്ന ലഘുവിഭവങ്ങൾ പലയിടത്തും... ഇങ്ങനെ, വ്യത്യസ്തരീതികളിൽ ജില്ലയിലെമ്പാടും ജെൻഡർ സ്കൂളുകൾ പുരോഗമിക്കുന്നു.

പരിഷത്ത് എറണാകുളം ജില്ലാ ജെൻഡർ വിഷയസമിതിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 8 വനിതാദിനത്തോടനുബന്ധിച്ച് പരിഷത്ത് കുടുംബസംഗമങ്ങളിലും വിവിധ സ്ത്രീ-പുരുഷ കൂട്ടായ്മകളിലും സംഘടിപ്പിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പ്രവർത്തനങ്ങൾ ജെൻഡർ സ്കൂൾ ജില്ലാതല ശില്പശാലയിൽ പരിചയപ്പെടുത്തി. കൺവീനർ ടി ബി അനിത സ്വാഗതം പറഞ്ഞു. റിട്ട. ഐ എസ് ആർ ഒ ശാസ്ത്രജ്ഞൻ സി രാമചന്ദ്രൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ജില്ലാ ചെയർപേഴ്സൺ എം കെ രാജേന്ദ്രൻ ആമുഖം അവതരിപ്പിച്ചു. പരിഷത്ത് ജില്ലാ ജോയിന്റ് സെക്രട്ടറി ദീപാമണി പി ജി 'ഇവിടുത്തെ പോലെ അവിടെയും' എന്ന ചെറുകഥ അവതരിപ്പിച്ചുകൊണ്ടായിരുന്നു തുടക്കം. പ്രവർത്തകർ നാലുഗ്രൂപ്പുകളായി തിരിഞ്ഞ് പരിചയപ്പെട്ടതിനുശേഷം പ്രവർത്തനങ്ങളാരംഭിച്ചു. ചോദ്യപ്പെട്ടി, കവിത, കഥ തുടങ്ങിയവ എല്ലാ ഗ്രൂപ്പിലും ചർച്ചചെയ്തുതയ്യാറാക്കിയ കുറിപ്പുകൾ ഓരോ ഗ്രൂപ്പിൽനിന്നും മൂന്നുപേർ വീതം അവതരിപ്പിച്ചു. ഷേർലി വർഗീസ്, ടി ബി അനിത, പി ജി ദീപാമണി, ജനതാപ്രദീപ് എന്നിവർ നേതൃത്വംനൽകി. 14 പുരുഷന്മാർ ഉൾപ്പെടെ 30 പ്രവർത്തകരുടെ പങ്കാളിത്തമുണ്ടായി.

തുടർന്ന്, വിവിധ മേഖലകളിൽ മേഖലാതല ശില്പശാലകൾ സംഘടിപ്പിച്ചു. മാർച്ച് 8 ന് ജില്ലയിലെ



വിവിധ മേഖലകളിലായി 25 കുടുംബസദസ്സുകൾ നടന്നു. ഇപ്പോൾ ജില്ലയിലാകെ 38 സദസ്സുകൾ നടന്നിട്ടുണ്ട്. ഓരോ മേഖലയിലും കുടുംബസദസ്സ് പൂർത്തിയാക്കിയ യൂണിറ്റുകൾ ചുവടെ ചേർക്കുന്നു. എറണാകുളം-6 (ചിറ്റൂർ, തമ്മനം, ഇടപ്പിള്ളി സൗത്ത്, ടോൾ, എളംകുളം, മാമംഗലം), കോലഞ്ചേരി-4 (പെരിങ്ങാല, അമ്പലമേട്), അങ്കമാലി-4 (ശ്രീമൂല നഗരം, നീലിശ്വരം, കാഞ്ഞൂർ, വേങ്ങൂർ), പാറക്കടവ്-3 (ദേശം, കുന്നുകര, നെടുമ്പാശ്ശേരി), കൊച്ചി -3 (കുമ്പളങ്ങി, ഫോർട്ടുകൊച്ചി), ആലങ്ങാട്-2 (ഏലൂർ, ആലങ്ങാട്), പറവൂർ-2 (കെടാമംഗലം, പറവൂർ), ആലുവ-2 (മുപ്പത്തടം, കടുങ്ങല്ലൂർ), തൃപ്പൂണിത്തുറ -2 (എരൂർ നോർത്ത്, കരിങ്ങാച്ചിറ), മുളന്തുരുത്തി-1 (ആമ്പല്ലൂർ), മൂവാറ്റുപുഴ-1 (മാറാടി), വൈപ്പിൻ-1 (നായരമ്പലം), കൂത്താട്ടുകുളം-1, പെരുമ്പാവൂർ-1 (മേതല).


എം കെ രാജേന്ദ്രൻ ചെയർപേഴ്സനും അനിത ടി ബി കൺവീനറുമായ ജില്ലാവിഷയസമിതിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വംനൽകുന്നത്.

• • •

## ആരോഗ്യസെമിനാർ

തിരുവനന്തപുരം: ജില്ലാ ആരോഗ്യ വിഷയസമിതിയുടെ നേതൃത്വത്തിൽ 'ആരോഗ്യരംഗത്തെ സാധ്യതകളും വെല്ലുവിളികളും,' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

ശിശുമരണനിരക്കിലും മാതൃമരണനിരക്കിലും ഉണ്ടായിട്ടുള്ള കുറവ്, മെച്ചപ്പെട്ട ആയുർദൈർഘ്യം, നവജാത ശിശുമരണം, ലിംഗ അനുപാതം (Sex ratio) തുടങ്ങി വിവിധ മാനദണ്ഡങ്ങൾ പ്രകാരം കേരളത്തിന്റെ ആരോഗ്യരംഗം വികസിതരാജ്യങ്ങൾക്കൊപ്പമാണ്. ഇതോടൊപ്പം സർക്കാർ ആശുപത്രികളിലെ ഭൗതികസാഹചര്യങ്ങളും, ആരോഗ്യസേവനങ്ങളും മെച്ചപ്പെടുത്തുകയും ആർദ്രംപദ്ധതി മുഖേന ദീർഘസ്ഥായീരോഗങ്ങൾക്കുള്ള ചികിത്സയും മരുന്നുകളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കാൻസർ, വൃക്കരോഗങ്ങൾപോലുള്ള ഗുരുതരരോഗങ്ങൾക്കുള്ള ഔഷ



ധങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാനുള്ള ശ്രമങ്ങളും ശ്രദ്ധേയമാണ്. പ്രാദേശികമായിട്ടുള്ള ചെറുകിട ക്ലിനിക്കുകളും സ്വകാര്യ ആശുപത്രികളും നൽകുന്ന സേവനങ്ങളും പ്രശംസനീയമാണ്. എന്നാൽ, ഒട്ടനവധി സ്വകാര്യ ക്ലിനിക്കുകൾ വ്യത്യസ്ത കാരണങ്ങളാൽ അടച്ചുപൂട്ടപ്പെടുന്നു എന്നതും കാണേണ്ടതാണ്. ഈ സാഹചര്യത്തിലാണ് നമ്മുടെ സംസ്ഥാനത്തിലെ ചില മുൻനിര സ്വകാര്യ ആശുപത്രികളിൽ ഈയിടെ വന്നിട്ടുള്ള വിദേശനിക്ഷേപം ആശങ്കപ്പെടുത്തുകയും ചർച്ചയാകുകയും ചെയ്യുന്നത്. തിരുവനന്തപുരം ജില്ലാകമ്മിറ്റി പ്രസിഡന്റ് ബി നാഗപ്പൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ ആരോഗ്യ വിഷയസമിതി കൺവീനർ വി ജിനുകുമാർ സ്വാഗതം പറഞ്ഞു.

'കേരളത്തിലെ ആരോഗ്യരംഗം നേരിടുന്ന വെല്ലുവിളികളും സാധ്യതകളും' എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട്, സംസ്ഥാന ആരോഗ്യവിഷയസമിതി ചെയർമാൻ ഡോ. ടി പി മുബാറക് സാനി ഉദ്ഘാടനം നിർവഹിച്ചു.

'ആരോഗ്യരംഗത്തെ വിദേശ നിക്ഷേപം: സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ ഡോ. അൽത്താഫ് എ (പ്രൊഫസർ, കമ്മ്യൂണിറ്റി മെഡിസിൻ, തിരുവനന്തപുരം മെഡിക്കൽ കോളേജ്) അവതരണം നടത്തി. 'ആരോഗ്യരംഗത്തെ നേട്ടങ്ങളും പരിമിതികളും' എന്ന വിഷയത്തിൽ ഡോ. യു നന്ദകുമാറും 'ഔഷധ വില നിർണ്ണയത്തിലെ കാണാപ്പുറങ്ങൾ' എന്ന വിഷയത്തിൽ എ വി പ്രദീപും (കെ എം എസ് ആർ എ സംസ്ഥാന പ്രസിഡന്റ്) സംസാരിച്ചു. ഡോ. കെ വിജയകുമാർ രചിച്ച വയോജന പരിപാലനം: ശാസ്ത്രം, സമൂഹം എന്ന പുസ്തകം ഡോ. ടി പി മുബാറക് സാനി ജില്ലയിലെ മുതിർന്ന പരിഷത്ത് പ്രവർത്തകനായ നെയ്യപ്പള്ളി അപ്പുക്കുട്ടൻനായർക്ക് നൽകി പ്രകാശനം നിർവഹിച്ചു. പുസ്തകത്തെക്കുറിച്ച് ശാസ്ത്രഗതി അസോസിയേറ്റ് എഡിറ്റർ സന്തോഷ് ഏറത്ത് അവതരണം നടത്തി. എസ് എസ് ഹമീദ് (ജനറൽ സെക്രട്ടറി, കെ ജി എൻ എ), ഡോ. ബിനോയ് (ചെയർമാൻ, ജില്ലാ ആരോഗ്യ വിഷയസമിതി), പി കൃഷ്ണാനന്ദ് (എഫ് എം ആർ എ ഐ അഖിലേന്ത്യാ പ്രസിഡന്റ്) എന്നിവർ പ്രതികരണങ്ങൾ നടത്തി. ജെ എൻ ജയരാജ്, വി കെ നന്ദനൻ, എ പി അനിൽകുമാർ എന്നിവരും സംസാരിച്ചു. ■

# കെ എൻ പണിക്കർ അനുസ്മരണം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 20.3.26ന് കണ്ണൂർ പരിഷത്ത് ഭവനിൽവച്ച് രാജ്യത്തെ പ്രമുഖചരിത്രകാരനും വിദ്യാഭ്യാസചിന്തകനും ആയിരുന്ന ഡോ. കെ എൻ പണിക്കർ അനുസ്മരണ പ്രഭാഷണം സംഘടിപ്പിച്ചു. കേന്ദ്ര നിർവാഹകസമിതി അംഗമായ പ്രൊഫ. ടി പി കുഞ്ഞിക്കണ്ണൻ ഇന്ത്യയിലെ ചരിത്രകാരന്മാരിൽ പ്രധാനിയായിരുന്ന കെ എൻ പണിക്കരുടെ ജീവിതവും അദ്ദേഹം നൽകിയ സംഭാവനകളും ചരിത്രത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളും അവതരിപ്പിച്ചു. പരിഷത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച വിദ്യാഭ്യാസ കമ്മിഷൻ അംഗമെന്ന നിലയിൽ അദ്ദേഹം നൽകിയ സംഭാവനകൾ എടുത്തു പറഞ്ഞു.

## അറിയിപ്പ്

സുഹൃത്തുക്കളേ,

പ്രവർത്തകരുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് ദീർഘകാലത്തിനുശേഷം പരിഷദ് വാർത്ത പ്രിന്റുചെയ്ത് പ്രസിദ്ധീകരിക്കുകയാണ്. കെട്ടിലും മട്ടിലും മാറ്റംവരുത്തിയ പരിഷദ് വാർത്ത എല്ലാ മാസവും പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. സംഘടനയുടെ എല്ലാ തലങ്ങളിലും നടക്കുന്ന പ്രവർത്തനങ്ങളുടെ വാർത്തകളും ചിത്രങ്ങളും പരിഷദ് വാർത്തയിലേക്ക് അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

വിലാസം: parishadvartha@gmail.com

**ജനറൽ സെക്രട്ടറി**




### തൃശ്ശൂർ ജില്ല:

ചരിത്രകാരനും അധ്യാപകനും മാർക്സിയൻ ദാർശനികനുമായ ഡോ. കെ എൻ പണിക്കരെ അനുസ്മരിച്ചു. തൃശ്ശൂർ ജില്ലാക്കമ്മിറ്റി സംഘടിപ്പിച്ച അനുസ്മരണ സമ്മേളനത്തിൽ സി അച്യുതമേനോൻ, ഗവ. കോളേജ് പ്രിൻസിപ്പാൾ ഡോ. പി എസ് മനോജ്കുമാർ മുഖ്യപ്രഭാഷണം നടത്തി.

പരിഷത്ത് ജില്ലാപ്രസിഡന്റ് ഡോ. സി എൽ ജോഷി അധ്യക്ഷത വഹിച്ചു. നിർവാഹകസമിതി അംഗം ഡോ. പി യു മൈത്രി കെ എൻ പണിക്കരെ അനുസ്മരിച്ചു സംസാരിച്ചു.

സാംസ്കാരിക പ്രവർത്തനത്തിനുപകരം സംസ്കാരത്തിൽ ഇടപെടുകയാണ് നാം ചെയ്യേണ്ടതെന്ന് കെ എൻ പണിക്കർ പറഞ്ഞിരുന്നത് ഡോ. കാവുമ്പായി ബാലകൃഷ്ണൻ അനുസ്മരിച്ചു.

ശാസ്ത്രാവബോധസമിതി ജില്ലാകൺവീനർ സി ബാലചന്ദ്രൻ, ചരിത്രഗവേഷണ വിദ്യാർഥികളായ എം ജിയ, പി എ അമൃത, ഗൗതം മുരളി, പരിഷത്ത് ജില്ലാ സെക്രട്ടറി കെ കെ കസീമ എന്നിവർ സംസാരിച്ചു. ■

# മേഖല–യൂണിറ്റ് വാർത്തകൾ

## ഏറ്റുമാനൂർ മേഖലയിൽ ജനസംവാദസദസ്സുകൾ സംഘടിപ്പിച്ചു.

ഏറ്റുമാനൂർ മേഖല : ഏറ്റുമാനൂർ മേഖലയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ ജനസംവാദസദസ്സുകൾ സംഘടിപ്പിച്ചു. ആകെ 4 സദസ്സുകളാണ് വിജയകരമായി നടത്തിയത്.

വയല യൂണിറ്റിൽ രണ്ട് സദസ്സുകളും ഏറ്റുമാനൂർ യൂണിറ്റിൽ ഒരു സദസ്സും നടന്നു. കൂടാതെ, കാണക്കാരി യൂണിറ്റിൽനടന്ന സദസ്സിൽ മേഖലാതല ഉദ്ഘാടനം മുൻ കേന്ദ്രനിർവാഹകസമിതി അംഗം ആർ സനൽകുമാർ നിർവഹിച്ചു.

കേരളം: സഹജീവനത്തിന്റെ രാഷ്ട്രീയം, പശ്ചിമേഷ്യൻ യുദ്ധം: ശാസ്ത്രവും അർഥശാസ്ത്രവും എന്നീ വിഷയങ്ങൾ പ്രധാന ചർച്ചയായി.

സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകളെക്കുറിച്ചുള്ള ശാസ്ത്രീയമായ വിലയിരുത്തലുകൾ പ്രദേശവാസികളിൽനിന്നും ലഭിച്ചു.

പരിഷത്ത്പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് കൂടുതൽ വ്യാപിപ്പിക്കുന്നതിനും, പൊതുവിൽ ലഭിക്കുന്ന വിവരങ്ങൾ പരിഷത്ത് എങ്ങനെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നരീതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ജനസംവാദസദസ്സുകൾക്ക് വലിയ പ്രാധാന്യമുണ്ടെന്ന് വ്യക്തമാക്കുന്നതായിരുന്നു സംവാദസദസ്സിന്റെ വിജയകരമായ സംഘാടനത്തിലൂടെ മനസ്സിലാവുന്നത്. വിവിധ കേന്ദ്രങ്ങളിൽ നിർവാഹകസമിതി അംഗം വിജു കെ എൻ, ജില്ലാ പ്രസിഡന്റ് ഡോ. എം കെ ബിജു, ജില്ലാകമ്മിറ്റി അംഗങ്ങളായ സി ശശി, പി എൻ കേശവൻ, റീന ആനന്ദ്, മേഖലാ പ്രസിഡന്റ് ജയകുമാർ കെ തുടങ്ങിയവർ വിഷയാവതരണം നടത്തി.

• • •

## ചേർപ്പ് മേഖലാകൺവെൻഷൻ

ചേർപ്പ് മേഖലാകൺവെൻഷൻ 22.03.2022 വൈകുന്നേരം 3.30ന് ഊരകം സൊസൈറ്റി ഹാളിൽവച്ച് ചേർന്നു.

ചേർപ്പ്, പാറളം, വല്ലച്ചിറ, അവിണിശ്ശേരി യൂണിറ്റുകളിൽ നിന്നായി 18 പേർ പങ്കെടുത്തു. മേഖലാപ്രസിഡന്റ് ടി ആർ വിജയന്റെ അധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിന് കെ എൻ മധുസൂദനൻ സ്വാഗതം പറഞ്ഞു. സംസ്ഥാന നിർവാഹകസമിതിയംഗം അഡ്വ. കെ പി രവിപ്രകാശ് ചേർപ്പ് പ്രദേശത്ത് പരിഷത്ത് സംഘടന നിലനിൽക്കേണ്ടതിന്റെ ആവശ്യകത നിലനിൽക്കുന്ന സാമൂഹിക-രാഷ്ട്രീയ സാഹചര്യത്തെ വിശദീകരിച്ചുകൊണ്ട് സംസാരിച്ചു. തുടർന്ന് പങ്കെടുത്ത എല്ലാ അംഗങ്ങളും അവരുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. ജോയിന്റ് സെക്രട്ടറി ഐ കെ മണി പങ്കെടുത്തവരെ അഭിസംബോധനചെയ്ത് സംസാരിച്ചു. ജില്ലാസെക്രട്ടറി കെ കെ കസീമ ക്രോഡീകരണം നടത്തി. യോഗത്തിന് വി വി സുബ്രഹ്മണ്യൻ നന്ദി പറഞ്ഞു.

• • •

## ആരോഗ്യശില്പശാല സംഘടിപ്പിച്ചു

കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ആളൂർ യുവജന സമാജം വായനശാലയുടെയും, ശാസ്ത്രസാഹിത്യ പരിഷത്ത് കണ്ടാണശ്ശേരി യൂണിറ്റിന്റെയും അക്കാദമിക സഹകരണത്തോടെ 'അറിയാം അകറ്റാം പകരാവ്യാധികളെ' എന്ന ലക്ഷ്യത്തോടെ ആരോഗ്യ ശില്പശാല സംഘടിപ്പിച്ചു.

ആളൂർ ഇ എം എസ് സ്മാരകഹാളിൽ നടന്ന ശില്പശാല കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുധീപയുടെ അധ്യക്ഷതയിൽ പ്രസിഡന്റ് എം പി സജീവ് ഉദ്ഘാടനംചെയ്തു. ബ്ലോക്ക് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി എൻ പ്രസാദ്, പഞ്ചായത്ത് മെമ്പർമാരായ, ലിയ ജോജോ, ജോൺ കാക്കശ്ശേരി, ഡോ. കെ ജി രാധാകൃഷ്ണൻ, പരിഷത്ത് മേഖലാസെക്രട്ടറി എം കെ സോമൻ, പഞ്ചായത്ത് സെക്രട്ടറി കെ കെ രാധാകൃഷ്ണൻ എന്നിവർ സംസാരിച്ചു. വാർഡ് മെമ്പറും വായനശാല സെക്രട്ടറിയുമായ എ വി ഗംഗാധരൻ സ്വാഗതവും, പരിഷത്ത് യൂണിറ്റ് പ്രസിഡന്റ് അഡ്വ. സിന്ധു ഷാജു നന്ദിയും പറഞ്ഞു.

ഡോ. കെ ജി രാധാകൃഷ്ണൻ, ജെ എച്ച് ഐ ബിഞ്ചുജേക്കബ്, ഡോ. ലോഹിതാക്ഷൻ, ജെ പി എച്ച് കെ വി വിനിത എന്നിവർ ക്ലാസുകൾ നയിച്ചു. എം പി പ്രശാന്ത്, ലാർസൺ സെബാസ്റ്റ്യൻ, സത്യപാലൻ മാസ്റ്റർ എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

• • •

## ഇടുക്കി ജില്ലയിൽ പുതിയ യൂണിറ്റ്

ഇടുക്കി: കേരള ശാസ്ത്രസാഹിത്യ പരിഷത്ത് വണ്ണപ്പുറം യൂണിറ്റ് രൂപവൽക്കരണയോഗം 2026 ഫെബ്രുവരി 20-ാം തീയതി വണ്ണപ്പുറം പെൻഷൻ ഭവനിൽ ചേർന്നു. തൊടുപുഴ മേഖലാസെക്രട്ടറി പി എം ഷാജി അധ്യക്ഷത വഹിച്ചു. വണ്ണപ്പുറം ഗ്രാമ പഞ്ചായത്തംഗം അജിത ദിനേശ് യോഗം ഉദ്ഘാടനം ചെയ്തു. കേന്ദ്ര നിർവാഹകസമിതി അംഗം ആർ സനൽകുമാർ മുഖ്യപ്രഭാഷണം നടത്തി. ടി സി ജോർജ്, ശിവപ്രസാദ്, ജോർജ് വർഗീസ്, പ്രഭാകരൻ നായർ, സോജൻ എന്നിവർ സംസാരിച്ചു.

ജോർജ് വർഗീസിനെ പ്രസിഡന്റായും ടി പി സുരേഷ് കുമാറിനെ സെക്രട്ടറിയായും തിരഞ്ഞെടുത്തു. ■

# വനിതാദിന പരിപാടി

## വർക്കല മേഖല:

മേഖലയുടെ ആഭിമുഖ്യത്തിൽ വനിതാദിനാചരണത്തിന്റെ ഭാഗമായി മേഖലാ ജെൻഡർ വിഷയസമിതി ഞെക്കാട് വനിതാസെമിനാർ സംഘടിപ്പിച്ചു. അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മേഖലാ ജോയിന്റ് സെക്രട്ടറി ആര്യ ലിജു സംസാരിച്ചു. വിഷയസമിതി കൺവീനർ ഷിൻജു ഷാബു വിഷയാവതരണം നടത്തി. ഗീതയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ മേഖലാപ്രസിഡന്റ് മനോജ് സ്വാഗതം ആശംസിച്ചു. ഉന്നതവിദ്യാഭ്യാസ വിഷയസമിതി കൺവീനർ ജീവരാജ് നന്ദി രേഖപ്പെടുത്തി.

• • •

## കല്ലിയൂർ യൂണിറ്റ്



കല്ലിയൂർ യൂണിറ്റിന്റെ വനിതാദിനപരിപാടി ഉപനിയൂർ NSS ഹാളിൽവച്ചു സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് കുമാരി മല്ലിക അധ്യക്ഷത വഹിച്ച പരിപാടിയിൽ 42 പേർ പങ്കെടുത്തു.

ഡോ. ചന്ദ്രലേഖ ‘സ്ത്രീ ശക്തീകരണം കുടുംബശ്രീയിലൂടെ’ എന്ന വിഷയത്തിൽ പ്രധാന അവതരണം നടത്തി. വിവിധ കുടുംബശ്രീകളിൽനിന്നും ശ്രീമതി ഇന്ദു, വിജയകുമാരി, സോഫിയ, ADS പ്രസിഡന്റ് ഷീജ സജി എന്നിവർ പങ്കെടുത്തു സംസാരിച്ചു. ശേഷം പി ഗോപകുമാർ ചർച്ച ക്രോഡീകരിച്ചു സംസാരിച്ചു.

വിജയകുമാരി സ്വാഗതം പറഞ്ഞ പരിപാടിയ്ക്ക് കല്ലിയൂർ പഞ്ചായത്ത് മുൻ പ്രസിഡന്റ് ബി എൽ ഹേമ നന്ദി പറഞ്ഞു. സിവിൽ സർവീസ് പരീക്ഷയിൽ മികച്ച വിജയം നേടിയ അനുഷ, കുടുംബശ്രീ വിഷയത്തിൽ പഠനംനടത്തി ഡോക്ടറേറ്റ് കരസ്ഥമാക്കിയ ചന്ദ്രലേഖ എന്നിവർക്ക് സദസ്സിൽ അനുമോദനം നൽകി. പരിപാടിയ്ക്ക് മേഖലാ മുൻ പ്രസിഡന്റ് കെ എസ് വിജയകുമാർ, മേഖലാ ജോയിന്റ് സെക്രട്ടറി ഉണ്ണികൃഷ്ണൻ, ജില്ലാക്കമ്മിറ്റി അംഗം ആശാദേവി എന്നിവർ നേതൃത്വം നൽകി.

• • •

## മുചുകുന്ന് യൂണിറ്റ്:

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മുചുകുന്ന് യൂണിറ്റിന്റെ നേതൃത്വത്തിൽ C-N.0-94 പാച്ചാക്കൽ അങ്കണവാടി, കൊയിലാണ്ടി ലീഗൽ സർവീസ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടുകൂടി വനിതാദിന പരിപാടിയുടെ ഭാഗമായി സംവാദസദസ്സ് സംഘടിപ്പിച്ചു. അങ്കണവാടിയിൽവച്ച് നടന്ന പരിപാടി മൂടാടി ഗ്രാമപഞ്ചായത്ത് എട്ടാംവാർഡ് മെമ്പർ സുനിത കെ ടി ഉദ്ഘാടനംചെയ്തു. യൂണിറ്റ് പ്രസിഡന്റ് രവീന്ദ്രൻ തെക്കേടത്ത് അധ്യക്ഷതവഹിച്ചു. അഡ്വ. പ്രിൻസി, എ ടി രവി, നിഷിത ടി, പ്രദീപൻ വി കെ എന്നിവർ സംവാദത്തിന് നേതൃത്വംകൊടുത്തു. യൂണിറ്റ് സെക്രട്ടറി കെ എം പുഷ്പലത സ്വാഗതവും രമ എം എ നന്ദിയും പറഞ്ഞു. 25 പേർ പരിപാടിയിൽ പങ്കെടുത്തു.

• • •

## എസ് എൻ പുരം യൂണിറ്റ്:

വനിതാദിനത്തോടനുബന്ധിച്ച് കേരള ശാസ്ത്രസാഹിത്യപരിഷത്ത് എസ് എൻ പുരം യൂണിറ്റും എസ് എൻ പുരം പഞ്ചായത്ത് വായനശാലാസമിതിയും പനങ്ങാട് യുവതരംഗം വായനശാലയുമായി ചേർന്നുകൊണ്ട് യുവതരംഗം വായനശാലയിൽ വനിതാദിനപരിപാടി സംഘടിപ്പിച്ചു. 38 പേർ പങ്കെടുത്തു.

ഷെജിൽ, രാഗിണി, ഹരീഷ് കുമാർ തുടങ്ങിയവർ നേതൃത്വംനൽകി. എസ് എൻ പുരം യൂണിറ്റ് പ്രസിഡന്റ് സിന്ധു ടീച്ചർ അധ്യക്ഷയായ ചടങ്ങിൽ പരിഷത്തിന്റെ മുൻ ജില്ലാഅംഗമായ രാഗിണി സ്വാഗതമാശംസിച്ചു. വിഷയാവതരണം ജില്ലാസെക്രട്ടറി കസീമ നടത്തി.

പഞ്ചായത്ത് നേതൃസമിതി സെക്രട്ടറി എം എസ് പ്രദീപ് നന്ദി രേഖപ്പെടുത്തി. വൈകീട്ട് 4.30ന് ആരംഭിച്ച യോഗം 7 മണിയോടെ അവസാനിച്ചു.

• • •

## എടക്കാട് മേഖല:

മേഖലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനത്തിന്റെ ഭാഗമായി കാടാച്ചിറ എൽ പി സ്കൂളിൽ അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു. എടക്കാട് മേഖലയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ചെയർ പേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവരേയും മേഖലാപരിധിയിലെ പഞ്ചായത്തുകളിലെ മികച്ച വനിതാകർഷകരേയും ജില്ലാ ജെൻഡർ ചുമ



തല വഹിക്കുന്ന പി വനജ ടീച്ചർ ഉപഹാരം നൽകി ആദരിച്ചു.

വനിതാദിനത്തോടനുബന്ധിച്ച് സി പി ഹരീന്ദ്രൻ പ്രഭാഷണം നടത്തി. മേഖലാപ്രസിഡന്റ് പി രവീന്ദ്രൻ അധ്യക്ഷതവഹിച്ചു. കെ കെ സുഗതൻ, ജെ എൽ മിർഷ, രതുല എന്നിവർ സംസാരിച്ചു. സെക്രട്ടറി സി എ പത്മനാഭൻ സ്വാഗതവും ജോ. സെക്രട്ടറി ചന്ദ്രശോഭ നന്ദിയും പറഞ്ഞു. തുടർന്ന് കാടാച്ചിറ ടൗണിൽ യുദ്ധവിരുദ്ധ റാലി സംഘടിപ്പിച്ചു. കടമ്പൂർ പഞ്ചായത്ത് പ്രസിഡന്റ് കെ ഗിരീശൻ, സി പി ഹരീന്ദ്രൻ, കെ വി ജയരാജൻ എന്നിവർ സംസാരിച്ചു. കെ വി ദിലീപ്കുമാർ, എ പി സജീന്ദ്രൻ, സതീഷ് ശ്രീമന്ദിരം, കെ വി മഹീന്ദ്രൻ, ബാലസുബ്രഹ്മണ്യൻ എന്നിവർ റാലിക്ക് നേതൃത്വംനൽകി.

• • •

## ശാസ്താംകോട്ട മേഖല:




മേഖലാകമ്മിറ്റിയും ശൂരനാട് വടക്ക് സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ള മെമ്മോറിയൽ പബ്ലിക് ലൈബ്രറിയും സംയുക്തമായി അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു. മാർച്ച് 8 ഞായറാഴ്ച ശൂരനാട് വടക്ക് പടിഞ്ഞാറ്റുമുറി ആലുംമൂട് ജങ്ഷനിൽ നടന്ന വനിതാദിനാചരണം ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലക്ഷ്മി ബിജു ഉദ്ഘാടനംചെയ്തു. പരിഷത്ത് സംസ്ഥാന കമ്മിറ്റി അംഗം എൽ ഷൈലജ വിഷയാവതരണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് അംഗം മേരി അലക്സ്, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് അംഗം ഗ്രീഷ്മ ഗോപൻ എന്നിവർ പരിപാടിക്ക് ആശംസകൾ അറിയിച്ചു. പരിഷത്ത് പടിഞ്ഞാറ്റുമുറി യൂണിറ്റ് വൈസ് പ്രസിഡന്റ് ഷീജ എസ് അധ്യക്ഷയായി. 32 പേർ പരിപാടിയിൽ പങ്കെടുത്തു.

• • •

## പാലക്കാട് മേഖല:

പുതുപ്പരിയാരം ദേശീയ റീഡിങ് റൂം & ലൈബ്രറിയുടെയും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പാലക്കാട് മേഖലാകമ്മിറ്റിയുടെയും ആഭിമുഖ്യത്തിൽ വനിതാദിനം പുതുപ്പരിയാരം വാക്കിൽ പറമ്പിൽവച്ച് സംഘടിപ്പിച്ചു. പാലക്കാട് ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. ഒ ശോഭന ഉദ്ഘാടനംചെയ്തു. പുതുപ്പരിയാരം പഞ്ചായത്ത് 16–ാം വാർഡ് മെമ്പർ സി ലക്ഷ്മിക്കുട്ടി, മലമ്പുഴ ബ്ലോക്ക് മെമ്പർ ബിനുമോൾ, ഒ ശോഭന (ജില്ലാ പഞ്ചായത്ത് മെമ്പർ) എന്നിവരെ പരിഷത്ത് മേഖലാപ്രസിഡന്റ് പി കെ ഗീത അനുമോദിച്ചു. വനിതാവിഭാഗം അംഗം ശ്രീമതി പ്രീതി സ്വാഗതവും ലൈബ്രറി വൈസ് പ്രസിഡന്റ് പി ഇന്ദിര അധ്യക്ഷതയും വഹിച്ചു. കുട്ടികളും മുതിർന്നവരും വിവിധ കലാപരികൾ അവതരിപ്പിച്ചു. ശ്രീമതി ഹേമലത നന്ദിയും അറിയിച്ചു.

• • •

## വൈക്കം മേഖല:

ടൗൺ യൂണിറ്റിൽ അയ്യർകുളങ്ങരയിലെ മാധവി നിലയത്തിൽവച്ച് നടന്നു. വൈക്കം നഗരസഭ കൗൺസിലർ ബി സുശീല അധ്യക്ഷത വഹിച്ച യോഗത്തിൽ വാർഡ് കൗൺസിലർ എ സി മണിയമ്മ സ്വാഗതം ആശംസിച്ചു. തുടർന്ന്, അഡ്വക്കേറ്റ് സ്മിത കൃഷ്ണൻകുട്ടി യോഗം ഉദ്ഘാടനംചെയ്തു. മധ്യമേഖലാസെക്രട്ടറി ജിസ്സ് ജോസഫ്, വൈക്കം മേഖലാസെക്രട്ടറി സുനിത ശ്രീകുമാർ എന്നിവർ സംസാരിച്ചു. തുടർന്ന് വനിതകൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് കെ വിജയമ്മ നന്ദി പറഞ്ഞു.

• • •

## കൊല്ലം ജില്ല:
## അന്താരാഷ്ട്ര വനിതാദിനാചരണം

അന്താരാഷ്ട്ര വനിതാദിനാചരണം കൊല്ലം ശ്രീനാരായണ വനിതാകോളേജിൽ നടന്നു. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. മഞ്ജു എയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ഡോ. പാർവതി നന്ദ് (വിമൻസ് സ്റ്റഡി യൂണിറ്റ് കോർഡിനേറ്റർ) സ്വാഗതം ആശംസിച്ചു. ഷീല ബൈജു (ജെൻഡർ വിഷയസമിതി കൺവീനർ) വനിതാദിന സന്ദേശം പങ്കുവച്ചു.

അഡ്വ. ജെസൽന ജലീൽ (ചെയർപേഴ്സൺ യുവസമിതി) ‘സ്ത്രീകളുടെ അവകാശങ്ങളും നിയമങ്ങളും’ വിഷയത്തിൽ കുട്ടികളോട് സംവദിച്ചു.

ഡോ. അഞ്ജിത (ചെയർപേഴ്സൺ ആരോഗ്യ വിഷയസമിതി) ‘ടീനേജ് ഹെൽത്ത്’ വിഷയത്തിൽ അവതരണം നടത്തി. ശോഭനാസത്യൻ (ജില്ലാ വൈസ് പ്രസിഡന്റ്), എം എൽ ഹൃദയകുമാരി (ജില്ലാ ജോ. സെക്രട്ടറി) എന്നിവർ പ്രതികരണങ്ങൾ നടത്തി.

• • •

## കുലശേഖരപുരം യൂണിറ്റ്

അന്തർദേശീയ വനിതാദിനത്തോടനുബന്ധിച്ച് കുലശേഖരപുരം യൂണിറ്റും കുടുംബശ്രീ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ അഞ്ചാംവാർഡ് എ ഡി എസ് കമ്മിറ്റിയും സംയുക്തമായി സംഘടിപ്പിച്ച വനിതാസംഗമം അറിവിന്റെയും ആശയങ്ങളുടെയും കൈമാറ്റവേദിയായി. 2026 മാർച്ച് 14 ശനിയാഴ്ച ചരൂർ ജി രാഘവൻപിള്ളസാറിന്റെ വസതിയിൽവച്ചാണ് പരിപാടി നടന്നത്.

‘സ്ത്രീ ശക്തീകരണവും കുടുംബത്തിലെ ജനാധിപത്യവും’ എന്ന വിഷയത്തിൽ കുടുംബശ്രീ കൊല്ലം ജില്ലാ പ്രോഗ്രാം മാനേജരും പരിഷത്ത് കൊല്ലം ജില്ലാക്കമ്മിറ്റിയംഗവുമായ ആർ ബീന മുഖ്യപ്രഭാഷണം നടത്തി. കേവലം പുറംലോകത്തെ തൊഴിലിടങ്ങളിൽ മാത്രം ഒതുങ്ങേണ്ട ഒന്നല്ല സ്ത്രീ ശക്തീകരണമെന്ന് അവർ ഓർമ്മിപ്പിച്ചു.

‘ഒരു ജനാധിപത്യസമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റ് കുടുംബമാണ്. തീരുമാനങ്ങൾ എടുക്കുന്നതിലും വിഭവങ്ങൾ വിനിയോഗിക്കുന്നതിലും കുടുംബത്തിനകത്ത് പുലരുന്ന തുല്യനീതിയാണ് യഥാർഥ

ജനാധിപത്യം. ശാസ്ത്രീയമായ ലിംഗസമത്വം (Gender Equality) പ്രായോഗികമാക്കേണ്ടത് അടുക്കളകളിൽനിന്നാണ്' – ആർ ബീന തന്റെ പ്രസംഗത്തിൽ വ്യക്തമാക്കി.

ചടങ്ങിൽ കുടുംബശ്രീ കുലശേഖരപുരം ഗ്രാമപഞ്ചായത്ത് സി ഡി എസ് ചെയർപേഴ്സണും പരിഷത്ത് ഓച്ചിറ മേഖലാക്കമ്മിറ്റിയംഗവുമായ ബി സുധർമ്മ, പരിഷത്ത് ജില്ലാക്കമ്മിറ്റിയംഗങ്ങളായ ശോഭനാ സത്യൻ, ജി സുജാത എന്നിവർ ആശംസകൾ നേർന്നു. സ്ത്രീകളുടെ സാമൂഹികപദവി ഉയർത്തുന്നതിനും അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും സമൂഹത്തെ മോചിപ്പിക്കുന്നതിനും ശാസ്ത്രബോധത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ അനിവാര്യമാണെന്ന് അവർ ചൂണ്ടിക്കാട്ടി.

സി ഡി എസ് അംഗം ശശികല അധ്യക്ഷത വഹിച്ച യോഗത്തിൽ എ ഡി എസ് സെക്രട്ടറി ആശ സ്വാഗതവും എ ഡി എസ് അംഗം ആതിര നന്ദിയും പറഞ്ഞു. ഗ്രാമ പഞ്ചായത്ത് അംഗവും പരിഷത്ത് പ്രവർത്തകനുമായ കെ അനൂപ്, പരിഷത്ത് ഓച്ചിറ മേഖലാകമ്മിറ്റിയംഗം ടി സലീം സേട്ട് എന്നിവർ പരിപാടിയുടെ സംഘാടനത്തിന് നേതൃത്വം നൽകി.

• • •

## മുഖത്തല മേഖല:




വനിതാദിനാചരണ പരിപാടികളുടെ ഭാഗമായി ശാസ്ത്രസാഹിത്യ പരിഷത്ത് മുഖത്തല മേഖലാസമിതി സംഘടിപ്പിച്ച സംവാദസദസ്സ് സ്ത്രീസുരക്ഷ–പ്രശ്നങ്ങളും പ്രതിസന്ധികളും എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് അഡ്വ. വിജയകുമാരി ഉദ്ഘാടനം ചെയ്തു. ഷീലാബൈജു വനിതാദിന സന്ദേശം കൈമാറി ആമുഖപ്രഭാഷണം നടത്തി. എ ചന്ദ്രികാദേവി സ്വാഗതവും എസ് എം മുഹമ്മദ് ഷരീഫ് നന്ദിയും പറഞ്ഞു. അഡ്വ. ദീപി കൃഷ്ണൻ, എസ് മിനി, ടി ആർ ഹേമലത, ചിറ്റടി രവി, എസ് സിറഫുദീൻ, ടി കെ മോഹനചന്ദ്രൻ, ആർ ബൈജു, എൻ അംബുജാക്ഷൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഉമ എ, സുദർശല എൽ, മിനി എസ്, സുമ ടി എന്നീ ആശാവർക്കർമാരെ ചടങ്ങിൽ ആദരിച്ചു.

• • •

## കണ്ണൂർ ജില്ല: വനിതാദിനാചരണ പ്രവർത്തനങ്ങൾ

മാർച്ച് 4ന് ജില്ലാതല ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി സി പി ഹരീന്ദ്രൻ മാഷിന്റെ നേതൃത്വത്തിൽ നടന്നു. മാർച്ച് 7ന് മയ്യിൽമേഖലയിൽ സ്ത്രീശക്തീകരണ സദസ്സ് രഹന പി വി ക്ലാസെടുത്തു.

**എടക്കാട് മേഖല:**

എടക്കാട് മേഖലയിൽ വനിതാശക്തീകരണ ക്ലാസും വനിതാകർഷകരെയും സി ഡി എസ് ചെയർപേഴ്സൺമാരെയും അനുമോദിക്കലും സി പി ഹരീന്ദ്രൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

**കണ്ണൂർ മേഖല:**

ശാസ്ത്രബോധ ശക്തീകരണത്തിൽ സ്ത്രീകളുടെ പങ്ക് എന്ന വിഷയത്തിൽ കെ പി പ്രദീപ്കുമാർ ക്ലാസെടുത്തു.

**ഇരിട്ടി മേഖല:**

ഇരിട്ടി മേഖലയിൽ വനിതാദിനാചരണം, വനിതാവേദി രൂപവൽക്കരണം എന്നിവ നടന്നു. വിജയകുമാർ പരിയാരം ക്ലാസെടുത്തു.

**തളിപ്പറമ്പ് മേഖല:**

തളിപ്പറമ്പ് ചപ്പാരപ്പടവിൽ വയോജനമിത്രയുടെ സംയുക്താഭിമുഖ്യത്തിൽ ക്ലാസ് നടന്നു. സുനിതാപ്രേമരാജൻ ക്ലാസെടുത്തു. മാതമംഗലം മേഖല–പെണ്മ പ്രതിരോധവും ജീവിതവും സംവാദം നടന്നു.

**തലശ്ശേരി മേഖല:**

തലശ്ശേരി മേഖല–സ്ത്രീശക്തീകരണ സദസ്സും ആദരിക്കലും ചടങ്ങ് നടന്നു. വനിതാസാഹിതിയുടെ നേതൃത്വത്തിൽ ബീന ഇ ഡി ക്ലാസെടുത്തു.

**പയ്യന്നൂർ മേഖല:**

പയ്യന്നൂർ മേഖലയിൽ ശാസ്ത്രരംഗത്തെ സ്ത്രീപങ്കാളിത്തം ക്ലാസ് നടന്നു.

**പാനൂർ മേഖല:**

പാനൂർ മേഖല മഹിളാ സംഗമം ജ്യോതി കേളോത്ത് ക്ലാസെടുത്തു.

• • •

## കരുനാഗപ്പള്ളി മേഖല:

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കരുനാഗപ്പള്ളി മേഖലയും കല്ലേലിഭാഗം ജനതാ വായനശാലയും സംയുക്തമായി സംഘടിപ്പിച്ച അന്തർദേശീയ വനിതാദിനാചരണയോഗത്തിൽ മേഖലാസെക്രട്ടറി ലളിതാംബിക അധ്യക്ഷയായി. പരിഷത്ത് ജില്ലാ വൈസ് പ്രസിഡന്റ് ശോഭനാസത്യൻ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് വിഷയാവതരണം നടത്തി.

• • •

## ഓച്ചിറ മേഖല:

ഓച്ചിറ മേഖലാ ജെൻഡർ വിഷയസമിതി അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ ഭാഗമായി മാർച്ച് 10ന് കുടുംബസംഗമം സംഘടിപ്പിച്ചു.

കോട്ടയ്ക്കുപുറം പത്മാലയത്തിൽ (സഖാവ് എസ് എൻ–ന്റെ വസതി) നടന്ന പരിപാടി കുലശേഖരപുരം ഗ്രാമ പഞ്ചായത്ത് CDS ചെയർപേഴ്സൺ ബി സുധർമ്മ ഉദ്ഘാടനംചെയ്തു. എറണാകുളത്തെ പരിഷത്ത്പ്രവർത്തകയും റിട്ടയേർഡ് പ്രൊഫസറുമായ ഡോ. പി ജലജ 'കുടുംബത്തിലെ ജനാധിപത്യവും ശാസ്ത്രബോധവും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ജെൻഡർ വിഷയസമിതി ചെയർപേഴ്സൺ ഷാഹിനാബീഗം അധ്യക്ഷതവഹിച്ചയോഗത്തിൽ വിഷയസമിതി കൺവീനർ ബിന്ദു ബിജു സ്വാഗതം പറഞ്ഞു. കൊല്ലം ജില്ലാവൈസ്

പ്രസിഡന്റ് ശോഭനാസത്യൻ ചർച്ചകൾ ക്രോഡീകരിച്ചു. ജില്ലാ കമ്മിറ്റി അംഗങ്ങളായ പി എസ് സാനു, സി ആർ ലാൽ, എം അനിൽ, ജി സുജാത ടീച്ചർ, എൻ സജി മേഖലാപ്രസിഡന്റ്, എസ് ശ്രീകുമാർ, സെക്രട്ടറി കെ ജെ സത്യൻ, ട്രഷറർ എൻ അമൽ കുമാർ, വൈസ് പ്രസിഡന്റ് എസ് ശശികല ടീച്ചർ, ജോയിന്റ് സെക്രട്ടറി എസ് ഷീബ തുടങ്ങിയവർ പങ്കെടുത്തു. കോട്ടയ്ക്കുപുറം യൂണിറ്റ് പ്രസിഡന്റ് ഉഷാപിള്ള നന്ദി പറഞ്ഞു.

• • •

## ചടയമംഗലം മേഖല:

മേഖലയിൽ നടന്ന വനിതാദിന പരിപാടിയിൽ മേഖലാപ്രസിഡന്റ് ടി വിജയകുമാർ അധ്യക്ഷനായിരുന്നു. ഗ്രന്ഥശാല സെക്രട്ടറി ഷെമീന സ്വാഗതം പറഞ്ഞു. ലീനാ ഭാമതദേവൻ പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം നടത്തി.

പരിഷത്ത് മുൻ ജില്ലാപ്രസിഡന്റ് ഹുമാം റഷീദ് മുഖ്യപ്രഭാഷണം നടത്തി. ആനന്ദകുസുമം, രമാദേവി, മടത്തറ ശശി എന്നിവർ ആശംസയും രാജു (ജില്ലാ കമ്മിറ്റി) നന്ദിയും പറഞ്ഞു.

• • •

## ആര്യംപാടം മേഖല:

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും, EKN ഗ്രന്ഥശാലയുടെയും സംയുക്താഭിമുഖ്യത്തിൽ 2026 മാർച്ച് 22 ഞായറാഴ്ച ആര്യംപാടം പകൽവീട്ടിൽ വച്ച് സി എം അബ്ദുള്ള മാസ്റ്റർ അനുസ്മരണവും, വനിതാദിനാചാരണവും നടന്നു.

വടക്കാഞ്ചേരി നഗരസഭ CDS ചെയർപേഴ്സൻ രശ്മി ഷാജിയുടെ അധ്യക്ഷതയിൽ തൃശ്ശൂർ ജില്ലാജെൻഡർ വിഷയസമിതി ചെയർപേഴ്സൻ സി വിമല ടീച്ചർ വനിതാദിന വിഷയാവതരണം നടത്തി. എം പി സൂര്യശർമ്മൻമാസ്റ്റർ സി എം അബ്ദുള്ളമാസ്റ്റർ അനുസ്മരണവും നടത്തി.

വടക്കാഞ്ചേരി നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ ധന്യ നിധിൻ, വാർഡ് കൗൺസിലർ പി എ അഷറഫ്, മുൻ കൗൺസിലർ ജിൻസി ജോയ്സൺ, പരിഷത്ത് ജെൻഡർ വിഷയസമിതി സംസ്ഥാന കൺവീനർ എം ഹരീഷ്കുമാർ, മുൻ ഡെപ്യൂട്ടി തഹസീൽദാർ ലില്ലി ഐസക്, KSSPU ജില്ലാകൗൺസിൽ അംഗം എം എം രഘുനാഥൻമാസ്റ്റർ, പരിഷത്ത് വടക്കാഞ്ചേരി മേഖലാസെക്രട്ടറി ഇ എം വിനീത്, EKN ഗ്രന്ഥശാല സെക്രട്ടറി എം എസ് വിനോദ്, ലിജിത ടീച്ചർ എന്നിവർ സംസാരിച്ചു.






പരിഷത്ത് മേഖലാപ്രസിഡന്റ് ഡോ. സുശീൽ രാഹുൽ, വായനശാല പ്രസിഡന്റ് സി എസ് സുരേഷ് ബാബു, വായനശാല രക്ഷാധികാരി കെ വി ജോസ്, പരിഷത്ത് ആര്യംപാടം യൂണിറ്റ് സെക്രട്ടറി കെ പി ജോയ്സൺ, വേലൂർ യൂണിറ്റ് സെക്രട്ടറി പി ജെ ആന്റു, വടക്കാഞ്ചേരി യൂണിറ്റ് സെക്രട്ടറി മനു രവീന്ദ്രൻ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

പരിഷത്ത് ജില്ലാകമ്മിറ്റി അംഗം ബൈജു ഇമേജ് സ്വാഗതവും, യൂണിറ്റ് പ്രസിഡന്റ് എം ആർ അജിത് കിഷോർ നന്ദിയും പറഞ്ഞു. 75 പേർ പങ്കെടുത്തു.

• • •

## തൃശ്ശൂർ മേഖല:

തൃശ്ശൂർ മേഖലയും വില്ലടം യുവജനസംഘം വായനശാലയും സംയുക്തമായി വില്ലടം യുവജനസംഘം വായനശാലയിൽ അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് 'സ്ത്രീകളും ശാസ്ത്രവും' എന്ന വിഷയത്തിൽ ഫറൂഖ് കോളേജ് ഭൗതികശാസ്ത്രവകുപ്പ് മുൻ അധ്യക്ഷ ഡോ. പി എ ശുഭ പ്രഭാഷണം നടത്തി.

കെ രേഷ്മരാജന്റെ സ്വാഗതഗാനത്തോടെ ആരംഭിച്ച യോഗം ഡിവിഷൻ കൗൺസിലർ സിന്ധു തൈക്കാടൻ ഉദ്ഘാടനംചെയ്തു. വായനശാല പ്രസിഡന്റ് ടി ജെ വർഗീസ് അധ്യക്ഷത വഹിച്ചു.

ഡിവിഷൻ മുൻ കൗൺസിലറും വനിതാവേദി കൺവീനറുമായ ശാന്ത അപ്പു, പരിഷത്ത് മേഖലാപ്രസിഡന്റ് ഡോ. ബേബി ചക്രപാണി, സെക്രട്ടറി സുനിൽ കെ ആർ, പരിഷത്ത് ജില്ലാ മുൻപ്രസിഡന്റും ലൈബ്രറി കൗൺസിൽ ജില്ലാ പ്രസിഡന്റുമായ പ്രൊഫ. എം ഹരിദാസ് എന്നിവർ സംസാരിച്ചു. യൂണിറ്റ് സെക്രട്ടറി മായാദേവി പി, ജോയിന്റ് സെക്രട്ടറി ശ്രീജിത്ത്, യൂണിറ്റ് മുൻ സെക്രട്ടറി പത്മിനി കെ എസ്, മേഖലാകമ്മിറ്റി അംഗം വി നിർമ്മല, എഴുത്തുകാരൻ ബാബു വി എഫ്, സിനിമ നിർമ്മാതാവ് സിന്ധു പ്രതാപ്, അഡ്വ. ധർമ്മരാജൻ, തൃശ്ശൂർ ഈസ്റ്റ് സെക്രട്ടറി ലളിത ടീച്ചർ എന്നിവർ പങ്കെടുത്തു. ജില്ലാവിജ്ഞാനോത്സവ കൺവീനർ ശശികുമാർ പള്ളിയിൽ സ്വാഗതവും വായനശാലാ സെക്രട്ടറി സി വി തങ്കപ്പൻ നന്ദിയും പറഞ്ഞു.

• • •

## കുന്നംകുളം മേഖല

അന്താരാഷ്ട്ര വനിതാദിനത്തിന്റെ ജില്ലാതല ഉദ്ഘാടനം ജെൻഡർ വിഷയസമിതിയുടെയും ശാസ്ത്രാവബോധ സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ




കുന്നംകുളം മേഖലയിൽ നടന്നു. പരിഷത്ത് സംസ്ഥാന വൈസ്പ്രസിഡന്റ് ഡോ. സി ജോർജ് തോമസ് ഉദ്ഘാടനം നിർവഹിച്ചു. ജില്ലാപ്രസിഡന്റ് ഡോ. സി എൽ ജോഷി അധ്യക്ഷനായി. ജെൻഡർ വിഷയസമിതി ജില്ലാ ചെയർപേഴ്സൺ പ്രൊഫ. സി വിമല, കുന്നംകുളം മേഖലാപ്രസിഡന്റ് ഡോ. ആർ ബ്രിനേഷ്, സെക്രട്ടറി എം കെ സോമൻ, ബ്രൈറ്റ്, കെ കെ ശൈലജ, ജയന്തി ഭാസ്കർ, ടി എ പ്രേമരാജൻ തുടങ്ങിയർ സംസാരിച്ചു.

• • •



## നെടുമങ്ങാട് മേഖല:

നെടുമങ്ങാട് മേഖലയിൽ നടന്ന വനിതാ സെമിനാറിൽ ബിന്ദു ടീച്ചർ, ജിജോകൃഷ്ണൻ, ഡോ. ബാലചന്ദ്രൻ എന്നിവർ വിഷയം കൈകാര്യംചെയ്തു. ജി ജെ പോറ്റി സന്നിഹിതനായിരുന്നു.

• • •

## കുന്നമംഗലം മേഖല:

കുന്നമംഗലം മേഖലാകമ്മിറ്റി, പയ്യടിമേത്തൽ പുത്തൂർ ദേശസേവിനി വനിതാവേദി എന്നിവയുടെ ആഭിമുഖ്യത്തിൽ വനിതാദിനത്തിന്റെ ഭാഗമായി ജനാധിപത്യവും ലിംഗതുല്യതയും എന്ന വിഷയത്തിൽ



ക്ലാസ് സംഘടിപ്പിച്ചു. വാർഡ് മെമ്പർ ദീപ കാവുംപുറത്ത് ഉദ്ഘാടനം ചെയ്തു. പരിഷത്ത് കുന്നമംഗലം മേഖലാപ്രസിഡന്റ് ടി വി അംബുജാക്ഷി അധ്യക്ഷയായി. എ ബിന്ദു ക്ലാസെടുത്തു. ടി നിസാർ, പി ശശീധരൻ, പി രജിതകുമാരി എന്നിവർ സംസാരിച്ചു. സി പി സ്മിത സ്വാഗതവും വി സി ജിഷ നന്ദിയും പറഞ്ഞു.

• • •

## കോലഴി മേഖല:

കോലഴി മേഖലയിലെ വനിതാദിനാഘോഷം ഗ്രാമലയിലെ പുലരി അംഗനവാടിയിൽ മേഖലാ വൈസ് പ്രസിഡന്റ് സൈമി ടീച്ചറിന്റെ അധ്യക്ഷതയിൽ



നടന്ന പരിപാടി ഗ്രാമപഞ്ചായത്ത് മെമ്പർ സതി വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു.

കവിയും എഴുത്തുകാരിയുമായ എം ജി കാവ് യൂണിറ്റ് പ്രസിഡന്റ് ടി ജി അജിത ടീച്ചർ മുഖ്യപ്രഭാഷണം നടത്തി. മുളങ്കുന്നത്തുകാവ് യൂണിറ്റ് സെക്രട്ടറി ബീന ടീച്ചർ സ്വാഗതവും മേഖലാകമ്മിറ്റി അംഗം ദിവ്യ നന്ദിയും പറഞ്ഞു.

കോലഴി മേഖലയിലെ സ്ഥാപന യൂണിറ്റായ കെ യു എച്ച് എസ്-ൽ അന്തർദേശീയ വനിതാദിനാചരണം മാർച്ച് 13ന് ഉച്ചക്ക് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ സെമിനാർ ഹാളിൽവച്ച് 'ശാസ്ത്രവും വനിതകളും' എന്ന വിഷയത്തിൽ അജിത ടി ജി മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് പ്രസിഡന്റ് അഭിലാഷ് പ്രഭാകർ, ഗ്രീഷ്മ എം എ, ഗ്രീഷ്മ പി വി, അശ്വതി കെ എസ്, അദിൽ എ, സുമൻ കെ ജി എന്നിവർ സംസാരിച്ചു.

• • •



വനിതാദിനത്തോടനുബന്ധിച്ച് കുളനട മേഖലയുടെ ആഭിമുഖ്യത്തിൽ വനിതാദിന പ്രഭാഷണവും മികച്ച വനിതാകർഷകർക്കുള്ള ആദരിക്കൽ ചടങ്ങും സംഘടിപ്പിച്ചു.

• • •

# ജനസംവാദസദസ്സുകൾ




## സംസ്ഥാനതല ഉദ്ഘാടനം

കൊല്ലങ്കോട്: പരിഷത്ത് സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന ജനസംവാദയാത്ര പാലക്കാട് ജില്ലയിലെ എലവഞ്ചേരിയിൽ എഴുത്തുകാരനും പ്രഭാഷകനുമായ പി എൻ ഗോപീകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കരിംകുളം സയൻസ് സെന്ററിൽ നടന്ന ചടങ്ങിൽ പരിഷത്ത് മുൻ പ്രസിഡന്റ് ടി കെ മീരാഭായ് അധ്യക്ഷയായി.

എലവഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി രേണുക, പരിഷത്ത് ജനറൽ സെക്രട്ടറി വി മനോജ് കുമാർ, പി അരവിന്ദാക്ഷൻ, കെ എസ് സുധീർ, ജോജി കൂട്ടുമ്മേൽ, എം എം സചീന്ദ്രൻ, പി പ്രദോഷ്, എം സുനിൽകുമാർ, കെ എസ് നാരായണൻകുട്ടി, എസ് ശിവദാസ്, ആർ ശാന്തകുമാരൻ, കെ സുനിൽ കുമാർ എന്നിവർ സംസാരിച്ചു.

സംവാദയാത്രയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ അവതരിപ്പിക്കാൻ തയ്യാറാക്കിയ 'ഇന്ത്യയുടെ ഉപ്പ്' എന്ന നാടകത്തിന്റെ അവതരണവും നടന്നു. മനോജ് നാരായണൻ സംവിധാനം ചെയ്തിരിക്കുന്ന നാടകത്തിന്റെ രചന എം എം സചീന്ദ്രനും രംഗസജ്ജീകരണം ബി എസ് ശ്രീകണ്ഠനുമാണ് നിർവഹിച്ചിട്ടുള്ളത്. സുധാകരൻ ചൂലൂർ, സാബു രാമകൃഷ്ണൻ, വിഷ്ണു എലവഞ്ചേരി, അഭിരാമി, ആർ കെ താനൂർ, പ്രഭോഷ് എന്നിവരാണ് അഭിനേതാക്കൾ.

• • •

## മുട്ടിൽ യൂണിറ്റ്

വയനാട്: ജില്ലാതല ഉദ്ഘാടനം മുട്ടിൽ പഞ്ചായത്ത് ബസ്സ്റ്റാൻഡ് പരിസരത്ത് പരിഷത്ത് ജില്ലാക്കമ്മിറ്റി അംഗം പി സുരേഷ് ബാബു ഉദ്ഘാടനം ചെയ്തു. പരിഷത്ത് ജില്ലാപ്രസിഡന്റ് എ ജനാർദനൻ അധ്യക്ഷനായി. പരിഷത്ത് ബാലവേദി സംസ്ഥാനകൺവീനർ കെ എ അഭിജിത്ത് യുദ്ധവിരുദ്ധ പോസ്റ്റർ പ്രകാശനംചെയ്തു. സ്റ്റെർക്ക് ചെയർപേഴ്സൺ പി



ആർ മധുസൂദനൻ പോസ്റ്റർ ഏറ്റുവാങ്ങി. യുവസമിതി ജില്ലാ കൺവീനർ അശ്വിൻ ജോസഫ് യുദ്ധവിരുദ്ധ സന്ദേശം നൽകി. പരിഷത്ത് ജില്ലാവൈസ് പ്രസിഡന്റ് ഇ ജി ചന്ദ്രലേഖ, ജോയിന്റ് സെക്രട്ടറി സി എസ് കോമളം, സി ജയരാജൻ, കല്പറ്റ മേഖലാ പ്രസിഡന്റ് രാജൻ തരിപ്പിലോട്ട്, മുട്ടിൽ യൂണിറ്റ് പ്രസിഡന്റ് കെ ജെ യോഹന്നാൻ എന്നിവർ സംസാരിച്ചു. മുട്ടിൽ യൂണിറ്റ് ജോയിന്റ് സെക്രട്ടറി സി എം സുമേഷ് സ്വാഗതവും, കല്പറ്റ മേഖലാസെക്രട്ടറി എം പി മത്തായി നന്ദിയും പറഞ്ഞു.

• • •

## കോന്നി മേഖല

പത്തനംതിട്ട : കോന്നി മേഖലയിൽ പ്രമാടം യൂണിറ്റിൽ സംവാദസദസ്സ് നടന്നു. മേഖലാസെക്രട്ടറി എൻ എസ് മുരളീമോഹൻ, മേഖലാകമ്മിറ്റി അംഗം സത്താർ, മേഖലാ ജോയിന്റ് സെക്രട്ടറി സി പി രാജശേഖരൻനായർ, രാജലക്ഷ്മി ടീച്ചർ, ലക്ഷ്മി ടീച്ചർ, ശ്രീകുമാർ എന്നിവർ പങ്കെടുത്തു. ദീപ്തി വാസുദേവൻ മോഡറേറ്ററായി. വി എൻ അനിൽ ആമുഖാവതരണം നടത്തി. എം എസ് പ്രവീൺ, വി രംഗനാഥ് എന്നിവർ ചർച്ചയിൽ ഉയർന്നുവന്ന കാര്യങ്ങളോടു പ്രതികരിച്ചു.

• • •

## കാസർഗോഡ് മേഖല:

കുറ്റിക്കോൽ: 'വരൂ നമുക്ക് നാടിനായി സംസാരിക്കാം' എന്ന സന്ദേശവുമായി കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംഘടിപ്പിച്ച ജനസംവാദയാത്ര ജില്ലാപ്രസിഡന്റ് കെ ബാലകൃഷ്ണൻ ജാഥാ മാനേജർ സുരേഷ് പയ്യങ്ങാനത്തിന് പതാക കൈമാറി ഉദ്ഘാടനംചെയ്തു. കാസർഗോഡ് മേഖലാകമ്മിറ്റിയുടെ നേതൃത്വത്തിലാണ് പദയാത്ര സംഘടിപ്പിച്ചത്. പി മാധവൻ അധ്യക്ഷത വഹിച്ചു. കെ നാരായണൻ, ബി അശോകൻ, വി സി ജയരാജൻ, എ നീലാംബരൻ, കെ രാജേന്ദ്രൻ എന്നിവർ സംസാരിച്ചു.

ജനസംവാദത്തോടൊപ്പം 'ഇന്ത്യയുടെ ഉപ്പ്' എന്ന നാടകവും അവതരിപ്പിച്ചു. പുതിയകാലത്ത് ഫാസിസത്തിന്റെ വിളയാട്ടത്തിൽ ബഹുസ്വരതയുടെ അടയാളവും പ്രമേയവുമായ ഗാന്ധിജി ദിനേന വെടിയേറ്റു മരിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ നാടകം കാലത്തിന് നേർക്കുപിടിച്ച കണ്ണാടിയായി മാറുകയാണ്.

• • •

## വൈക്കം മേഖല:

ജനസംവാദസദസ്സിന്റെ വൈക്കം മേഖലാതല ഉദ്ഘാടനം മൂത്തേടത്തുകാവ് യൂണിറ്റിൽ നടന്നു. യൂണിറ്റ് ജോയിന്റ് സെക്രട്ടറി കെ ഡി അനിൽകുമാറിന്റെ വസതിയിൽ നടന്ന സദസ്സിൽ മൂത്തേടത്തുകാവ് യൂണിറ്റ് പ്രസിഡന്റ് എ ആർ സാബു അധ്യക്ഷനായി. കല-സംസ്കാരം സംസ്ഥാന കൺവീനർ ജോജി കൂട്ടുമ്മേൽ വിഷയാവതരണം നടത്തി. സദസ്സിൽനി



ന്നുള്ള ചോദ്യങ്ങളും അഭിപ്രായങ്ങളും പങ്കാളിത്ത വുംകൊണ്ട് പരിപാടി സമ്പന്നമായി. ജില്ലാവൈസ് പ്രസിഡന്റ് എം എസ് രാജേഷ്, കല-സംസ്കാരം ജില്ലാകൺവീനർ സി എസ് ശ്രീകുമാർ മേഖലാക മ്മിറ്റി അംഗങ്ങളായ എൻ എസ് വിപിൻ, ഉദയഭാനു, അജയൻ, കെ ആർ രമേശൻ, സി ടി ജോസഫ് തുട ങ്ങിയവർ പങ്കെടുത്തു. മേഖലാജോയിന്റ് സെക്രട്ടറി എം രാജു. സ്വാഗതവും മേഖലാസെക്രട്ടറി സുനിതാ ശ്രീകുമാർ നന്ദിയും പറഞ്ഞു.

• • •

## കല്ലിയൂർ യൂണിറ്റ്:



കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കല്ലിയൂർ യൂ ണിറ്റിന്റെ നേതൃത്വത്തിൽ ജനസംവാദസദസ്സ് സം ഘടിപ്പിച്ചു. 24 പേർ പങ്കെടുത്ത പരിപാടിയിൽ സംസ്ഥാന കമ്മിറ്റി അംഗം പി ഗോപകുമാർ വിഷയാ വതരണം നടത്തി.

പരിഷത്ത് കല്ലിയൂർ യൂണിറ്റ് സെക്രട്ടറി അരവിന്ദ് ജി, മേഖലാകമ്മിറ്റി അംഗങ്ങളായ കെ എസ് വിജയ കുമാർ, എൻ കുമരേശൻ എന്നിവർ പരിപാടിയ്ക്ക് നേതൃത്വംനൽകി.

• • •

## കണ്ണൂർ ജില്ല: ജനസംവാദയാത്ര ജില്ലാപരിശീലനം

ജനസംവാദയാത്രയുടെ കണ്ണൂർ ജില്ലാതല പരിശീ ലനം 2026 മാർച്ച് 20ന് കണ്ണൂർ പരിഷത്ത് ഭവനിൽ നടന്നു. 'കേരളം: സഹജീവനത്തിന്റെ രാഷ്ട്രീയം' എന്ന വിഷയത്തിൽ ടി ഗംഗാധരൻ ക്ലാസെടുത്തു. പരിഷത്ത് കണ്ണൂർ ജില്ലാപ്രസിഡന്റ് പി വി ജയശ്രീ ടീച്ചർ അധ്യക്ഷത വഹിച്ചു. ജനസംവാദയാത്രയുടെ ഉള്ളടക്കം സംസ്ഥാന സെക്രട്ടറി യമുന ടീച്ചർ അവ തരിപ്പിച്ചു. ഭാവി പ്രവർത്തനപരിപാടികൾ ജില്ലാ സെക്രട്ടറി ബിജു നിടുവാലൂർ അവതരിപ്പിച്ചു. വിവിധ മേഖലകളിൽനിന്നും 72 പേർ പങ്കെടുത്തു.

ജനസംവാദയാത്രയുടെ കണ്ണൂർ ജില്ലാതല ഉദ്ഘാ ടനം മാത്തിൽ ഐയ്യോളത്ത്വച്ച് സംസ്ഥാന നിർവാ ഹകസമിതിയംഗം എം ദിവാകരൻ നിർവഹിച്ചു. ജില്ലാ സെക്രട്ടറി ബിജു നിടുവാലൂർ, കെ എം ശ്രീനാഥ്, ടി വി വിജയൻമാസ്റ്റർ എന്നിവർ പ്രസംഗി ച്ചു. കെ ഉണ്ണിക്കണ്ണൻ സ്വാഗതം പറഞ്ഞു. ടി കെ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. രമേശ് പുതിയറക്കൽ നന്ദി അറിയിച്ചു.

'ഇന്ത്യയുടെ ഉപ്പ്' എന്ന നാടകം പരിഷത്ത് മേഖല കലാട്രൂപ്പ് അവതരിപ്പിച്ചു. തുടർന്ന് 12 കേന്ദ്രങ്ങളിൽ ഈ നാടകം അവതരിപ്പിച്ചു. ജനസംവാദസദസ്സുകൾ ജില്ലയിൽ 9 മേഖലകളിൽ ആരംഭിച്ചു. 28 കേന്ദ്രങ്ങ ളിൽ നടന്നു. ജനസംവാദകേന്ദ്രങ്ങളിൽ ലഘുലേഖ വിതരണം നടന്നുവരുന്നു.

• • •



തിരുവനന്തപുരം മേഖലയിലെ ഭവൻ യൂണിറ്റിന്റെ നേതൃത്വത്തിൽ മാനവീയം വീഥിയിൽ ജനസംവാദ സദസ്സ്, ടി പി സുധാകരൻ സംസാരിക്കുന്നു.

• • •



21.03.26 ന് നടന്ന ജനസംവാദസദസ്സ് തിരുവനന്ത പുരം മേഖലാ ഉദ്ഘാടന അവതരണം ടി കെ ദേവ രാജൻ (മുൻ ജനറൽസെക്രട്ടറി).

• • •

## കല്ലറ യൂണിറ്റ്:

2026 മാർച്ച് 28ന് കല്ലറ വേദാസിൽ ജനസംവാദ സദസ്സ് സംഘടിപ്പിച്ചു. വെഞ്ഞാറമൂട് മേഖലാട്രഷ റർ സതീശൻ പിച്ചിമംഗലം വിഷയം അവതരിപ്പിച്ചു.

ചർച്ചയിൽ നിരവധി വിമർശനാത്മക ചോദ്യങ്ങളും നിർദേശങ്ങളും ഉയർന്നുവന്നു. പ്രധാനമായും സമൂ ഹത്തിൽ ശാസ്ത്രീയബോധവും യുക്തിചിന്തയും

എങ്ങനെ ശക്തിപ്പെടുത്താം എന്ന വിഷയമാണ് ചർച്ചയുടെ കേന്ദ്രീകൃതമായത്.

• • •

## തരിയോട് യൂണിറ്റ്:

തരിയോട് യൂണിറ്റിലെ ചേന്ദലോട് ടോട്ടം സെന്ററിന്റെ മുറ്റത്ത് സംവാദസദസ്സ് നടന്നു. ടോട്ടം ഡയറക്ടർ ജയ്ശ്രീകുമാർ സ്വാഗതം ചെയ്തു. അനിൽകുമാർ പി (ജില്ലാ കമ്മിറ്റിയംഗം) വിഷയം അവതരിപ്പിച്ചു. കെ എ അഭിജിത്ത് (കേന്ദ്രനിർവാഹകസമിതിയംഗം) യുവസമിതിയെ പരിചയപ്പെടുത്തി. ജിതിൻ (സ്റ്റെർക്ക്) സ്റ്റെർക്കിന്റെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തി. തുടർന്ന് നടന്ന സംവാദത്തിൽ രാഷ്ട്രീയം, ഭരണം, പൊതുമേഖല, യുവതയുടെ പ്രശ്നങ്ങൾ, കാഴ്ചപ്പാടുകൾ, ആവശ്യങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ ചർച്ചചെയ്യപ്പെട്ടു. ഉച്ചയ്ക്കുശേഷം മൂന്ന് ഗ്രൂപ്പുകളായി മുപ്പത് വീടുകൾ സന്ദർശിച്ച് പരിഷത്ത് ഉൽപന്നങ്ങളെയും സ്റ്റെർക്കിന്റെ ലക്ഷ്യവും പരിചയപ്പെടുത്തി.

• • •

## പാലാ മേഖല:

പാലാ മേഖലയിൽ ജനസംവാദസദസ്സിൽ ജില്ലാ കമ്മിറ്റിയംഗം റീന ആനന്ദ് വിഷയാവതരണം നടത്തി. സംസ്ഥാന സെക്രട്ടറി ജിസ്സ് ജോസഫ്, നിർവാഹകസമിതി അംഗം ആർ സനൽകുമാർ, ജില്ലാ കമ്മിറ്റി അംഗങ്ങൾ പ്രൊഫ. ടോമി ജോസഫ്, ജോസ് എബ്രഹാം, കെ ആർ പ്രഭാകരൻ, മേഖലാ സെക്രട്ടറി ആര്യ മനോജ്, യുവസമിതി ജില്ലാ ചെയർപേഴ്സൺ പാർവതി ശ്യാം തുടങ്ങിയവർ സംസാരിച്ചു.

• • •

## ഈരാറ്റുപേട്ട മേഖല:

ഈരാറ്റുപേട്ട ജയകേരളം ലൈബ്രറിയിൽ നടന്ന ജനസംവാദസദസ്സിൽ ജില്ലാകമ്മിറ്റിയംഗം എ എസ് മുഹമ്മദ് ഷാഫി വിഷയാവതരണം നടത്തി. മേഖലാസെക്രട്ടറി പ്രസന്നകുമാർ, മേഖലാപ്രസിഡന്റ് പി ജി പ്രമോദ് കുമാർ, തൂമാ സിറാജ്, പ്രിയ ഷിജു, അമീൻ പാറയിൽ, ഗ്രന്ഥശാല ഭാരവാഹി സൈഫി യാസർ തുടങ്ങിയവർ സംസാരിച്ചു.

• • •

## വാഴൂർ മേഖല:

വാഴൂർ മേഖലയിൽ തെക്കേത്തുകവല ലൈബ്രറിയിലും, താഷ്ക്കന്റ് ലൈബ്രറിയിലും, പനമറ്റം ദേശാഭിമാനി ലൈബ്രറിയിലും ജനസംവാദസദസ്സുകൾ നടന്നു. വിവിധ കേന്ദ്രങ്ങളിൽ ജില്ലാ സെക്രട്ടറി വിഷ്ണു ശശിധരൻ, ജില്ലാ കമ്മിറ്റി അംഗങ്ങളായ വി പി ശശി, ബി ശ്രീകുമാർ എന്നിവർ വിഷയാവതരണം നടത്തി. ജില്ലാ കമ്മിറ്റിയംഗം എൻ സോമനാഥൻ, രാഹുൽ ആർ, മേഖലാഭാരവാഹികളായ മന്മഥൻ, രാധാകൃഷ്ണപിള്ള കെ എൻ, വി ജി മുരളീധരൻ എന്നിവർ സംസാരിച്ചു.

• • •

## ചിങ്ങവനം യൂണിറ്റ്:

കോട്ടയം മേഖലയിൽ ചിങ്ങവനം യൂണിറ്റിൽ ജനസംവാദസദസ്സിൽ ജില്ലാ വൈസ് പ്രസിഡന്റ് ഡോ. അർച്ചന എ കെ വിഷയാവതരണം നടത്തി. ജില്ലാ കമ്മിറ്റി അംഗം ടി എസ് വിജയകുമാർ, മേഖലാ പ്രസിഡന്റ് പി എം അനിൽ എന്നിവർ സംസാരിച്ചു.

• • •

## തൃശ്ശൂർ ജില്ല:

വിവിധ മേഖലകളിൽനിന്നും തിരഞ്ഞെടുത്ത കലാകാരന്മാർക്കായി ജില്ലാതലത്തിൽ നാടകക്യാമ്പ് മാർച്ച് 14, 15, 16 തീയതികളിൽ അന്തിക്കാട് മേഖലയിലെ അരിമ്പൂർ സുമിത്രഭവനിൽ നടന്നു. അരിമ്പൂർ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ രാധാകൃഷ്ണൻമാസ്റ്റർ കലാക്യാമ്പ് ഉദ്ഘാടനംചെയ്തു. വി കെ ഉണ്ണികൃഷ്ണൻമാഷിന്റെ അധ്യക്ഷതയിൽ ജില്ലാ കമ്മിറ്റിയംഗം ഡോ. കെ വിദ്യാസാഗർ ആമുഖാവതരണം നടത്തി. യുവസമിതി ജില്ലാ കൺവീനർ അജീഷ് കെ ഐ സ്വാഗതവും കല-സംസ്കാരം കൺവീനർ പ്രിയൻ ആലത്ത് നന്ദിയും പറഞ്ഞു. വിവിധ മേഖലകളിൽനിന്നുള്ള 17 പേർ ക്യാമ്പിലുണ്ടായിരുന്നു.

ജില്ലാ ജോയന്റ് സെക്രട്ടറി ഐ കെ മണി ക്യാമ്പ് കോ-ഓർഡിനേറ്ററായിരുന്നു.

• • •

## പാറളം യൂണിറ്റ്:

പാറളം യൂണിറ്റിന്റെ നേതൃത്വത്തിൽ പാറക്കൽ അനിൽകുമാറിന്റെ വസതിയിൽ 'കേരളം : സഹജീവനത്തിന്റെ രാഷ്ട്രീയം' എന്ന വിഷയത്തിൽ ജനസംവാദസദസ്സ് നടന്നു. പരിഷത്ത് സംസ്ഥാന ജെൻഡർ കൺവീനർ എം ഹരീഷ്കുമാർ വിഷയാവതരണം നടത്തി. പി ടി സണ്ണി, ജയശങ്കർ, ടി ആർ മീര, ബിജുകുമാർ, ടി കെ മീരാഭായ്, മധുസൂദനൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. ടി ആർ വിജയൻ അധ്യക്ഷനായിരുന്നു. അജയഘോഷ് സ്വാഗതവും സന്ധ്യ ടീച്ചർ നന്ദിയും പറഞ്ഞു.

മേഖലാസെക്രട്ടറി വാസുദേവൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു. ജില്ലാകമ്മിറ്റി അംഗം ടി വി മോഹൻദാസ്, ബഷീർ പി വി, വാർഡ് മെമ്പർ എ എം ഷാനവാസ്, ചേലക്കര യൂണിറ്റ് സെക്രട്ടറി ജിതേഷ് തുടങ്ങിയവർ സംസാരിച്ചു.

• • •

## മുല്ലശ്ശേരി മേഖല:

മുല്ലശ്ശേരി മേഖലയിൽ വെങ്കിടങ്ങ് യൂണിറ്റിൽ 9-ാം വാർഡിൽ ജനസംവാദസദസ്സ് സംഘടിപ്പിച്ചു. യൂണിറ്റ് സെക്രട്ടറി പ്രസീത സുരേഷ് സ്വാഗതം പറഞ്ഞു. രതി എം എസ്, ഷൈലജ ടീച്ചർ എന്നിവർ സംസാരിച്ചു.

• • •

## ചേലക്കര മേഖല:

ചേലക്കര മേഖലയിൽ മാർച്ച് 29 നാലകത്ത് ജലീലിന്റെ വീട്ടുമുറ്റത്തു നടന്ന സംവാദസദസ്സ് മേഖലാ സെക്രട്ടറി വാസുദേവൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗം ടി വി മോഹൻദാസ്, ബഷീർ പി വി, വാർഡ് മെമ്പർ എ എം ഷാനവാസ്, ചേലക്കര യൂണിറ്റ് സെക്രട്ടറി ജിതേഷ് തുടങ്ങിയവർ സംസാരിച്ചു.

• • •

## ചേർപ്പ് മേഖല:

മാർച്ച് 29 ന് ചേർപ്പ് മേഖലയിൽ പാറളം യൂണിറ്റിന്റെ നേതൃത്വത്തിൽ പാറക്കൽ അനിൽ കുമാറിന്റെ വസതിയിൽ ജനസംവാദസദസ്സ് നടന്നു. 'കേരളം: സഹജീവനത്തിന്റെ രാഷ്ട്രീയം' എന്ന വിഷയത്തിൽ പരിഷത്ത് സംസ്ഥാന ജെൻഡർ കൺവീനർ എം ഹരീഷ്കുമാർ വിഷയാവതരണം നടത്തി. പി ടി സണ്ണി, ജയശങ്കർ, ടി ആർ മീര, ബിജുകുമാർ, ടി കെ മീരാഭായ്, മധുസൂദനൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. ടി ആർ വിജയൻ അധ്യക്ഷനായിരുന്നു. അജയഘോഷ് സ്വാഗതവും സന്ധ്യ ടീച്ചർ നന്ദിയും പറഞ്ഞു.

• • •

## മതിലകം മേഖല:



മതിലകം മേഖലയിൽ എസ് എൻ പുരം യൂണിറ്റിൽ മാർച്ച് 30ന് മതിലകം യൂണിറ്റിൽ സന്തോഷ് ബാബു മാസ്റ്ററുടെ വീട്ടുമുറ്റത്തും, പെരിഞ്ഞനം യൂണിറ്റിൽ സെൽവപ്രകാശിന്റെ വീട്ടുമുറ്റത്തും നടന്ന ജനസംവാദസദസ്സുകൾ ജില്ലാകമ്മിറ്റിയംഗം പി രാധാകൃഷ്ണൻ, മേഖലാസെക്രട്ടറി പത്മജ പി കെ എന്നിവർ നേതൃത്വംനൽകി.

• • •

## പോർക്കളേങ്ങാട് യൂണിറ്റ്

കുന്നംകുളം മേഖലയിൽ പോർക്കളേങ്ങാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ദേശാഭിമാനി വായനശാലയിൽവച്ച് മാർച്ച് 29 ഞായർ വൈകീട്ട് 5 ന് സംഘടിപ്പിച്ച ജനസംവാദസദസ്സിൽ പി മുരളീധരൻ, ടി എ പ്രേമരാജൻ എന്നിവർ വിഷയാവതരണം നടത്തി. മുല്ലശ്ശേരി മേഖലയിൽ വെങ്കിടങ്ങ് യൂണിറ്റിൽ മാർച്ച് 28ന് നടന്ന ജനസംവാദസദസ്സിന് യൂണിറ്റ് സെക്രട്ടറി പ്രസീത സുരേഷ്, രതി എം ശങ്കർ, ശൈലജ ടീച്ചർ എന്നിവർ നേതൃത്വം നൽകി. ■



പത്രക്കുറിപ്പ് (18.3.2026)

## ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) ഭേദഗതി ബിൽ 2026 റദ്ദാക്കുക: കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

2026 മാർച്ച് 13ന് ലോകസഭയിൽ അവതരിപ്പിച്ച ട്രാൻസ് ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) ഭേദഗതിബിൽ, ഇന്ത്യയിലെ LGBTQAI+ വിഭാഗങ്ങൾ ദീർഘകാലത്തെ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങളുടെ നഗ്നമായ ലംഘനമാണ്. 2019-ലെ നിലവിലെ നിയമത്തിൽ കേവലം ഭേദഗതികൾ വരുത്തുകയല്ല, മറിച്ച് ട്രാൻസ് ജെൻഡർ സ്വത്വത്തിന്റെ അടിസ്ഥാനശിലകളെത്തന്നെ ഈ ബിൽ ചോദ്യംചെയ്യുന്നു. ഇത്തരമൊരു പിന്തിരിപ്പൻ നിയമനിർമ്മാണത്തിലൂടെ കൊണ്ടുവരാൻ ശ്രമിക്കുന്ന നിർദിഷ്ട ഭേദഗതികളിലുള്ള ശക്തമായ എതിർപ്പും ആശങ്കയും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് രേഖപ്പെടുത്തുന്നു.

ഒരു വ്യക്തി സ്വയം തിരിച്ചറിയുന്ന ലിംഗസ്വത്വത്തെ അംഗീകരിക്കാതെ, നിർബന്ധിത മെഡിക്കൽ പരിശോധനയിലൂടെ തീരുമാനിക്കപ്പെടുന്ന ലിംഗസ്വത്വത്തെ മാത്രമേ ഈ ബിൽ അംഗീകരിക്കുന്നുള്ളൂവെന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. വ്യക്തികളുടെ അന്തസ്സ്, സ്വയം നിർണ്ണയാവകാശം എന്നിവ സംരക്ഷിക്കുന്നതിൽ ഇതുവരെയുണ്ടായിട്ടുള്ള പ്രധാന മുന്നേറ്റങ്ങളെയെല്ലാം ഈ ബിൽ പിന്നോട്ടടിക്കുന്നു. 2019-ലെ നിയമത്തിൽ ട്രാൻസ് പുരുഷൻ, ട്രാൻസ് സ്ത്രീ, ഇന്റർസെക്സ് വ്യതിയാനങ്ങളുള്ളവർ, ക്വിയർ വ്യക്തിത്വങ്ങൾ എന്നിങ്ങനെ നൽകിയിരുന്ന വിശാലമായ നിർവചനങ്ങളെ പുതിയ ബിൽ അട്ടിമറിച്ചിരിക്കുകയാണ്.

പുതിയ നിർവചനപ്രകാരം പ്രത്യേക സാമൂഹിക, സാംസ്കാരിക തന്മകൾ ഉള്ളവരെ (ഹിജഡ, അരവാണി തുടങ്ങിയവർ) മാത്രമാണ് ട്രാൻസ്ജെൻഡർ വ്യക്തികളായി പരിഗണിക്കുന്നത്. ട്രാൻസ് പുരുഷന്മാർ, ട്രാൻസ് സ്ത്രീകൾ, ജെൻഡർ ക്വിയർ എന്നിവരെ നിർവചനത്തിൽനിന്ന് പൂർണ്ണമായും ഒഴിവാക്കിയതുവഴി ഒരു വലിയ വിഭാഗത്തെ നിയമപരമായ പരിരക്ഷയിൽനിന്ന് പുറത്താക്കുന്നു.

ലിംഗസ്വത്വം സ്വയം നിർണ്ണയിക്കാനുള്ള അവകാശം ഉറപ്പുനൽകുന്ന നിലവിലെ നിയമത്തിലെ മർമ്മപ്രധാനമായ സെക്ഷൻ 4(2) റദ്ദാക്കുന്നത് വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണ്.

ഇത്തരം നിയമപരമായ നടപടികൾ ലിംഗസ്ഥിരീകരണ ശസ്ത്രക്രിയകൾ, മാനസികാരോഗ്യ പിന്തുണ, എച്ച് ഐ വി പ്രതിരോധം തുടങ്ങിയ അവശ്യ ആരോഗ്യസേവനങ്ങൾ തേടുന്നതിൽനിന്ന് ട്രാൻസ് വ്യക്തികളെ നിരുത്സാഹപ്പെടുത്തും. ഇത് ലിംഗലൈംഗിക ന്യൂനപക്ഷങ്ങൾ മുഖ്യധാരയിൽനിന്ന് കൂടുതൽ പുറന്തള്ളപ്പെടാനും ആരോഗ്യപരമായ അസമത്വങ്ങൾ വർധിക്കാനും കാരണമാകും. അതിനാൽ, ഓരോ വ്യക്തിയുടെയും അന്തസ്സോടെ ജീവിക്കാനുള്ള മൗലികാവകാശത്തെ ഹനിക്കുന്ന ഈ നിർദിഷ്ട ഭേദഗതി ബിൽ അടിയന്തരമായി റദ്ദാക്കണമെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് യൂണിയൻ സർക്കാരിനോടും സാമൂഹികനീതിവകുപ്പിനോടും ആവശ്യപ്പെടുന്നു. ■

# യുദ്ധവിരുദ്ധ റാലി

## കോഴിക്കോട് ജില്ല:




കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കോഴിക്കോട് ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് യുദ്ധവിരുദ്ധറാലി നടത്തി. സംസ്ഥാന മുൻ പ്രസിഡന്റ് പ്രൊഫ. ടി പി കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു. യുദ്ധംമൂലം സാധാരണക്കാർക്കുണ്ടാവുന്ന ബുദ്ധിമുട്ടുകൾ അദ്ദേഹം വിശദീകരിച്ചു. സംസ്ഥാന സെക്രട്ടറി എസ് യമുന സംസാരിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് ഹരീഷ് ഹർഷ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി പി ബിജു സ്വാഗതവും ജില്ലാ ജോയിന്റ് സെക്രട്ടറി ശ്രീനിവാസൻ ചെറുകുളത്തൂർ നന്ദിയും പറഞ്ഞു. വടകര, പേരാമ്പ്ര, തോടന്നൂർ, ചേളന്നൂർ, കുന്നമംഗലം, കോഴിക്കോട് ജില്ലയിലെ മറ്റു മേഖലകളിലും യുദ്ധവിരുദ്ധറാലി സംഘടിപ്പിച്ചു.

• • •

## കരുനാഗപ്പള്ളി മേഖല:

ഇസ്രായേൽ എല്ലാ അന്താരാഷ്ട്ര മാനദണ്ഡങ്ങളും ലംഘിച്ച് ഇറാന്റെ മേൽ നടത്തുന്ന നഗ്നമായ കടന്നാക്രമണം ഉടൻ അവസാനിപ്പിക്കണമെന്നും, ഇന്ത്യ യുദ്ധത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കണമെന്നും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ആവശ്യപ്പെട്ടു.

മൈനാഗപ്പള്ളി പുത്തൻചന്തയിൽ നടന്ന യുദ്ധവിരുദ്ധ റാലിയിൽ ജില്ലാകമ്മിറ്റി അംഗം ഡോ. കെ ജി അഭിലാഷ്കുമാർ യുദ്ധവിരുദ്ധ സന്ദേശം നൽകി. പ്രശസ്ത കവി പി ശിവപ്രസാദ്, പരിഷത്ത് മേഖലാ സെക്രട്ടറി എ കെ ലളിതാംബിക, പ്രസിഡന്റ് കെ ജി ബാലചന്ദ്രൻ, ട്രഷറർ ഡി പ്രസന്നകുമാർ, ജോയി




കോശി വൈദ്യൻ, ആർ പി സുഷമ തുടങ്ങിയവർ നേതൃത്വംനൽകി.

• • •

## കാട്ടാമ്പള്ളി യൂണിറ്റ്:

ചടയമംഗലം മേഖലയിൽ കാട്ടാമ്പള്ളി യൂണിറ്റും, സന്മാർഗദായനി ഗ്രന്ഥശാലയും സംയുക്തമായി യുദ്ധവിരുദ്ധസദസ്സ് സംഘടിപ്പിച്ചു. വായനശാല പ്രസിഡന്റ് എസ് ഷൈജു അധ്യക്ഷനായി. മേഖലാസെക്രട്ടറി ശ്രീജ അനിൽ സ്വാഗതം പറഞ്ഞു. അശോകൻപിള്ള ഉദ്ഘാടനം ചെയ്തു വിഷയാവതരണം നടത്തി. അഡ്വ. എസ് സോമരാജൻ (വികസന ക്ഷേമകാര്യ സ്റ്റാൻഡിങ് ചെയർമാൻ, ടി വിജയകുമാർ (മേഖലാപ്രസിഡന്റ്), ഗ്രന്ഥശാല സെക്രട്ടറി ശിവപ്രസാദ് ജി എൻ എന്നിവർ ആശംസയും യൂണിറ്റ് സെക്രട്ടറി ശാരങ്ഗധരൻ നന്ദിയും പറഞ്ഞു. മേഖലയിൽനിന്നും പ്രേംകുമാർ, ശ്രീജു, റാഫി എന്നിവർ പങ്കെടുത്തു.

• • •

## കഴക്കൂട്ടം മേഖല:




അമേരിക്ക-ഇസ്രയേൽ സാമ്രാജ്യത്വശക്തികളുടെ ലോകസമാധാനത്തിന് ഭീഷണിയായ യുദ്ധവെറിക്കെതിരെ കഴക്കൂട്ടം മേഖലയുടെ നേതൃത്വത്തിൽ യുദ്ധവിരുദ്ധ റാലി സംഘടിപ്പിച്ചു. റാലിക്ക് മേഖലാപ്രസിഡന്റ് മണികണ്ഠൻ കാര്യവട്ടം, സെക്രട്ടറി അശോകൻ എന്നിവർ നേതൃത്വംനൽകി. സമാപനയോഗത്തിൽ ഡോ. ഷാജി വർക്കി സംസാരിച്ചു.

• • •

## ഏറ്റുമാനൂർ മേഖല:

മേഖലാകമ്മിറ്റിയുടെ നേതൃത്വത്തിൽ ഏറ്റുമാനൂർ പ്രൈവറ്റ് ബസ്സ്റ്റാൻഡ് പരിസരത്ത് യുദ്ധവിരുദ്ധ കൂട്ടായ്മ സംഘടിപ്പിച്ചു.

10.03.26 വൈകിട്ട് നടന്ന പരിപാടി നിരവധി നാട്ടുകാരുടേയും യാത്രക്കാരുടേയും ശ്രദ്ധ നേടി. യുദ്ധത്തിനെതിരായ സന്ദേശങ്ങൾ ഉയർത്തിക്കൊണ്ട് പ്രവർത്തകർ മുദ്രാവാക്യങ്ങൾ മുഴക്കുകയും പ്ലക്കാർഡുകൾ ഉയർത്തുകയും ചെയ്തു. കൂടാതെ, സമാധാനത്തിനുള്ള ആഹ്വാനം നടത്തുകയും ചെയ്തു.

ജനങ്ങളിലേക്ക് യുദ്ധവിരുദ്ധസന്ദേശം എത്തിക്കാ

നും, ലോകസമാധാനം എത്രകണ്ട് മനുഷ്യപുരോഗതിയുടെ അടിസ്ഥാനമാണെന്ന ബോധ്യം സൃഷ്ടിക്കാനും പരിപാടിയുടെ സംഘാടനത്തിലൂടെ കഴിഞ്ഞു. ജില്ലാകമ്മിറ്റി അംഗങ്ങൾ സി ശശി, പി എൻ കേശവൻ, മേഖലാസെക്രട്ടറി പി കെ സുമതി, പ്രസിഡന്റ് ജയകുമാർ കെ തുടങ്ങിയവർ നേതൃത്വം നൽകി.

• • •

## കല്പറ്റ മേഖല:



മേഖലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കമ്പളക്കാട് ടൗണിൽ യുദ്ധവിരുദ്ധ സദസ്സും റാലിയും സംഘടിപ്പിച്ചു. പരിഷത്ത് ജില്ലാകമ്മിറ്റി അംഗം ഡോ. അമ്പിച്ചിറയിൽ വിഷയാവതരണം നടത്തി. മുതലാളിത്ത ശക്തികളുടെ യുദ്ധാനുകൂല നിലപാടുകളെ അദ്ദേഹം അപലപിച്ചു. പരിഷത്ത് വയനാട് ജില്ലാപ്രസിഡന്റ് എ ജനാർദ്ദനൻ, ജില്ലാ വൈസ്പ്രസിഡന്റ് സി ജയരാജൻ, കല്പറ്റ മേഖലാസെക്രട്ടറി എം പി മത്തായി, പരിഷത്ത് കേന്ദ്ര നിർവാഹകസമിതി അംഗം കെ എ അഭിജിത്ത്, പരിഷത്ത് ജില്ലാകമ്മിറ്റി അംഗങ്ങളായ കെ എസ് പ്രഭാകുമാരി, ജോസഫ് ജോൺ, എം സി അഖിത, ടി ടി അശ്വിൻ ജോസഫ്, എന്നിവർ സംസാരിച്ചു.

• • •

## കൊല്ലം ജില്ല:




കൊല്ലം ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 5.3.26ന് കൊല്ലം ചിന്നക്കടയിൽ നടന്ന യുദ്ധവിരുദ്ധ പ്രതിഷേധസംഗമം ജില്ലാലൈബ്രറി കൗൺസിൽ സെക്രട്ടറി എസ് എൽ സജിനാഥ് ഉദ്ഘാടനം ചെയ്തു.

കേന്ദ്ര നിർവാഹകസമിതി അംഗങ്ങളായ എൽ ഷൈലജ, ടി ലിസി, കെ പ്രസാദ് എന്നിവർ സംസാരിച്ചു.

ജില്ലാപ്രസിഡന്റ് കെ പത്മകുമാർ അധ്യക്ഷതവഹിച്ചയോഗത്തിൽ ജില്ലാസെക്രട്ടറി കെ ശശികുമാർ സ്വാഗതം പറഞ്ഞു.

• • •

## ഓച്ചിറ മേഖല:




ഓച്ചിറ മേഖലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 3 ചൊവ്വാഴ്ച വൈകിട്ട് 4 മണിക്ക് ഓച്ചിറ ജങ്ഷനിൽ യുദ്ധവിരുദ്ധ റാലി നടത്തി. തുടർന്നു നടന്ന പൊതുയോഗം പരിഷത്ത് കൊല്ലം ജില്ലാ കമ്മിറ്റി അംഗം എം അനിൽ ഉദ്ഘാടനംചെയ്തു. മേഖലാ പ്രസിഡന്റ് എസ് ശ്രീകുമാർ അധ്യക്ഷം വഹിച്ചു. മേഖലാസെക്രട്ടറി കെ ജെ സത്യൻ സ്വാഗതം ആശംസിച്ചു. ജില്ലാകമ്മിറ്റി അംഗം ജി സുജാത ടീച്ചർ ലോകം നേരിടുന്ന യുദ്ധ വിപത്തുക്കളെപ്പറ്റി സംസാരിച്ചു. ജില്ലാ വൈസ്പ്രസിഡന്റ് ശോഭനാസത്യൻ, ജില്ലാകമ്മിറ്റി അംഗങ്ങളായ സി ആർ ലാൽ, എൻ സജി, ഓച്ചിറ സി ഡി എസ് ചെയർപേഴ്സൺ ഉഷാചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. മേമന യൂണിറ്റ് സെക്രട്ടറി മോഹൻദാസ് നന്ദി അറിയിച്ചു.

• • •

## തൃശ്ശൂർ ജില്ല:

സർവനാശം വിതയ്ക്കുന്ന യുദ്ധങ്ങൾ ലോക ജനതയ്ക്കാപത്താണ്, ലോകത്ത് സമാധാനം നിലനിർത്തുക, അമേരിക്കൻ-ഇസ്രയേൽ യുദ്ധക്കൊതി അവസാനിപ്പിക്കുക എന്ന മുദ്രാവാക്യമുയർത്തി കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തൃശ്ശൂർജില്ലയിലെ എല്ലാ മേഖലകളിലും യുദ്ധവിരുദ്ധ റാലിയും പ്രതിഷേധപരിപാടികളും നടത്തി.

**അന്തിക്കാട് മേഖല**യിൽ നടന്ന യുദ്ധവിരുദ്ധ റാലിയും പൊതുയോഗവും ബാലകൃഷ്ണൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു.

**ചാലക്കുടി മേഖല** സൗത്ത് ജങ്ഷനിൽ നടന്ന യുദ്ധവിരുദ്ധ റാലിയിൽ കേന്ദ്ര നിർവാഹകസമിതി അംഗം വി ജി ഗോപിനാഥൻ, ഭരതൻ കാതിക്കുടം, അമൽ രവീന്ദ്രൻ, മേഖലാസെക്രട്ടറി കെ ഡി ദിലീപ് എന്നിവർ നേതൃത്വംനൽകി.

**കുന്നംകുളംമേഖല**യിൽ മാർച്ച് 5ന് മേഖലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ യുദ്ധവിരുദ്ധ റാലിയും പൊതുയോഗവും സംഘടിപ്പിച്ചു. കുന്നംകുളം ഗാന്ധിസ്മൃതിമണ്ഡപത്തിൽനിന്ന് ആരംഭിച്ച റാലി താലൂക്ക് ആശുപത്രിയ്ക്ക് സമീപം സമാപിച്ചു. മേഖലാപ്രസിഡന്റ് ഡോ. ആർ ബ്രിനേഷിന്റെ അധ്യക്ഷതയിൽ നടന്ന പൊതുയോഗം മുൻ ജനറൽ സെക്രട്ടറി പി

മുരളീധരൻ ഉദ്ഘാടനംചെയ്തു.

**മതിലകം മേഖല**യിൽ പെരിഞ്ഞനം, എടത്തിരുത്തി എസ് എൻ പുരം എന്നീ യൂണിറ്റുകൾ പ്രതിഷേധ പ്രകടനവും പൊതുയോഗവും നടത്തി.

**പെരിഞ്ഞനത്ത്** കേന്ദ്ര നിർവാഹകസമിതി അംഗം അഡ്വ. കെ പി രവിപ്രകാശ്, എസ് എൻ പുരത്ത് ജില്ലാകമ്മിറ്റി അംഗം പി രാധാകൃഷ്ണൻ എന്നിവർ ഉദ്ഘാടനംചെയ്തു. ജില്ലാസെക്രട്ടറി കെ കെ കസീമ, മേഖലാപ്രസിഡന്റ് എം ജി ജയശ്രീ, കെ എൻ അജയൻ, ബിന്ദു സന്തോഷ്, ജില്ലാകമ്മിറ്റിയംഗം പി രാധാകൃഷ്ണൻ, അജിത് പി, സുമിത്ര, ജോഷി കെ ആർ, സജിത, നിരഞ്ജൻ എം, സുദർശൻ, വി പഞ്ചിക സജീവ് എന്നിവർ നേതൃത്വംനൽകി.

**തൃപ്രയാർ മേഖല**യുടെ ആഭിമുഖ്യത്തിൽ വാടാനപ്പള്ളിയിലും, തൃപ്രയാർ സെന്ററിലും യുദ്ധവിരുദ്ധ റാലികൾ സംഘടിപ്പിച്ചു. മേഖലാപ്രസിഡന്റ് കെ എസ് സുധീർ, ജില്ലാ മാസികാ കൺവീനർ സുജിത് ടി എ എന്നിവർ നേതൃത്വംനൽകി.

**കോലഴി മേഖല**യിൽ അവണൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യൂണിറ്റ് പ്രസിഡന്റ് വി വി ലളിതയുടെ നേതൃത്വത്തിൽ യുദ്ധവിരുദ്ധ റാലി നടത്തി. മേഖലാസെക്രട്ടറി വി കെ മുകുന്ദൻ പൊതുയോഗം ഉദ്ഘാടനംചെയ്തു.

**കോലഴി യൂണിറ്റും കോലഴി കൂട്ടായ്മയും** സംയുക്തമായി യുദ്ധവിരുദ്ധ റാലിയും പൊതുയോഗവും സംഘടിപ്പിച്ചു. എ പി ശങ്കരനാരായണൻ, ശാസ്ത്രാവബോധസമിതി കൺവീനർ സി ബാലചന്ദ്രൻ, ടി സത്യനാരായണൻ, പ്രീത ബാലകൃഷ്ണൻ, എ ദിവാകരൻ, ആന്റണി കെ വി, രജിത് മോഹൻ എന്നിവർ നേതൃത്വംനൽകി.

**കൊടുങ്ങല്ലൂർ മേഖല**യിൽ മാർച്ച് 4ന് നടന്ന യുദ്ധവിരുദ്ധ റാലിയിൽ മേഖലാസെക്രട്ടറി ശശികല പി പി ജില്ലാകമ്മിറ്റി അംഗം മുഹമ്മദ് എന്നിവർ നേതൃത്വംനൽകി.

**തൃശ്ശൂർ മേഖല**യിൽ മുതുവറ യൂണിറ്റും തൃശ്ശൂർ ഈസ്റ്റ് യൂണിറ്റും യുദ്ധവിരുദ്ധ റാലി സംഘടിപ്പിച്ചു.

**ചേലക്കര മേഖല**യിൽ വായനശാല പരിസരത്തുനിന്ന് തുടങ്ങിയ യുദ്ധവിരുദ്ധ റാലി ചേലക്കര ബസ്സ്റ്റാൻഡിൽ സമാപിച്ചു. പൊതുയോഗം മേഖലാപ്രസിഡന്റ് എൻ നീലകണ്ഠൻ ഉദ്ഘാടനം ചെയ്തു. ജില്ലാട്രഷറർ പ്രമോദ് വി, ജില്ലാകമ്മിറ്റി അംഗം മേരി ജയന്തി, സ്ഥാണുനാഥൻ, ഉണ്ണിക്കൃഷ്ണൻ, അനിൽ, മേഖലാസെക്രട്ടറി വാസുദേവൻ ടി എന്നിവർ നേതൃത്വംനൽകി.

**ഒല്ലൂക്കര മേഖല**യിൽ മാർച്ച് 4ന് നടന്ന യുദ്ധവിരുദ്ധ പ്രതിഷേധയോഗത്തിൽ മേഖലാപ്രസിഡന്റ് ഗോപിദാസൻ ഉദ്ഘാടനംചെയ്തു. മേഖലാസെക്രട്ടറി വി വി സുബാഷ്, തിലകൻ തേറമ്പിൽ, അംബിക സോമൻ, സോമൻ കാര്യാട്ട് എന്നിവർ നേതൃത്വംനൽകി.

**ഇരിങ്ങാലക്കുട മേഖല**യിൽ എല്ലാ യൂണിറ്റുകളിലും 4ന് രാത്രി മെഴുകുതിരി കത്തിച്ചും യുദ്ധവിരുദ്ധ പോസ്റ്റർ പിടിച്ചും പ്രതിഷേധം രേഖപ്പെടുത്തി. മാർച്ച് 5ന് വൈകീട്ട് പുരോഗമന കലാസാഹിത്യസംഘം, കെ എസ് ടി എ, എൻ ജി ഒ യൂണിയൻ, യുവ കലാസാഹിതി, ജോയിന്റ് കൗൺസിൽ തുടങ്ങിയ സംഘടനകളുമായി യോജിച്ച് ഇരിങ്ങാലക്കുടയിൽ യുദ്ധവിരുദ്ധ റാലിയും പ്രതിഷേധസംഗമവും നടത്തി. ഇരിങ്ങാലക്കുട ടൗൺഹാളിൽനിന്ന് ആരംഭിച്ച റാലി അയ്യങ്കാവ് മൈതാനം ചുറ്റി ബസ്സ്റ്റാന്റ് പരിസരത്ത് സമാപിച്ചു. പരിഷത്ത് ഇരിങ്ങാലക്കുട മേഖലാപ്രസിഡന്റ് മനോജ് വി ഡി അധ്യക്ഷത വഹിച്ച ചടങ്ങിൽ ക്രൈസ്റ്റ് കോളേജ് ചരിത്രവിഭാഗം അധ്യാപിക ലിഷ കെ കെ മുഖ്യപ്രഭാഷണം നടത്തി. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി പ്രതിപക്ഷനേതാവ് വി എസ് ശിവകുമാർ, പരിഷത്ത് ജില്ലാ വൈസ് പ്രസിഡന്റ് വത്സല കുമാരി ടീച്ചർ, മധു വെള്ളാനി, നിരൂപ് എ ടി എന്നിവർ സംസാരിച്ചു.




**വടക്കാഞ്ചേരി മേഖല**യിൽ മാർച്ച് 5 വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് ഓട്ടുപാറ സെന്ററിൽനിന്നും വടക്കാഞ്ചേരി സെന്റർവരെ യുദ്ധവിരുദ്ധ റാലി നടത്തി. പൊതുയോഗത്തിൽ മേഖലാപ്രസിഡന്റ് ഡോ. സുശീൽ രാഹുൽ, സെക്രട്ടറി ഇ എം വിനീത്, കെ സി ഫ്രാൻസിസ്മാസ്റ്റർ, ടി വർഗീസ് എന്നിവർ സംസാരിച്ചു. മേഖലാട്രഷറർ രാജു പി വി, ഗോവിന്ദ് മാസ്റ്റർ, ബൈജു ഇമേജ്, കെ പി ജോയ്സൺ, മനു രവീന്ദ്രൻ, അജിത് വി എ എന്നിവർ നേതൃത്വംനൽകി.

**മുല്ലശ്ശേരി മേഖല**യിൽ പാവറട്ടി യൂണിറ്റ് നടത്തിയ യുദ്ധവിരുദ്ധ റാലിയും പ്രതിഷേധയോഗവും ജില്ലാ പ്രസിഡന്റ് ഡോ. സി എൽ ജോഷി ഉദ്ഘാടനംചെയ്തു. മേഖലാസെക്രട്ടറി സി ടി ജോൺ, മേഖലാ പ്രസിഡന്റ് ലക്ഷ്മണൻ കെ എസ്, ജില്ലാകമ്മിറ്റിയംഗം രാമൻ കെ എസ്, ബാബു ആന്റണി എന്നിവർ സംസാരിച്ചു.

**ചാവക്കാട് മേഖല**യിൽ മേഖലാകമ്മിറ്റിയുടെ നേതൃത്വത്തിൽ ഗുരുവായൂർ ടൗണിൽ പ്രതിഷേധറാലിയും പൊതുയോഗവും സംഘടിപ്പിച്ചു. മേഖലാസെക്രട്ടറി ദേവദാസ്മാസ്റ്റർ, മേഖലാട്രഷറർ എം കേശവൻ, സുവർണ്ണ മുരളി എന്നിവർ നേതൃത്വംനൽകി.

**പുത്തൻചിറ മേഖല**യിൽ മേഖലാസെക്രട്ടറി എം എസ് ജയചന്ദ്രന്റെ നേതൃത്വത്തിൽ പ്രതിഷേധപ്രകടനവും പൊതുയോഗവും നടന്നു. ചേർപ്പ് മേഖലാകമ്മിറ്റിയുടെ നേതൃത്വത്തിൽ യുദ്ധവിരുദ്ധ റാലിയും പൊതുയോഗവും നടത്തി. തായംകുളങ്ങര സെന്ററിൽ നിന്നാരംഭിച്ച് ചേർപ്പ് ടൗണിൽ സമാപിച്ച റാലിയിലും തുടർന്നു നടന്ന പൊതുയോഗവും വല്ലച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമ പ്രകാശൻ ഉദ്ഘാടനം ചെയ്തു. പരിഷത്ത് തൃശ്ശൂർ ജില്ലാസെക്രട്ടറി കെ കെ കസീമ, ജോയന്റ് സെക്രട്ടറി ഐ കെ മണി, മേഖലാസെക്രട്ടറി മധു, ടി ആർ വിജയൻ എന്നിവർ സംസാരിച്ചു.

• • •

# മാസിക അവലോകനം




### യുറീക്ക: അവധിക്കാലം ആഘോഷമാക്കാൻ

പ്രീ-സ്കൂൾ മുതൽ ഏഴ്/എട്ട് ക്ലാസ് വരെയുള്ള കുട്ടികളുടെ അവധിക്കാലം അറിവിൻ കാലമാക്കാനുള്ള വിഭവങ്ങളുമായാണ് ഏപ്രിൽലക്കം യുറീക്ക കുഞ്ഞുങ്ങളുടെ കൈയിലെത്തുന്നത്. കൗതുകമുണർത്തിക്കൊണ്ടും രസിപ്പിച്ചുകൊണ്ടും കുട്ടികളെ ഉയർന്ന ചിന്തയ്ക്കും തുറന്ന സംവാദത്തിനും പ്രാപ്തരാക്കുവാൻ പോന്നതാണ് ഇതിലെ വിഭവങ്ങൾ.

ജയ-പരാജയങ്ങളെ ആത്മവിശ്വാസത്തോടെ നേരിടുന്നതിന് കുട്ടിയെ സഹായിക്കുന്ന മനോഹരമായ രചനയാണ് എം സ്വരാജിന്റെ 'തോറ്റു തോറ്റു ജയിച്ച ഒരാൾ.' എബ്രഹാം ലിങ്കന്റെ ജീവിതത്തെ ആധാരമാക്കിയുള്ള ചിന്തകളാണതിൽ തിളങ്ങിനിൽക്കുന്നത്. 'ബാക്ടീരിയകൾ ചലിക്കുന്നതെങ്ങനെ' എന്ന പേരിലുള്ളത് സ്നേഹദാസിന്റെ രസകരവും വിജ്ഞാനപ്രദവുമായ ലേഖനം. വെള്ളത്തിന്റെ പ്രാധാന്യവും ജലത്തിന്റെ ചരിത്രവും പറയുന്ന രചനയായ 'ദിനോസറുകൾ കുടിച്ച ആ പഴയ വെള്ളം' തികച്ചും കൗതുകകരം. കുട്ടികൾ തന്നെ രചിക്കുകയും വരയ്ക്കുകയും ചെയ്യുന്ന, മുതിർന്നവരുടെ സൃഷ്ടികളെ അതിശയിക്കുന്ന രചനകൾ 'വാക്ക് വര ചിരി ചിന്ത' (വാ വ ചി ചി) എന്ന പംക്തിയിൽ. അധിവർഷത്തെപ്പറ്റിയുള്ള മുൻധാരണകൾ പുതുക്കുന്നതാണ് ടി വി നാരായണന്റെ ലേഖനം.

കുട്ടിക്കഥകൾ, ശാസ്ത്രകഥകൾ, കുഞ്ഞു-വലിയ കവിതകൾ... കുട്ടികളുമായി സംവദിക്കുന്ന അതിമനോഹരമായ ചിത്രങ്ങൾ, പീക്കിരി ഇൻ, കളി-കാര്യം, മഴക്കാഴ്ച, പരീക്ഷണശാല, യുദ്ധവിരുദ്ധ പോസ്റ്ററുകൾ, പുസ്തകപരിചയമായ 'ബുക്കിഷ്ടരേ', കുട്ടികളുടെ പ്രതികരണങ്ങളടങ്ങുന്ന യു മെയിൽ, പദപ്രശ്നം... ഇത്തരത്തിൽ രചനകളും പംക്തികളും ഇനിയുമുണ്ട് നിരവധി.

അവധിക്കാലം വന്നണയുമ്പോഴും അതിന്റെ കുളിർ ജ്വാലകൾ അണഞ്ഞുകഴിഞ്ഞാലും കുട്ടികൾക്ക്-വാസ്തവത്തിൽ, മുതിർന്നവർക്കും-വീണ്ടുംവീണ്ടും വായിച്ചുരസിക്കാനും പ്രവർത്തിച്ചുപഠിക്കാനും സൂക്ഷിച്ചുവച്ച് തുടർപഠനത്തിന് പ്രയോജനപ്പെടുത്താനും പറ്റിയ മികച്ച ഒന്നാണ് ഏപ്രിൽ ലക്കം യുറീക്ക.

• • •




### ശാസ്ത്രകേരളം: ശാസ്ത്രോന്മുഖം വിഭവസമൃദ്ധം

ഈ മാസം 22ന് കടന്നുവരുന്ന ഭൗമദിനത്തെക്കുറിച്ചുള്ള വിനോദ്മാഷിന്റെ ലേഖനത്തോടെയാണ് ഏപ്രിൽ ലക്കം ശാസ്ത്രകേരളം ആരംഭിക്കുന്നത്. ഹൈദരാബാദിൽവച്ച് നടന്ന ദക്ഷിണേന്ത്യൻ ശാസ്ത്രമേളയിൽ പ്രശംസാർഹമായ രീതിയിൽ പങ്കെടുത്ത കേരളത്തിൽനിന്നുള്ള അധ്യാപകരെയും വിദ്യാർഥികളെയും പരിചയപ്പെടുത്തുന്ന ലേഖനമാണ് തുടർന്നുവരുന്നത്. ഒരു സ്പർശത്തിന്റെ അടയാളത്തിൽനിന്നും ഡി എൻ എ വേർതിരിച്ചറിയാവുന്ന പുത്തൻ സാങ്കേതികവിദ്യയായ, അടുത്തിടെ പേറ്റന്റ് ലഭിച്ച പരിസ്ഥിതി സൗഹൃദ നാനോ സിൽവർ ഫിംഗർ പ്രിന്റിങ് സാങ്കേതികവിദ്യയുടെ വിവിധ വശങ്ങളാണ് ഫൊറൻസിക് സയൻസ് അധ്യാപകരായ ലേഖകർ തുടർന്നുള്ള ലേഖനത്തിൽ വിശദീകരിക്കുന്നത്. നിറംമാറ്റത്തിന്റെ കാര്യത്തിൽ ഓന്തിനെ കടത്തിവെട്ടുന്ന ഒരു പുൽച്ചാടിയുടെ വിശേഷങ്ങളാണ് ഡോ. സുരേഷ് വി പങ്കുവയ്ക്കുന്നത്. ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ പടിഞ്ഞാറുഭാഗത്ത് കാണുന്ന വളരെയധികം പ്രത്യേകതകളുള്ള ഒരു രണ്ടില സസ്യത്തെക്കുറിച്ചുള്ള ലേഖനമാണ് പിന്നീട് വരുന്നത്. കഴിഞ്ഞലക്കത്തിൽ

ആരംഭിച്ച ലേഖനം, ഉറക്കത്തിന്റെ പ്രാധാന്യവും പ്രത്യേകതകളും വ്യക്തമാക്കുന്ന രസകരമായ രണ്ടാംഭാഗത്തോടുകൂടി ഈ ലക്കത്തിൽ അവസാനിക്കുകയാണ്. കേരളത്തിലെ കാട്ടുപൂക്കളെക്കുറിച്ചുള്ള പരമ്പരയിൽ ഈ ലക്കത്തിൽ ഡോ. എ കെ പ്രദീപ് പരിചയപ്പെടുത്തുന്നത് കണ്ണാന്തളിയെയാണ്. ധീരജിന്റെ ശാസ്ത്രനോവൽ ആകാംക്ഷാഭരിതമായ രീതിയിൽ അതിന്റെ പരിസമാപ്തിയിലേക്ക് അടുക്കുന്നു! പ്രകൃതികൗതുകങ്ങൾ എന്ന ശീർഷകത്തിൽ ഇത്തവണ തേനീച്ചയാണ് പ്രതിപാദ്യവിഷയം. ശരത് മാഷ്, മീൻ വറുക്കുന്നതിന്റെയും കറിവയ്ക്കുന്നതിന്റെയും ശാസ്ത്രം കഥാരൂപത്തിൽ ചർച്ചചെയ്യുന്നത് രസകരമായിട്ടുണ്ട്. സ്റ്റാറ്റിക് ഇലക്ട്രിസിറ്റിയെക്കുറിച്ച് എഴുതിയിട്ടുള്ളത് ശാസ്ത്രകേരളത്തിന്റെ കൂട്ടുകാരിൽ ഒരാളായ സൻഹാ ഫാത്തിമയാണ്. വിളകളുടെ ജനിതകമാറ്റത്തിന്റെ വിവിധ വശങ്ങൾ ചർച്ചചെയ്യുന്ന വിലപ്പെട്ട ചില ചിന്തകൾ ധ്രുവരാജ് സുഭാഷ് ചന്ദ്രൻ പങ്കുവയ്ക്കുന്നുണ്ട്. 'വാക്കിന്റെ വർത്തമാനം' ഈ ലക്കത്തിൽ ചർച്ചചെയ്യുന്നത് ജൻട്രിഫിക്കേഷനെക്കുറിച്ചാണ്. കേരള സ്കൂൾ വെതർ സ്റ്റേഷൻ ഡാറ്റയുടെ വിശകലനം നടത്തിക്കൊണ്ട് നടുവണ്ണൂർ ഹൈസ്കൂളിലെ വിദ്യാർഥികളായ പ്രിയദർശന, നിവേദിത എന്നിവർ എഴുതിയിരിക്കുന്നു. സ്ഥിരം പംക്തികളായ ക്വിസ്, പദപ്രശ്നം. ശലഭങ്ങൾ, ഗണിതലീല എന്നിവയും ചേർന്ന് അവധിക്കാലത്തെ ശാസ്ത്രോന്മുഖമാക്കാനുള്ള വിഭവങ്ങളാണ് ഏപ്രിൽ ലക്കം ശാസ്ത്രകേരളത്തിൽ ഉള്ളത്.

• • •




## ശാസ്ത്രഗതി: ഫോസിലുകളുടെ കഥയുമായി ഏപ്രിൽ ലക്കം

ശാസ്ത്രഗതി മാസികയുടെ ഓരോ ലക്കവും വ്യത്യസ്ത വിഷയങ്ങളെ ഫോക്കസ്ചെയ്തുകൊണ്ടാണ് പ്രസിദ്ധീകരിക്കുന്നത്. 2026 ഏപ്രിൽ ലക്കം ഫോസിലുകൾ എന്ന വിഷയത്തിന് പ്രാധാന്യം നൽകിക്കൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഫോസിലുകൾ ഭൂമിയിൽ ജീവിച്ചിരുന്ന ജീവികളുടെ അവശിഷ്ടങ്ങൾ മാത്രമല്ല, ഭൂമിയുടെ ചരിത്രത്തിലേക്കുള്ള ഒരു ജാലകവുമാണ്. ജീവന്റെ ഉദ്ഭവം, പരിണാമത്തിന്റെ തെളിവുകൾ, ഭൂമിയുടെ താപനില, വായുവിന്റെ ഘടന, സമുദ്രങ്ങളുടെ ഉയരം എന്നിവയെക്കുറിച്ച് അറിയാനും ഫോസിലുകൾ സഹായിക്കുന്നു. ഫോസിലുകളുമായി ബന്ധപ്പെട്ട് ആഴത്തിലറിയാൻ സഹായിക്കുന്ന അഞ്ച് ലേഖനങ്ങളാണ് ഈ ലക്കത്തിലുള്ളത്.

ഫോസിലുകൾ എന്താണെന്നും, ഫോസിലുകളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയായ പാലിയന്റോളജിയെക്കുറിച്ചും ഫോസിലുകളുടെ വിവിധ സംരക്ഷണരീതികളെക്കുറിച്ചും കേരളത്തിലെ ജിയോളജിക്കൽ വികസനവും കാലാവസ്ഥാചരിത്രവും മനസ്സിലാക്കാൻ ഫോസിൽ പഠനം എത്രത്തോളം സഹായകമാകുന്നുവെന്നതിനെക്കുറിച്ചുമാണ് 'ഫോസിലും ശാസ്ത്രവും' എന്ന, പ്രൊഫ. ഇ ഷാജിയുടെ ലേഖനം വിശദീകരിക്കുന്നത്. ഡോ. കെ പി ജയ്കിരണിന്റെ ലേഖനത്തിൽ, കേരളത്തിൽ എവിടെയൊക്കെ അവസാദശിലാപാളികളും ഫോസിലുകളും കാണപ്പെടുന്നുവെന്നും അവയുടെ സവിശേഷത എന്താണെന്നും ഹിമാലയത്തിൽ കാണുന്നതുപോലുള്ള ശിലാപാളികളും ഫോസിലുകളും കേരളത്തിൽ എന്തുകൊണ്ട് കാണുന്നില്ലായെന്ന അന്വേഷണവുമാണ് നടത്തുന്നത്. ആധുനിക വൈദ്യശാസ്ത്രരംഗത്ത് രോഗങ്ങളെ നേരിടാൻ ഫോസിലുകളുമായി ബന്ധപ്പെട്ട പാലിയോപാതോളജി എന്ന ശാസ്ത്രശാഖ നൽകുന്ന സംഭാവനകളെക്കുറിച്ചാണ് ഡോ. അമൽ കരിം, ഡോ. ടി പി മുബാറക് സാനി എന്നിവർ തയ്യാറാക്കിയ ലേഖനം വിശദീകരിക്കുന്നത്. പുരാതനകാലത്ത് ജീവിച്ചിരുന്ന ദിനോസറുകൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളെ ബാധിച്ചിരുന്ന രോഗങ്ങൾ കണ്ടെത്താൻ പാലിയോപാതോളജി എങ്ങനെ നിർണ്ണായകമായിയെന്നും ലേഖനം വിലയിരുത്തുന്നു. ഡോ. മുഹമ്മദ് നൂഹു നസീർ, ചരിത്രാതീത കാലഘട്ടങ്ങളിലെ കാലാവസ്ഥാസാഹചര്യങ്ങൾ മനസ്സിലാക്കാൻ മൈക്രോഫോസിലുകൾ എങ്ങനെ സഹായിക്കുന്നുവെന്നാണ് 'ഇത്തിരിക്കുഞ്ഞന്മാരുടെ വലിയ കഥ' എന്ന ലേഖനത്തിലൂടെ വ്യക്തമാക്കുന്നത്. ഹിമയുഗങ്ങളെപ്പറ്റി പഠിക്കാൻ മൈക്രോഫോസിലുകൾ എങ്ങനെ സഹായകമാകുന്നുവെന്നും കേരളത്തിലെ മൈക്രോഫോസിൽ ശേഖരം എവിടെയൊക്കെയാണെന്നും ഈ ലേഖനത്തിൽ വിശദീകരിക്കുന്നുണ്ട്. പാലിനോളജി എന്ന ശാസ്ത്രശാഖയെക്കുറിച്ചും കേരളത്തിലെ തീരപ്രദേശങ്ങളുടെ പരിസ്ഥിതി ചരിത്രം പുനർനിർമ്മിക്കാൻ ഗവേഷകർ നടത്തിയ പരീക്ഷണങ്ങളെക്കുറിച്ചുമാണ് ഡോ. വിഷ്ണുമോഹന്റെ ലേഖനം. ഫോസിൽപഠനവുമായി ബന്ധപ്പെട്ട വ്യത്യസ്ത ശാസ്ത്രശാഖകളെപ്പറ്റി മനസ്സിലാക്കാനും അവ നമ്മുടെ വൈദ്യശാസ്ത്രം, പരിസ്ഥിതി, കാലാവസ്ഥാപഠനം എന്നിവയുമായി എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ആഴത്തിൽ അറിയാനും ഓരോ ലേഖനവും സഹായകമാണ്.

അമേരിക്കൻ സാമ്രാജ്യത്വം ഇസ്രയേലുമായിച്ചേർന്ന് ഇറാനിലും പശ്ചിമേഷ്യൻ രാജ്യങ്ങളിലും നടത്തുന്ന യുദ്ധത്തെ അടിസ്ഥാനമാക്കിയ രണ്ടുലേഖനങ്ങൾ ഏപ്രിൽ ലക്കത്തെ ശ്രദ്ധേയമാക്കുന്നു. ഡോ.

ജോസഫ് ആന്റണിയുടെ 'ട്രംപീരിയലിസത്തിന്റെ തേർവാഴ്ച' എന്ന ലേഖനം, മൂന്നാം ലോകരാജ്യങ്ങൾക്കെതിരെ അമേരിക്ക നടത്തുന്ന ഏകപക്ഷീയമായ രാഷ്ട്രീയ-സൈനിക ആക്രമണങ്ങളുടെ സാഹചര്യത്തെ വിശകലനംചെയ്യുന്നു. അമേരിക്കയുടെ ലോക മേധാവിത്വത്തെ ചരിത്രപരമായി വിശകലനം ചെയ്യുന്നതാണ് ടി കെ ദേവരാജന്റെ 'അമേരിക്കയുടെ ഇറാൻ ആക്രമണത്തിന്റെ പിന്നാമ്പുറങ്ങൾ' എന്ന ലേഖനം. യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഈ രണ്ടു ലേഖനങ്ങളും മറ്റ് രാജ്യങ്ങൾക്കുമേൽ സാമ്പത്തികാധിപത്യം സ്ഥാപിക്കാനുള്ള അമേരിക്കയുടെ കുത്സിതശ്രമത്തെ അനാവരണം ചെയ്യുന്നതാണ്.

2025-ൽ ശാസ്ത്രഗതി ശാസ്ത്രകഥാമത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ ഡോ. ടി വി വിനീഷിന്റെ, 'ബ്രെയിൻ റോട്ട്' എന്ന കഥ, പ്രൊഫ. ടി പി കുഞ്ഞിക്കണ്ണന്റെ 'ഗവേഷണം രീതിശാസ്ത്രത്തിലും എഴുത്തിലും' പുസ്തകപരിചയം, ഡോ. ടി എസ് പ്രീതയുടെ 'ശാസ്ത്രവാർത്ത', എൻ ഇ ചിത്രസേനന്റെ 'വായനയ്ക്ക്' തുടങ്ങിയ പതിവുപംക്തികളും ഏപ്രിൽലക്കം ശാസ്ത്രഗതിയെ സമ്പുഷ്ടമാക്കുന്നു.

• • •

ലൂക്ക
www.luca.co.in
സയൻസ് പോർട്ടൽ

## ലൂക്ക മാർച്ചിലെ ലേഖനങ്ങൾ

പ്രസിദ്ധീകരിച്ച ലേഖനങ്ങൾ

a. 2026 മാർച്ചിലെ ആകാശം – എൻ സാനു
b. ഗ്രേറ്റ് നിക്കോബാർ: വികസനം വേണം പരിസ്ഥിതിയും – ഡോ. ഗോപകുമാർ ചോലയിൽ
c. ഡാർവിന്റെ പിഴവും തിരുത്തിയെഴുതിയ ധീരവനിതയും – ഡോ. സുരേഷ് വി
d. ഭാവിലോകം സമത്വത്തിന്റേതാണ്, പ്രതീക്ഷയുടേതാണ്-അന്താരാഷ്ട്ര വനിതാദിനം-2026 ആമുഖ ലേഖനം
e. വികാസവും പരിണാമവും തമ്മിലെന്ത്? വികാസ – പരിണാമ ജീവശാസ്ത്രം 1 – നവീൻ പ്രസാദ് അലക്സ്
f. പി എച്ച് ഡികൾ നൃത്തം ചെയ്യട്ടെ! – പി എം സിദ്ധാർഥൻ
g. കൊതുകും ത്രീഡി പ്രിന്റിങ്ങും – ഡോ. പി കെ സുമോദൻ
h. ഛിന്നഗ്രഹ ജീവൻ – പുതിയ കണ്ടെത്തലുകൾ – ഡോ. സുരേഷ് വി
i. ആന്റിബയോട്ടിക് പ്രതിരോധം: കേരളം പടുത്തുയർത്തുന്ന സുരക്ഷാകവചം – ഡോ. സൂര്യകാന്ത് ബി
j. പൊടിപടലങ്ങൾ: കാലാവസ്ഥയെ നിർണ്ണയിക്കുന്ന ചെറുകണങ്ങൾ – ഡോ. ഗോപകുമാർ ചോലയിൽ
k. പുസ്തകപരിചയം: ആദം സ്മിത്തിന് അത്താഴം പാകം ചെയ്തതാര്? – ഡോ. യു നന്ദകുമാർ
l. പുസ്തകപരിചയം: ജനങ്ങൾക്കാണോ, ശാസ്ത്രത്തിനാണോ പൗരശാസ്ത്രജ്ഞരെക്കൊണ്ട് പ്രയോജനം? – അഞ്ജുഷ സൂകി
m. നിയാണ്ടർത്താലുകളെ പ്രണയിച്ച നമ്മുടെ മുതു മുത്തശ്ശിമാർ – ഡോ. പ്രസാദ് അലക്സ്
n. മുതലാളിത്തം നിർമ്മിക്കുന്ന സാങ്കേതികവിദ്യകൾ 'മുതലാളിത്ത സാങ്കേതികവിദ്യകൾ' തന്നെ – ഡോ. ദീപക് പി
o. ഓഖിയിലെ മനുഷ്യന്റെ കാൽപ്പാടുകൾ: ഹുറാക്കാന്റെ കൈകൾക്ക് പ്രഹരശേഷിയേറുന്നു – ആകാശ് പാതായ്കര
p. ഫോറൻസിക് ബോട്ടണി ലേഖന പരമ്പര ഭാഗം 4: ശവപ്പറമ്പിലെ കള്ളത്തരങ്ങൾ – ഫോറൻസിക് ഫയലുകളിലെ പച്ച സാക്ഷികൾ- ഡോ. സുരേഷ് വി
q. ചന്ദ്രനെ ലക്ഷ്യമാക്കിയ ഛിന്നഗ്രഹവും JWST യും – ജയകൃഷ്ണൻ കെ

**ഇവ കൂടാതെ എന്താണ് കേരളത്തിൽ കൃഷിയുടെ ഭാവി? ലേഖനപരമ്പര ആരംഭിച്ചു.**

ചുമതലക്കാർ: **ഡോ. സി തമ്പാൻ, ജി സാജൻ**

പ്രസിദ്ധീകരിച്ച ലേഖനങ്ങൾ :

a. കേരളത്തിന്റെ കാർഷിക വളർച്ചയ്ക്ക് ഒരു രൂപരേഖ – ഡോ. ആർ രാംകുമാർ
b. കേരളത്തിലെ കാർഷിക യന്ത്രവൽക്കരണം സാധ്യതകൾ – ഡോ. ഷാജി ജെയിംസ് പി
c. കാർഷിക ആദായം വർധിപ്പിക്കാൻ വിള സംസ്കരണവും മൂല്യവർധനവും – ഡോ. സുധീർ കെ പി, ഗ്രീഷ്മ കെ
d. കേരളത്തിലെ കാർഷികവികസനത്തിന് സ്മാർട്ട് ഫാമിങ് സങ്കേതങ്ങളുടെ സാധ്യതകൾ – ഡോ. വി എസ് സന്തോഷ് മിത്ര
e. കേരളത്തിലെ കാർഷിക യന്ത്രവൽക്കരണം – സാധ്യതകൾ – ഡോ. ഷാജി ജെയിംസ് പി
f. നമുക്കുവേണ്ട പച്ചക്കറി നമുക്കുതന്നെ ഉൽപാദിപ്പിക്കാൻ കഴിയുമോ? – ഡോ. പ്രദീപ്കുമാർ ടി
g. പയർവിളകളുടെ കൃഷി കേരളത്തിൽ – ഡോ. സി ജോർജ് തോമസ്
h. കേരളത്തിലെ കിഴങ്ങുവിളകൾ – ഡോ. ജി ബൈജു
i. കേരളത്തിലെ ഏലം കൃഷി: മുന്നോട്ടുള്ള വഴി – ഡോ. ലിജോ തോമസ്, ഡോ. സജേഷ് വി കെ

ലൂക്ക ടോക്ക്സ്, മലയാളി ശാസ്ത്രഗവേഷക കൂട്ടായ്മയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന പരമ്പരയിൽ എട്ടാമത്തേത്. ഭൂമിയുടെ അതിരുകളിൽ: ഇന്ത്യൻ അന്റാർട്ടിക്കൻ സ്റ്റേഷനിലെ ജീവിതവും ശാസ്ത്രീയ ഗവേഷണവും–ഡോ. ബിനീഷ് എം ബി

• • •

# പുതിയ പുസ്തകങ്ങൾ



അധികാര വികേന്ദ്രീകരണത്തിന്റെ 70 ആണ്ടുകൾ
**ടി ഗംഗാധരൻ**
വില : 150 രൂപ



പൂമണമുള്ള കുയിൽപ്പാട്ട്
**എം എം സചീന്ദ്രൻ**
വില : 130 രൂപ



നാളെ സംഭവിച്ചത്:
ശാസ്ത്രകഥാ സമാഹാരം (ഭാഗം-2)
എഡി. **സന്തോഷ് ഏറത്ത്**
വില : 200 രൂപ



ജീവിതശൈലീരോഗങ്ങൾ:
അറിവും പ്രതിരോധവും
എഡി. **സന്തോഷ് ഏറത്ത്**
വില : 100 രൂപ



ഒക്ടേവിയ സ്പേസ് ഷട്ടിൽ
**സന്ധ്യ ആർ**
വില : 100 രൂപ



ജൈവദ്രവ്യ സമ്പദ്‌വ്യവസ്ഥ
**കെ ആർ ദാത്തെ**
വിവ: **ഡോ. എം പി പരമേശ്വരൻ**
വില : 260 രൂപ



പുതുലോക ശാസ്ത്രചിന്തകൾ
എഡി. **ടി കെ ദേവരാജൻ**
വില : 300 രൂപ



പശ്ചിമേഷ്യൻ യുദ്ധം:
ശാസ്ത്രവും അർഥശാസ്ത്രവും
**(ലഘുലേഖ)**
വില : 20 രൂപ



സമൃദ്ധി എല്ലാവർക്കും
**ശ്രീപദ് എ ദബോൽക്കർ**
പരിഭാഷ:
**ഡോ. എം പി പരമേശ്വരൻ**
വില : 180 രൂപ



വയോജനപരിപാലനം:
ശാസ്ത്രം, സമൂഹം
**ഡോ. കെ വിജയകുമാർ**
വില : 450 രൂപ



പ്രാദേശിക സർക്കാർ പുതിയ സാധ്യതകൾ
എഡി.
**ഡോ. ആർ അജയ്കുമാർ വർമ്മ, സന്തോഷ് ഏറത്ത്**
വില : 150 രൂപ



കേരളം:
സഹജീവനത്തിന്റെ രാഷ്ട്രീയം
**(ലഘുലേഖ)**
വില : 20 രൂപ

# നമ്മുടെ ഉന്നതവിദ്യാഭ്യാസം

## പ്രശ്നങ്ങളും പ്രതീക്ഷകളും

എഡിറ്റർ :

**ഡോ. സി പത്മനാഭൻ**



ലേഖകർ :

**ഡോ. ഇർഫാൻ ഹബീബ്**
**ഡോ. പ്രഭാത് പട്നായിക്**
**ഡോ. സതീഷ് ദേശ്പാണ്ഡെ**
**ഡോ. മീരാനന്ദ**
**ഡോ. ആർ രാംകുമാർ**
**ഡോ. അഭിക് ചിമ്നി**
**ഡോ. സുരജിത് മജുംദാർ**
**ഡോ. ധ്രുവ് റൈന**
**ഡോ. അനിതാരാംപാൽ**
**ഡോ. ജെ ദേവിക**
**ഡോ. കെ എൻ ഗണേശ്**
**ഡോ. എം എ ഖാദർ**
**ഡോ. എൻ കെ ജയകുമാർ**
**ഡോ. പി പവിത്രൻ**
**ഡോ. ഗോപിനാഥ് രവീന്ദ്രൻ**
**ഡോ. വിജയ് പ്രഷാദ്**
**ഡോ. എം വി നാരായണൻ**
**ഡോ. അജിത് പരമേശ്വരൻ**
**ഡോ. ബിനിത തമ്പി**
**ഡോ. എൻ രേണുക**
**ഡോ. എൻ വി വർഗീസ്**
**ഡോ. വിനോദ് ഭാസ്കർ**
**ഡോ. പി ദീപക്**
**ഡോ. എ എസ് സുമേഷ്**
**ഡോ. ടി പി ഹർഷൻ**
**ഡോ. ശ്രീജ എസ്**
**തുടങ്ങിയവർ.**

**ഡമ്മി 1/8 | 300 പേജുകൾ | മുഖവില : 400 രൂപ**
**പ്രീ–പബ്ലിക്കേഷൻ വില : 200 രൂപ**

**പ്രീ–പബ്ലിക്കേഷൻ**
**അവസാന തിയതി: 2026 ഏപ്രിൽ 30**
**പ്രസിദ്ധീകരണം: 2026 ജൂണിൽ**

ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തകർ മുഖേനയോ ജില്ലാ ഓഫീസ് മുഖേനയോ പണം അടയ്ക്കാം.

പണം അടയ്ക്കേണ്ട വിലാസം :
Account Name : Kerala Sasthra Sahithya Parishath
Bank : SBI, Thrissur Town Branch, A/c No : 10256537630
IFSC : SBIN0008679,
ഫോൺ : 9446382813, 0487 2381084
ഇ–മെയിൽ : publicationksspp@gmail.com

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

Printed & published by Manojkumar V on behalf on Kerala Sasthra Sahithya Parishad, Parisarakendram, Guruvayur Road, Thrissur-680 004, Ph: 9446382813, e mail : parishadvartha@gmail.com. Printed at: perfectpagemaker, Thrissur
Editor : Manojkumar V (for private circulation only)